UNIVERSITY
4 JUNE 1932

# ഗുരുനാഥൻ.

ലക്കം 11 } 1107 കുംഭം { ലക്കം 7

## സ്വാതന്ത്ര്യസമുദായത്തിനു വേണ്ട ഉചിതവിദ്യാഭ്യാസം.

ജീവരാശിയെ പല വർഗ്ഗങ്ങളായി തിരിച്ചിരിക്കുന്നു. പരിണാമഭേദത്തേയോ വിവർത്തനവൈശിഷ്ട്യത്തേയോ ആശ്രയിച്ച് ഒന്നു മറെറാന്നിനേക്കാൾ ഉൽകൃഷ്ടമെന്നു വ്യവഹരിച്ചുപോരുന്നുണ്ട്. പുല്ലും ഇല്ലിയും ഒരേ വർഗ്ഗമെങ്കിലും ഭിന്നപരിണാമമുള്ളവയെന്നു വ്യക്തമാണല്ലോ. കഷ്ടിച്ചു രണ്ടടി ഉയരത്തിൽ വളരുന്ന തുമ്പയും, തടിയും ശാഖയുമായി വളരുന്ന മന്ദാരവും ഒരിനത്തിൽ പെട്ടവ തന്നെയാണ്. വൃക്ഷലതാദിതൃണപര്യന്തം പരിശോധിക്കുന്നതായാലും കൃമികീടാദിമനുഷ്യപര്യന്തം ഗവേഷണം ചെയ്യുന്നതായാലും അവയിൽ ഒരു പരമാർത്ഥം തെളിഞ്ഞു കാണുന്നുണ്ട്. വർഗ്ഗവൈശിഷ്ട്യം എവിടെ ഉന്നതമായി കാണപ്പെടുന്നു അവിടെ ശൈശവകാലം ദീർഘമായിരിക്കും. ഇതു ജീവശാസ്ത്രത്തിന്റെ പരമസിദ്ധാന്തവുമാണ്. വിദ്യാഭ്യാസത്താൽ സാധിതമായ ഫലം അറിഞ്ഞോ അറിയാതെയോ പരിണാമസിദ്ധാന്തത്തെ വെളിപ്പെടുത്തുന്നുണ്ട്. ലോകം മുമ്പൊരിക്കലും ദർശിച്ചിട്ടില്ലാത്ത ഒരു പൗരമാതൃകയെ സൃഷ്ടിപ്പാൻ തക്കവണ്ണം വിദ്യാഭ്യാസപദ്ധതി പരിഷ്കരിപ്പാൻ ശ്രമിക്കുന്നുണ്ടെങ്കിലും ശാസ്ത്രവിദിതമായ ഈ പ്രാഥമികതത്വത്തെ അവഗണിപ്പാൻ പാടുള്ളതല്ല.

### 1. വളർച്ചയ്ക്കുള്ള കാലം.

ഒരു സ്വാതന്ത്ര്യസമുദായത്തിലെ പൗരപദപ്രാപ്തിക്ക് അവശ്യോപാധിയായ വിദ്യാഭ്യാസത്തിന്റെ പ്രധാനഅവയവം വളർച്ചക്കുള്ള കാലം (ശൈശവം) ആണ്. ഒരു വൃക്ഷത്തിന്റെ വളർച്ചയെ അവധാനതയോടെ, അല്ല ക്ഷമയോടെ നാം പ്രതീക്ഷിക്കുന്നുണ്ട്. മാവിന്റെ വളർച്ചയിൽ

അല്പം അസഹിഷ്ണുത പ്രദർശിപ്പിക്കുന്നതിന്റെ ഫലമായി ഒട്ടിക്കുന്ന സമ്പ്രദായമുണ്ടെങ്കിലും ചന്ദനമരത്തിന്റെ വളർച്ച ഒരു പുരുഷായുസ്സിനേയും അതിക്രമിക്കുന്നുണ്ട്. അങ്ങിനെയിരിക്കെ വില തീരാത്തതും പ്രകാശമാനവും ആയ ഒന്നിന്റെ—ഒരു മനുഷ്യജീവിയുടെ സത്വാഭിമാനത്തിന്റെ, അവന്റെ ശൈശവത്തിന്റെ–വളർച്ചയെ അക്ഷമയോടെ കാക്കുന്നതും അതിശീഘ്രം ധ്വംസിക്കുന്നതും പരിതാപകരമല്ലെ. അഞ്ചു വയസ്സു മുതൽ പതിനേഴ വയസ്സുവരെ പ്രാഥമികം, മിഡിൽസ്കൂൾ, സെക്കൻഡറി എന്നിങ്ങനെ മൂന്നു വകുപ്പുകളാക്കി വിദ്യാഭ്യാസപദ്ധതിയെ തരംതിരിച്ചിട്ടുണ്ട്. ഇതിനു പ്രാകൃതികമായ വിഭജനോപാധി ഒന്നുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല.

പന്ത്രണ്ടോ പതിമൂന്നോ വയസ്സുള്ള ഒരു ശിശുവിനു സെക്കണ്ടറി പാഠശാലയിൽ ചേർന്ന് ഉൽകൃഷ്ടവിഷയങ്ങളെ പഠിക്കുന്നതിനു ത്രാണിയുണ്ടാകുവാൻ അവർക്ക് ഒരു സ്റ്റാൻഡാർഡുണ്ടായിരിക്കണമെന്നും ഓരോ ക്ലാസിലും പൈശാചികപരീക്ഷണം ആവശ്യമാണെന്നും നിർബന്ധിച്ചിരിക്കുന്നതു്, രണ്ടു വിദ്യാർത്ഥികളിൽ കാണുന്ന അഭിവൃദ്ധിയുടെ തോതിൽ ഉള്ള വ്യത്യാസത്തോടു പരിതാപകരമായ അക്ഷമയെ അല്ലെ കാണിക്കുന്നതു്. വിദ്യാർത്ഥിയുടെ ജീവസ്ഫുരണശക്തി നിശ്ചേഷ്ടമായി മിഴിച്ചുനില്ക്കെയും ദൈവാധീനത്തെ ആശ്രയിച്ചു വിജയി ആകേണ്ട പരീക്ഷയ്ക്കു ചില നോട്ടുകൾ ഉരുവിടുകയും ചെയ്യുന്ന ജീവിതവിജയത്തിന് അത്യാവശ്യമായ ശിശുദശ (വളർച്ചയ്ക്കുള്ള കാലം) ഈ വിധത്തിൽ വ്യതിചലിപ്പിക്കുന്നതു്—നിരുപയോഗമായ പരീക്ഷാവിജയത്തിനു എന്നു പറയുന്നതു്—ഭാവിപൌരന്മാരുടെ തേജോവധം ചെയ്യാനുള്ള ഒരു ഉപായം മാത്രമാണ്.

ഇൻഡ്യ ബന്ധമോചനത്തിന് ഇച്ഛിച്ചുകൊണ്ടിരിക്കുന്നു. പരീക്ഷയെന്ന ഖഡ്ഗം പ്രയോഗിച്ച് നരഹത്യാപാപം, അഹിംസാവ്രതം അനുഷ്ഠിക്കുന്ന നവഭാരതം വരിക്കുമെന്നു തോന്നുന്നില്ല. 'മന്ദമായി വളരുന്ന മരം ബലിഷ്ഠമായിരിക്കു'മെന്നറിഞ്ഞിരിക്കുന്ന അദ്ധ്യാപകന്മാർ, പരീക്ഷയില്ലെന്നു വന്നാൽ ശിശുക്കളെ സ്വന്തകാലിന്മേൽ നിൽക്കാൻ പഠിപ്പിക്കാതിരിക്കയില്ല.

## 2. ഉത്തരവാദിത്വം.

ആവശ്യം നേരിടുന്ന കാലങ്ങളിൽ നായകന്മാർക്കുള്ള അഭ്യർത്ഥന ഇൻഡ്യയിൽ ഒരിക്കലും നിരസ്തമായിട്ടില്ല. ഏതു മാതിരി വിഷമങ്ങളെയും തരണം ചെയ്യാനും അപകടങ്ങളെ നേരിടുവാനും ഉത്തരവാദിത്വബോ

ധത്തോടെ ഭരണം നടത്തുന്നതിനും വലിയ പരിശീലനം കൂടാതെതന്നെ ഇവർ സമർത്ഥരാണ്. പക്ഷെ ശാന്തമായ അന്തരീക്ഷം സംപ്രാപ്തമായാൽ ഈ പ്രകമ്പനം അടങ്ങുകയും ചെയ്യും. നേതൃത്വം സ്വീകരിക്കാവുന്നവരും, നിയമാനുസരണബുദ്ധിയോടെ രക്ഷാഹസ്തം പ്രദാനം ചെയ്യുന്ന ഉത്തമ പൗരാവലിയും ഭാവിഭാരതത്തിന്റെ ആവശ്യങ്ങളിൽ പ്രഥമഗണനീയങ്ങളാണ്. അതുകൊണ്ട് സദ്ബുദ്ധിയും ഉത്തരവാദിത്വബോധവും വളരുന്ന ഒരു പരിസരം നമ്മുടെ പാഠശാലകൾ സൃഷ്ടിക്കണം.

ഗൃഹം പ്രദാനംചെയ്യുന്നതിന്റെ പ്രഥമഫലമെന്നതു പരമാർത്ഥം തന്നെ. രണ്ടോ മൂന്നോ വയസ്സു പ്രായമുള്ള ശിശുക്കൾ ദീർഘനേരം കൊണ്ടേ ഒരു കർമ്മം ചെയ്യുകയുള്ളു എങ്കിലും പ്രായമേറിയവർ ക്ഷമയോടെ അതിനെ കാത്തുനില്ക്കുമെങ്കിൽ അതു കുശലതയോടെ നടത്തപ്പെട്ടതായി നമുക്കനുഭവപ്പെടുന്നതാണ്. ഗൃഹങ്ങളിൽ സാദ്ധ്യമല്ലാത്തതു പാഠശാലകളിൽ എളുപ്പം നിർവഹിക്കപ്പെടുന്നു. അവിടെ പ്രായമേറിയവരുടെ മദ്ധ്യത്തിലല്ലാതെ ശിശുവിന്റെ പ്രവൃത്തിരംഗം. ആധുനികവിദ്യാഭ്യാസത്തിന്റെ ജീവൻ സ്വയംഭരണമാണ്. ശ്രമവിമുഖരായ ചിലർ ഈ തത്വത്തെ ആശങ്കയോടെ വീക്ഷിക്കാറുണ്ട്. സ്വയംഭരണത്തെ ഒരു വിശാലതോതിൽ പാഠശാലകളിൽ അനുവദിച്ചില്ലെങ്കിൽ ഉത്തരവാദിത്വബോധം പൗരസഞ്ചയത്തിൽ ഒരിക്കലും ഉണ്ടാകുന്നതല്ല. ഏഴു വയസ്സു പ്രായമുള്ള കുട്ടികൾ തങ്ങളുടെ ആവശ്യങ്ങളേയും, സാധനസംരക്ഷണത്തേയും നിർവഹിയ്ക്കുന്നതായി പല അനുഭവങ്ങളുമുണ്ട്. ശാന്തിനികേതനത്തിൽ ഈ പ്രായമില്ലാത്തവർ കൂടി ഓരോ സമിതിയായി ചേർന്നു ഭരണം നടത്തിപ്പോരുന്നു. സ്ഖലിതങ്ങളും പരാജയങ്ങളും ഉണ്ടാകുമെന്നു തന്നെ അദ്ധ്യാപകന്മാർ കരുതിക്കൊള്ളുന്നു. സമുദായസേവനം ചെയ്യാൻ ഓരോ വ്യക്തിക്കും സിദ്ധിക്കുന്ന ജ്ഞാനം സദാ വിദ്യാർത്ഥികളിൽ വളർന്നുവരുന്നതായി അനുഭവപ്പെടുന്നതാണ്. ഓരോ ക്ലാസിനും ഒരു കൗൺസിലും പാഠശാലയ്ക്കു പൊതുവെ ഒരു കൗൺസിലും ഏർപ്പെടുത്തണം. അതിനു വേണ്ട അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്. ആദ്യകാലങ്ങളിൽ അദ്ധ്യാപകന്മാർ കൗൺസിലിൽ ഹാജരാകാതിരിക്കുന്നതു് ഉത്തമമായിരിക്കും. എങ്കിലും അതിനു വേണ്ട പടങ്ങുകൾ അവരെപ്പറഞ്ഞു മനസ്സിലാക്കുകയും അവരുടെ റിപ്പോർട്ടുകൾ പരിശോധിക്കയും ചെയ്യേണ്ടതാണ്. ശിശുഭരണം കർക്കശമായ വിനയനം കൊണ്ടായിക്കാവുന്നതിനാൽ ചിലപ്പോൾ അതിനെ ഭേദപ്പെടുത്തുവാനുള്ള അധികാരം അദ്ധ്യാപകന്മാർക്കുണ്ടായിരിക്കണം.

ഈ സമ്പ്രദായത്തെ ഗുണഭൂയിഷ്ഠമാക്കുന്നതിനു അദ്ധ്യാപകന്മാർ

നാലു സംഗതി ശ്രദ്ധിക്കേണ്ടതുണ്ട്:

1. വിദ്യാർത്ഥികൾ നിഷ്കളങ്കഹൃദയത്തോടെ ചെയ്യുന്ന ശുദ്ധകർമ്മങ്ങളെ കുറിച്ച് അഭേദ്യമായ വിശ്വാസം.
2. പിൻഭാഗത്തുനിന്ന് ഉചിതസഹായം ചെയ്യാൻ സദാ സന്നദ്ധത.
3. പരാജയത്തിൽ അക്ഷോഭ്യത.
4. ശത്രുക്കളെന്നു വിചാരിച്ച് അവരെ അവഗണിക്കാതെ അഭിമാനസംരക്ഷണം

കുട്ടികൾ ക്രമഭംഗം കാണിക്കുന്നുണ്ടെങ്കിലും അതിൽനിന്നു ശാന്തമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതും സ്വാർത്ഥമായ കർമ്മങ്ങളാണു ചെയ്യുന്നതെങ്കിലും സമുദായസേവനതല്പരത സമുദയം ചെയ്യുന്നതും കൗതുകാവഹം തന്നെയല്ലെ. അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും ചിലപ്പോൾ പല വിഷമങ്ങളും നേരിട്ടേക്കാം. സ്വാതന്ത്ര്യം നിമിത്തം നേരിടാവുന്ന വിഷമങ്ങൾക്കു സ്വാതന്ത്ര്യം തന്നെയാണു വരൗഷധമെന്നു വിസ്മരിക്കരുത്.

### 3. സ്വാതന്ത്ര്യം.

സ്വാതന്ത്ര്യവും ഉത്തരവാദിത്വബോധവും അഭിന്നങ്ങളായ രണ്ടു ഗുണങ്ങളാണ്. ഒരു രാജ്യം സ്വാതന്ത്ര്യത്തിൽ ക്ഷീണസത്വമായി കാണുന്നു എങ്കിൽ അവിടെയുള്ള പാഠശാലകളിൽ വിപ്ലവകാരികളായ വിദ്യാർത്ഥികളെ അദ്ധ്യാപകന്മാർ സൃഷ്ടിക്കേണ്ടതാണ്. അങ്ങിനെ ചെയ്യുങ്കിൽ മാത്രമെ അവിടെ ഉത്തമപൗരന്മാർ ഉണ്ടാകയുള്ളു.

പാഠശാലകളിൽ അഭിപ്രായപ്രദർശനത്തിനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കുണ്ടായിരിക്കണം. ചരിത്രം, സാഹിത്യം, ശാസ്ത്രം എന്നു വേണ്ട മറെറല്ലാ വിഷയങ്ങളേയും അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും ചേർന്നു വാദപ്രതിവാദം നടത്തണം. വിദ്യാർത്ഥികൾ ഉപദേശസാരംകൊണ്ടു ബുദ്ധിയെ ഭാരപ്പെടുത്തരുത്. അവർ ചിന്താശീലരാവുകയാണു ആവശ്യം.

സംഭാഷണസ്വാതന്ത്ര്യം വിദ്യാർത്ഥികൾക്കുണ്ടായിരിക്കണം. പക്ഷെ ചിലപ്പോൾ മര്യാദാഹീനവും ക്രൂരവുമായ സംഭാഷണം അദ്ധ്യാപകൻ സഹിക്കേണ്ടിവരും. മര്യാദയും വിനയവും സ്വകർമ്മങ്ങളിൽ കാണിച്ചു പരിചയിപ്പിച്ചാൽ വിദ്യാർത്ഥികളും അനുകരിച്ച് ഉത്തമമാതൃകകളായിത്തീരുന്നതാണ്. വേലയ്ക്കു മാത്രമുള്ള കൈകളൊ, കൂലിയ്ക്കു വേണ്ട അടിമകളൊ, ഇണങ്ങിയ യന്ത്രപാവകളൊ, ദുഷ്ടഭൂതദേവതയുടെ വൈ

താളികന്മാരൊ ഒരു സ്വാതന്ത്ര്യക്ഷേത്രത്തിൽ ആവശ്യമില്ല. ശിശുക്കളെ ബന്ധിച്ചിരിക്കുന്ന ശൃംഖലകളെ ഭഞ്ജിക്കണം. പരിപൂർണ്ണസ്വാതന്ത്ര്യം മാത്രമാണു മനുഷ്യത്വം ഐശ്വരമായി പരിണമിപ്പിക്കുന്നതു്. മൃഗീയശക്തി നീതിയേയൊ സമാധാനത്തെയൊ സാഹോദര്യത്തേയൊ സൃഷ്ടിക്കുന്നതല്ലെന്നും ന്യായാധികാരത്തെ സാദരം ബഹുമാനിക്കണമെന്നും കുട്ടികൾ അനുഭവംകൊണ്ടു പഠിക്കട്ടെ. ആത്മാഭിമാനം വേണമെന്നുള്ളവൻ മറെറാരുവൻെറ അഭിമാനഭംഗം ചെയ്യുകയില്ല. ഇങ്ങിനെയുള്ള ഗുണങ്ങളിണങ്ങിയ ശിശുക്കളെത്രെ ഭാവിയെ ശുഭപരിണാമിയാക്കുന്നതു്.

# വിഹായസ വിഹാരം.

## പതിനഞ്ചാം അദ്ധ്യായം

(എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.)

പരന്ന കായലുകളിൽ കൂടി വഞ്ചിയിൽ സഞ്ചരിക്കുമ്പോൾ കാറും, പിശറും, കോളും, മാരിയും, ഇടിയും, മിന്നലും കൊണ്ടു നാരായണനാമം ജപിക്കാത്തവർ, മോട്ടാറുകളുടെ വരവുവരെ നമ്മുടെ നാട്ടിൽ വളരെ ചുരുക്കമായിരുന്നു. വലിയ ആവിബ്ബോട്ടുകൾപോലും കോളിലകപ്പെട്ടു നട്ടംതിരിഞ്ഞുപോകാറുണ്ടു്. കായലുകളിലുള്ള അവസ്ഥ ഈ വിധമായിരിക്കുമ്പോൾ മഹാസമുദ്രങ്ങളിൽ കൂടിയുള്ള സഞ്ചാരത്തിൻെറ കഥ എന്തു പറയാം.? ഊക്കൻ തീക്കപ്പലുകളെപ്പോലും പഞ്ഞിപോലെ പന്താടിപ്പറപ്പിക്കുന്ന മഹാവാത്യകൾ അവിടെയുണ്ടു്. ആകാശവിമാനങ്ങൾ വാതൂലവിഢാങ്ങളായി എത്രയെണ്ണം നശിച്ചു കഴിഞ്ഞിരിക്കുന്നു! ഈ മഹാവാത്യകളുടെ ഉത്ഭവത്തേയും സ്വഭാവത്തേയും കുറിച്ച് ഈ അദ്ധ്യായത്തിൽ കുറഞ്ഞൊന്നു വിവരിക്കാം. പ്രകൃതിയുടെ ഈ ഘോരരൂപങ്ങളെത്തന്നെയാണ് വേദമന്ത്രങ്ങളിൽ രുദ്രദേവന്മാരാക്കി സ്തുതിച്ചിരിക്കുന്നതു്. ഈ മഹാവാതങ്ങൾ അന്നുണ്ടായിരുന്നവരെ ഭീതരാക്കി സ്തോത്രമന്ത്രങ്ങളെ ഉച്ചരിപ്പിച്ചു. ഇന്നുള്ളവരാകട്ടെ, അവയുടെ കാര്യകാരണങ്ങളെ ചർച്ചചെയ്തു മനസ്സിലാക്കുന്നു. എങ്കിലും അവയുടെ ഭയാനകത്വത്തിന് അന്നും ഇന്നും ഒരു ഭേദവുമില്ല.

അന്തരിക്ഷത്തിൻെറ ഈ ഘോരഘോഷങ്ങൾ പലതുമുണ്ട്. കൊടുങ്കാററ്, ചുഴലിക്കാററ്, മഴക്കാററ്, പേക്കാററ് എന്നിങ്ങനെ നമുക്കു സുപരിചിതങ്ങളായ രൂപങ്ങളെ തുടരങ്ങളാക്കത്തക്ക അശനിവാതം (Thunder storm), ചക്രവാതം (Whirl wind), ഘൂർണ്ണവാതം അല്ലെങ്കിൽ ഝംഝാമാരുതൻ (Tornads), തൂഫാൻ (Cyolone) വാതം എന്നിങ്ങനെയുള്ള മഹാഭയങ്കരങ്ങളും നാശകരങ്ങളുമായ രൂപങ്ങൾ പല നാടുകളിലും പ്രത്യക്ഷീഭവിയ്ക്കുന്നു. ഇവയിലേയ്ക്കു് ഏററവും ഭയാനകമായിട്ടുള്ളതു തൂഫാൻ വാതമാകുന്നു.

അന്തരിക്ഷത്തിൻെറ സമ്മർദ്ദം (Atmospheric pressure) പെട്ടെന്നു ഭിന്നിക്കുന്നതു നിമിത്തമുണ്ടാകുന്നവയാണ് മഹാവാതങ്ങളെല്ലാം. ഈ സമ്മർദ്ദത്തെക്കുറിച്ചു മുമ്പിൽ ഒരു അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ ഓർമ്മിക്കണം. പൊക്കത്തിൻെറ ഏററക്കുറവുകൊണ്ടു മാത്രമല്ല സമ്മർദ്ദത്തിൻെറ വ്യത്യാസമുണ്ടാകുന്നതു്; ഒരേ നിരപ്പിൽ തന്നെ ദേശകാലഭേദമനുസരിച്ചു ഭിന്നമാകുന്നുണ്ട്. പ്രധാനമായി സമ്മർദ്ദഭേദത്തിനു രണ്ടു കാരണം പറയാം. (1) വായുവിൻെറ ചൂട് (Temperaturé), (2) അതിലുള്ള നീരാവിയുടെ കൂടുതൽകുറവ്. ഭാരമാനക്കുഴൽ (Barometer) താഴുന്തോറും പനിക്കുഴൽ (Thermometer) പൊങ്ങുന്നു. അതു് മററൊന്നുകൊണ്ടുമല്ല, പനിക്കുഴൽ ഏററത്തക്കവണ്ണം ചൂടുണ്ടാകുമ്പോൾ വായു പ്രസരിച്ചു (Expands) ചുററും പരക്കുന്നതുകൊണ്ടു നേർത്തു് സമ്മർദ്ദം കുറഞ്ഞു ഭാരമാനക്കുഴലിൽ ഡിഗ്രി താഴുന്നു; നേരെ മറിച്ചു് വായു തണുത്തു പനിക്കുഴൽ താഴുമ്പോൾ സമ്മർദ്ദം കൂടി ഭാരമാനക്കുഴൽ പൊങ്ങുന്നു. ഭാരമാനക്കുഴലിൽ ഏററം വരുമ്പോൾ വായുവിൻെറ ഗതി കീഴോട്ടടിഞ്ഞും, പനിക്കുഴലിൻെറ ഏററം കാണുമ്പോൾ വായുചലനം മേലോട്ടു പരന്നുമാണെന്നു ധരിക്കണം. അടിയുന്തോറും ഏതു സാധനത്തിനും ഭാരക്കൂടുതലും പരക്കുന്തോറും നേർമ്മയും ലാഘവവുമുണ്ടാകുമെന്നു് അനുഭവസിദ്ധമാണല്ലോ. ഭൂമദ്ധ്യരേഖാപ്രദേശങ്ങളിൽ സൂര്യോഷ്ണം ഏററമുള്ളതുകൊണ്ട് അവിടെയുള്ള വായുവിന് സമ്മർദ്ദക്കുറവും ധ്രുവങ്ങളോടടുക്കുന്തോറും കൂടുതലുമാകണമെന്നാണല്ലോ അപ്പോൾ വിചാരിക്കേണ്ടതു്. ഭൂമിക്കു ഗോളാകൃതിയാകകൊണ്ടു് അങ്ങിനെ വരുന്നില്ല. തന്നിമിത്തം മദ്ധ്യരേഖാപ്രദേശങ്ങളിൽ നിന്നു ധ്രുവങ്ങളിലേക്ക് അടിക്കുന്ന വായുവിനു കടക്കാനുള്ള മാർഗ്ഗം ഇടുങ്ങിച്ചുരുങ്ങി വരുന്നു. അതിനാൽ വായുവിനു പരക്കാനുള്ള സ്ഥലമില്ലാതാകുന്നു. അപ്പോൾ വായുവിനുള്ള ഗതി കീഴടിയുന്നു. ഏകദേശം അക്ഷാംശം (Latitude) 30° ഡിഗ്രിയോട് അടങ്ങുമ്പോൾ തറയ്ക്കു തൊട്ടു തന്നെ വായു സഞ്ചരിക്കുന്നു. അതുകൊണ്ടു് ഈ പ്രദേശത്താണു വായുസ-

മർദ്ദം കൂടുതലുള്ളതു്. മദ്ധ്യരേഖയ്ക്കു തെക്കും വടക്കും ഇങ്ങനെ സമ്മർദ്ദമേറിയ പ്രദേശമുണ്ടു്.

ചലിക്കുന്ന വായുവിനല്ലെ കാററെന്നു നാം പറയാറുള്ളതു്. ഈ ചലനത്തിനു കാരണം ശീതോഷ്ണാവസ്ഥയുടേയും സമ്മർദ്ദത്തിൻെറയും ആവിയുടേയും കൂടുതൽകുറവുകൊണ്ടാകുന്നു. നീരാവി ചേൎന്ന വായുവിനു ഘനക്കുറവും സമ്മർദ്ദക്കുറവുമുണ്ടെന്നു നാം അറിഞ്ഞിട്ടുള്ള സംഗതിയാണല്ലൊ. സമ്മർദ്ദക്കുറവുള്ള സ്ഥലത്തേയ്ക്കു് അതു കൂടുതലുള്ള ദിക്കിൽനിന്നു വായു ചലിയ്ക്കുമെന്നും നാം കണ്ടുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടല്ലേ കടൽകാററും കരക്കാററും വൺനിഗപാതങ്ങളും മാറുമുണ്ടാകുന്നതു്. മഹാവാതൃകളും അപ്രകാരം തന്നെയാണു ഉത്ഭവിക്കുന്നതു്. മാതിരിയ്ക്കു വ്യത്യാസമുണ്ടു്.

ഭയങ്കരങ്ങളായ വാതൂലങ്ങളിൽ വച്ചു് ഏററവും ശക്തിയും വ്യാപ്തിയുമേറുന്നതു തുഫ്പാൻവാത(Cyclone)ത്തിനു തന്നെയാകുന്നു. അതിൻെറ വ്യാപനപരിധി ഇരുപതുമുതൽ മൂവായിരം നാഴികവരെ വ്യാസമുള്ള ഒരു മഹാവലയമാകുന്നു എന്നു പറയുമ്പോൾ അതിൻെറ മഹത്വം ഏതാണ്ടു മനസ്സിലാക്കാം. തുഫ്പാൻവാതത്തെ അപേക്ഷിച്ചു മററുള്ള മഹാവാതൃകൾ ആനയും കുഴിയാനയും പോലെ തോന്നിപ്പോകും. ചക്രവാതങ്ങളുടെ ഇനത്തിൽ ഉൾപ്പെട്ടതാണു് തുഫ്പാനും. കാററു ചുഴലിയായി അടിക്കവേ, നടുക്കുള്ള ജനസമ്മർദ്ദകേന്ദ്രത്തിലേക്കു പായുന്ന വാതത്തിനാണു് തുഫ്പാൻ (Cyclone) എന്ന സംജ്ഞ ശാസ്ത്രജ്ഞന്മാർ നൽകുന്നതു്. സമ്മർദ്ദം ഏററമുള്ള കേന്ദ്രത്തിൽ നിന്നു വെളിയിലേയ്ക്കു പായുന്ന വായുസംഹതിയ്ക്കു പ്രതിവിവൎത്തവാതം അല്ലെങ്കിൽ മലരിവാതം (Anti-cyclone) എന്നുള്ള പേരും അവർ കല്പിച്ചിരിക്കുന്നു.

തുഫ്പാൻ എന്നതു് ഒരു വായുമഹാചക്രമാണു്. മേൽക്കീഴായി ചുഴിഞ്ഞതാണു് അതിൻെറ ഗതി. ആ ചക്രത്തിൻെറ പുറഞ്ചുററിനുള്ള വലിപ്പം മുമ്പിൽ പറഞ്ഞുവല്ലൊ. പുറഞ്ചുററിലുള്ള വായുവിനുള്ളതിൽ അഞ്ചിലൊരു ഭാഗം സമ്മർദ്ദം മാത്രമെ ചുഴിയുടെ കേന്ദ്രത്തിലുള്ളതിനു സമ്മർദ്ദം കാണുകയുള്ളു. ആ വാതമഹാചക്രം ചുഴന്നതു വടക്കെ ഗോളാൎദ്ധത്തിൽ (Northern hemis phere) നാഴികമണിയുടെ സൂചി പോകുന്നതിനു വിപരീതമായ വാക്കിലാകുന്നു. ഈ മഹാവാതചക്രത്തിൻെറ ഗതി അറിയുന്നതിനു് ഒരു കേമനായ ശാസ്ത്രജ്ഞൻ (Dr. Buys Ballon) കപ്പൽക്കാൎക്കു ഉപദേശിച്ചുകൊടുത്തതു് ഇപ്രകാരമായിരുന്നത്രെ. "കാററിനു നേരെ പുറംതിരിഞ്ഞു രണ്ടു കയ്യും ഇരുപുറവും നീട്ടിപ്പിടിച്ചു നില്ക്കു; വടക്കെ ഗോളാൎദ്ധത്തിൽ തുഫ്പാൻവാതചക്രത്തിൻെറ കേന്ദ്രം നിങ്ങളുടെ ഇടതുകൈ വാക്കായിരിയ്ക്കും; തെക്കേ ഗോളാൎദ്ധത്തിൽ വലതു കൈ വാക്കും."

ഇതിൽ ഒരു സംഗതി വിസ്മരിച്ചുപോയി. കാററിന്റെ സഞ്ചാരം വടിപോലെ നേരെയല്ല; വളഞ്ഞാണെന്നു് ഏഴാംഅദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളതു വായനക്കാർ ഓർമ്മിക്കുമല്ലോ. വാതകേന്ദ്രം ഭൂമദ്ധ്യരേഖയിൽ നിന്നു അകലുന്തോറും കാററിന്റെ ചായ് വ് അധികമാകുന്നു. അതുപോരാ; തുപ്പാൻ വാതകേന്ദ്രത്തിൽ നിന്നുള്ള അകലവും ഈ വളവിനെ വർദ്ധിപ്പിക്കുന്നു; സമുദ്രത്തിലുള്ളതിനേക്കാൾ കൂടുതലാണു സ്ഥലഭാഗത്തു്. അതുകൊണ്ടു് ഭൂമദ്ധ്യരേഖയ്ക്കു സമീപം തുപ്പാൻവാതത്തിന്റെ ഗതി ഇടതുകൈ വാക്കിനാണെന്നു വിശ്വസിക്കുന്ന നാവികനു് അബദ്ധം പിണയും. വാതകേന്ദ്രം ഇടതുവാക്കിനു പകരം മൂക്കിനു നേരെ ആയിരിക്കും. തുപ്പാൻവാതചക്രത്തിന്റെ കേന്ദ്രത്തിലകപ്പെടാതിരിക്കാൻ (1) കാററിനു മുന്നായി ഓടിച്ചുകൂടെന്നും (2) വടക്കെ ഗോളാർദ്ധത്തിൽ കപ്പലിന്റെ അമരത്തുനിന്നു് അണിയത്തേയ്ക്കു നോക്കി നിന്നാൽ വലതുഭാഗത്തായും (Star board) തെക്കെ ഗോളാർദ്ധത്തിൽ നേരെ മറിച്ചു തുറമുഖവാക്കായും (Port-side) ഒതുങ്ങിക്കൊണ്ടാൽ, മഹാവാതചക്രച്ചുഴലിയിൽ അകപ്പെടുകയില്ലെന്നുമാകുന്നു സിദ്ധാന്തം.

ഈ ഉഷ്ണവാത്യ ഉഷ്ണമേഖലയിൽ (Torrid Torne) ധാരാളമുണ്ടാകാറുണ്ടു്. വടക്കൻ അതലാന്തികമഹാർണ്ണവത്തിന്റെ പടിഞ്ഞാറൻഭാഗത്തും ശാന്തമഹാർണ്ണവത്തിന്റെ തെക്കും വടക്കും ഭാഗത്തും ഭാരതമഹാർണ്ണവത്തിന്റെ തെക്കുഭാഗത്തും തുപ്പാൻവാത്യയുണ്ടാകാറുണ്ടു്. ബങ്കാൾ ഉൾക്കടലിലും ചീനസമുദ്രത്തിലുമുണ്ടാകുന്ന മഹാവാത്യകൾക്കു 'തൈഫൂൺ' (Tai-funs) എന്നു പേർ പറഞ്ഞുവരുന്നതിൽ നിന്നായിരിക്കണം തുപ്പാൻ എന്നുള്ള സംജ്ഞയുണ്ടായതു്. സപ്തംബർ അക്ടോബർ (കന്നി തുലാം) മാസങ്ങളിൽ ഉത്തരഗോളാർദ്ധത്തിലും, ഫെബ്രുവരി മാർച്ച് (കുംഭം മീനം) മാസങ്ങളിൽ ദക്ഷിണഗോളാർദ്ധത്തിലും തുപ്പാൻ ഉണ്ടാകാം. നിർവാതസ്ഥാനങ്ങൾ (Doldrums) വടക്കും തെക്കും പററുന്ന കാലങ്ങളാണിതെന്നു ധരിരിക്കണം.

തുപ്പാൻമഹാവാത്യയുണ്ടാകുന്നതിനു മുമ്പിൽ അന്തരിക്ഷം ശാന്തവും നീരാവി നിറഞ്ഞുമിരിയ്ക്കും. ഇങ്ങനെ സ്തംഭിച്ചിരിക്കുമ്പോൾ ഇരുണ്ട കാർമേഘപടലങ്ങൾ പ്രത്യക്ഷീഭവിക്കുന്നു. അചിരേണ ഇടിയും മിന്നലും മഹാമാരിയും ചൊരിഞ്ഞുതുടങ്ങുന്നു. അതുകൊണ്ടു് നീരാവി നിറഞ്ഞ വായു പെട്ടെന്നു മേലോട്ടുയരുമ്പോൾ മേൽനിന്നും ഘനത്ത വായു ഉള്ളിലോട്ടു കടന്നു കൂടുന്നതിനാലുണ്ടാകുന്നതാണു് തുപ്പാൻ എന്നു പലരും ശങ്കിക്കുന്നുണ്ടു്. സത്യത്തിൽ, അഞ്ചാംഅദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളപോലെ ചുഴലുന്ന മേശപ്പുറത്തു കറങ്ങുന്ന ഗോലിക്കൊപ്പം ചുററുന്നതാണു് ഈ മഹാവാത്യ. ഒരു വലിയ വൃത്തത്തിലുള്ള വായു ചുഴിഞ്ഞു കേന്ദ്രത്തിലേക്കു

പായുമ്പോൾ, അതിനു പുറമെയുള്ള വായുവിന്റെ ഗതി വിപരീതമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ഇങ്ങനെ വിപരീതഗതിയോടുകൂടിയ വായുവിനാണ് മലരിവാതം (Anti cyclone) എന്നു പറയാറുള്ളതും. ഈ സംഗതി എളുപ്പത്തിൽ വിശദമാക്കാം. പുഴകളിൽ മലവെള്ളമിറങ്ങുമ്പോൾ ചുഴലികളുണ്ടാകുന്നതു നിങ്ങൾ കണ്ടിട്ടുണ്ടാവണം. ഒഴുക്കിന്റെ തള്ളലിനു പ്രതിബന്ധമായ വല്ല മരമൊ പാറയൊ നില്ക്കുമ്പോഴാണ് വെള്ളം ചുഴിയുന്നതു്. ചുഴലിയിലെ വെള്ളത്തിന്റെ ഗതി ആററിന്റെ ഒഴുക്കിനു എതിരായിട്ടല്ലെ കാണുന്നതു്.? അതുപോലെതന്നെയാണു വായുമണ്ഡലത്തിലും. തുപ്പാൻ വാതച്ചുഴലിയുടെ ഗതിയ്ക്കു വിപരീതമായിട്ടാണ് ബഹിവ്വർത്തിയായ മലരിവാതത്തിന്റെ ഗതി.

തുപ്പാൻമഹാവാത്യയുടെ ശക്തി എത്രമാത്രമുണ്ടെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അനുഭവിച്ചവക്കു മാത്രമെ അറിഞ്ഞുകൂടു. ക്യൂബാ എന്ന ദ്വീപിൽ ഉണ്ടായ തുപ്പാൻ മൂന്നു ദിവസംകൊണ്ടു നാല്പത്തിഏഴുകോടി മുപ്പതുലക്ഷം (47,30,00,000) കുതിരശക്തി (Horse power) വെളിവാക്കിയത്രെ. ഒരു കുതിരശക്തി എന്നുവച്ചാൽ 33000 റാത്തൽ ഭാരം ഒരു മിനിട്ടുകൊണ്ടു് ഒരടി പൊക്കാനുള്ള ശക്തിയാകുന്നു. ശക്തിയെ കണക്കാക്കുന്നതിനു പാശ്ചാത്യശാസ്ത്രജ്ഞന്മാർ വച്ചിരിക്കുന്ന തോതാണ് കുതിരശക്തി. ഈ കണക്കിനു ക്യൂബയിലുണ്ടായ തുപ്പാന്റെ ശക്തി എന്തായിരിക്കണമെന്നു് ഊഹിച്ചുകൊൾക. നൂറു മൈൽ വ്യാസവും ഒരു മൈൽ പൊക്കവുമുള്ള തുപ്പാൻവാതത്തിന്റെ ഘനം, ആറായിരം ടൺ തൂക്കം വീതമുള്ള അഞ്ചുലക്ഷം കപ്പലുകളുടേതിനൊത്തിരിക്കുമെന്ന് മററൊരു വിദ്വാൻ കണക്കെടുത്തിരിക്കുന്നു. കപ്പലിന്റെ ഒരു ടൺ എന്നു പറയുന്നതു് നാല്പതു ഘന[Cubic]അടിയാകുന്നു. ഇത്രയും ഭാരമേറിയ വായുപിണ്ഡം മണിക്കൂർ ഒന്നിനു നാല്പതു മൈൽ വീതമുള്ള വേഗത്തിൽ ചലിക്കണമെങ്കിൽ തുപ്പാന് എന്തു ശക്തി ഉണ്ടായിരിക്കുമെന്നു ഗണിച്ചുകൊൾക.

ഈ മഹാവാത്യ എത്രമാത്രം ഭയങ്കരവും നാശകരവുമാണെന്ന്, ബങ്കാളത്തു 1876-ാമാണ്ടു നവംബർ 1-ാംനു- ഉണ്ടായതു് അനുഭവിച്ച ഒരാൾ എഴുതിയിരിക്കുന്നതു വായിച്ചാൽ അറിയാം. അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു:— കുറെ ദിവസം മുമ്പുതന്നെ അസാധാരണയായ ഒരു നിശ്ചലത അന്തരിക്ഷത്തിനുണ്ടായിരുന്നു. മൂടലടിഞ്ഞിരുന്നു ആകാശം. വല്ലാതെ ശ്വാസം മുട്ടിക്കുംപോലുള്ള ഒരു ആവിയോടു ചേർന്ന ചൂട് അസഹ്യമായിരുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ ഇരുണ്ടു വിളത്തിരുന്നു. എന്തോ ഒരു മഹോല്പാതമുണ്ടാകുമെന്ന് ആക്കും ഭയം തോന്നിയിരുന്നു. അങ്ങനെയിരിക്കവേ തുടങ്ങി മഴ. പ്രളയവഷം തന്നെ. രാത്രിയിരുണ്ടതോടുകൂടി

കാററുമിളകി വീടിൻെറ ജനലും വാതിലുമെല്ലാം പൊളിഞ്ഞുപോകാതിരിക്കാൻ ഉള്ള ദേമശകളും സാമാനങ്ങളുമെല്ലാം എടുത്തു് അട കൊട്ടക്കേണ്ടിവന്നു. മിന്നലോ ഇടവിടാതെ കണ്ണിൽ തറയ്ക്കുന്നു; ഇടിവെട്ടി കാതു പൊട്ടി. യമകിങ്കരന്മാരെപ്പോലെ നാലുപാട്ടും കൊടുങ്കാററു അലറി. എന്തിനേറെ? പഞ്ചഭൂതങ്ങളുമൊന്നിച്ചു പേപിടിച്ചു് ഇളകി മറിയുന്നതുപോലെ തോന്നിപ്പോയി. ഭയങ്കരശബ്ദങ്ങളും, കണ്ണിൽ കുത്തിയാലറിയാത്ത ഇരുളും, വാതിലുകളുടെ സുഷിരങ്ങളിൽക്കൂടി കയറുന്ന കൊടുങ്കാററിൻെറ കുഴലൂത്തുമെല്ലാം കൂടി ഭയാനകമായിത്തീൎന്ന ആ കാളരാത്രി കഴിഞ്ഞു പിറേറന്നു പുറത്തിറങ്ങി നോക്കിയപ്പോൾ ഭിത്തികളില്ലുണ്ടായിരുന്ന കുമ്മായം ആസകലം അടന്നു പറമ്പിലെല്ലാം പറന്നുകിടക്കുന്നതു കാണായി. അവ്വ! ഇത്രമാത്രമെ പററിയുള്ളല്ലൊ എന്നു സമാധാനമാണപ്പോൾ ഉണ്ടായതു്. എന്തെന്നാൽ ബങ്കാൾ ഉൾക്കടലിലെ തിര പൊങ്ങി താണ തറകളിൽ പാൎത്തിരുന്ന ലക്ഷം ജനങ്ങൾ വീടോടെ നശിച്ചുപോയതായി കേൾക്കാനിടയായി. കഷ്ടം! കഷ്ടം!

ഉഷ്ണമേഖലയിലല്ല അതിനപ്പുറമാണു തൂഫ്പാൻ ധാരാളമുണ്ടാകുന്നതു്. അക്ഷാംശം 35° ഡിഗ്രിക്കു തെക്കും വടക്കും വായുസമ്മൎദ്ദക്കുറവുള്ള ഭാഗങ്ങളിൽ എന്നും ഒരുവക ചെറുതരം തൂഫ്പാൻ സഞ്ചരിക്കുന്നു. അതുപോലെ ധ്രുവദേശങ്ങൾക്കു ചുററുമുണ്ടാകാറുണ്ടു്. സമ്മൎദ്ദം അധികമുള്ള ദിക്കിൽനിന്നു കറവുള്ളിടത്തേയ്ക്കു കാററടിച്ചു് തൂഫ്പാനു ശക്തിയേററുന്നതു സാധാരണയാണു്. തൂഫ്പാൻചുഴിയുടെ കേന്ദ്രത്തിൽനിന്നു മേലോട്ടു പൊങ്ങുന്ന വാതം ഈററനായിരിക്കകൊണ്ടു മേഘവും മഴയുമുണ്ടാകുമെങ്കിലും, മലരിവാതം വീശുന്നിടത്തു നല്ല തെളിവായിരിയ്ക്കും. കാററിനു ശക്തിയേറുന്തോറും അതു് ചുഴിഞ്ഞു കേന്ദ്രത്തിലെത്തുന്നു. അപ്പോൾ അതിൻെറ ശക്തി നിലയ്ക്കുന്നു. അതിനാൽ കാറും കോളും മാറി ആകാശം തെളിയുന്നു. ഇപ്രകാരം തൂഫ്പാൻ അടിക്കുന്ന പരിധിയ്ക്കു മദ്ധ്യത്തിൽ കുറെ ദൂരം ശാന്തമായി കാണാം. ഈ സ്ഥലത്തിനു 'തൂഫ്പാൻെറ കണ്ണു്' (Eye of the storm) എന്നാണു വെള്ളക്കാർ പറയാറുള്ളതു്. കേന്ദ്രത്തിനു പുറമെ അടിക്കുന്ന കാററിനു പകരം മേൽനിന്നു പുതുശുദ്ധവായു വന്നു സ്ഥാനംപിടിക്കുന്നതുകൊണ്ടാണു് ആകാശത്തിനു തെളിവു കിട്ടുന്നതു്.

ഉഷ്ണമേഖലയിൽ ഋതുക്കൾ (Weather) നിൎണ്ണീതങ്ങളാകുന്നതു സൂൎയ്യൻെറ ദൈനന്ദിനവും അയനഭേദമനുസരിച്ചുമുള്ള ചലനം കൊണ്ടാകുന്നു. ചിലപ്പോൾ മാത്രമെ തൂഫ്പാൻെറ സഞ്ചാരംകൊണ്ടു ഭേദിക്കുന്നുള്ളൂ. അങ്ങനെയല്ല, 35° ഡിഗ്രി അക്ഷാംശത്തിനപ്പുറമുള്ള പ്രദേശങ്ങളിൽ. അവിടെ അടിക്കടി തൂഫ്പാനും മലരിവാതങ്ങളുമുണ്ടാകുന്നു. അവയാണു് കാലാവസ്ഥ നിൎണ്ണയിക്കുന്നതിനു പ്രധാനകാരണങ്ങൾ. ആ പ്രദേശങ്ങ

ളിൽ തൂപ്പാനുണ്ടാകാനുള്ള കാരണങ്ങളും ഉഷ്ണമേഖലയിലുള്ളവയല്ല. വഷത്തുവിലാണ് അവിടങ്ങളിൽ തൂപ്പാൻ അധികമുണ്ടാകുന്നത്; കീഴ്ത്തട്ടിലുള്ള വായു സമസ്ഥിതിയെ പ്രാപിച്ചിരിക്കും (Stable condition) മേലാകാശത്താണു മഹാവാതങ്ങൾ ആകുന്നത്. ഇങ്ങനെ വരുന്നതിനു കാരണം മേലാകാശത്തുള്ള വായു ഭൂമദ്ധ്യരേഖാപ്രദേശങ്ങളിൽ നിന്നു ധ്രുവങ്ങളിലേയ്ക്കു സഞ്ചരിക്കുമ്പോൾ വ്യാപനം [Expantion] കുറഞ്ഞ് ഇടുങ്ങിയ സ്ഥലത്തുകൂടി കടക്കേണ്ടി വരുന്നതു നിമിത്തം ഉണ്ടാകുന്ന ചെറുചുഴികളി [Eddies]ലേയ്ക്കു കീഴിലുള്ള വായുവിനെ കൂടി ഉറിഞ്ചി എടുക്കുന്നതിനാൽ മേലാകാശത്തിൽ മേഘങ്ങളും കാററും പിശറുമുണ്ടാകയും കീഴ്ത്തട്ടിലുള്ള വായു നിശ്ചലമായും തെളിഞ്ഞും ഇരിക്കുന്നതാകുന്നു.

തൂപ്പാൻമഹാവാതം സഞ്ചാരിയാണ്. മേലാകാശത്തുള്ള വായുവിൻെറ ഗതിയനുസരിച്ചാണ് അതിൻെറ പോക്ക്. ഉഷ്ണമേഖലയിൽ വടക്കു തെക്കുപടിഞ്ഞാറുമായിട്ടും, അതിനപ്പുറം കിഴക്കോട്ടുമായിട്ടാണ് അതിൻെറ ചലനം. മലരിവാതപ്രദേശത്തിനു ചുററി സഞ്ചരിക്കും തൂപ്പാൻ. വടക്കെ ഗോളാദ്ധത്തിൽ മലരിവാതം വലതുവാക്കു വരത്തക്ക വിധമാണു തൂപ്പാൻെറ പോക്ക്. തൂപ്പാൻവാതങ്ങളുടെ വരവു മുൻകൂറായി ഗണിക്കുന്നതിൽ ഈ സംഗതി പ്രത്യേകം ശ്രദ്ധേയമാണ്.

തൂപ്പാൻ സഞ്ചരിക്കുന്നതു പല ദിക്കിലും പല വേഗത്തിലാണ്. ബങ്കാൾ ഉൾക്കടലിലും ചീനാ സമുദ്രത്തിലും മണിക്കൂറിനു എട്ടു മൈലും യൂറോപ്പിൽ പതിനാറും അമേരിക്കൻ ഐക്യനാടുകളിൽ ഇരുപത്തിഎട്ടും മൈലാണെന്നു കണ്ടിരിക്കുന്നു. തൂപ്പാൻെറ പൂവാദ്ധഭാഗത്താണ് മേഘവും മഴയും കൂടുതൽ. ഉഷ്ണമേഘലയിൽ അതിൻെറ കാഠിന്യം മഴയുടെ ആധിക്യമനുസരിച്ചിരിക്കും. എന്തെന്നാൽ കേന്ദ്രത്തിൽനിന്നു പുറത്തോട്ടു അപ്പോഴാണ് വായു ചലനമധികം. തൂപ്പാൻമഹാവാതങ്ങൾ ചിലതിൻെറ ശക്തിയും ആയുസ്സും അന്യാദൃശങ്ങളാണ്. ജപ്പാൻസമുദ്രത്തിൽ മുതലിച്ച തൂപ്പാൻ കിഴക്കോട്ടു പാഞ്ഞ് ശാന്തമഹാണ്ണവം കടന്നു അമേരിക്കയിൽ പൊടിപാററി അതലാന്തികമഹാണ്ണവം താങ്ങി യൂറോപ്പുമഹാഖണ്ഡത്തിൽ കയറി ഏഷ്യാമഹാഖണ്ഡത്തിലുള്ള സൈബീരിയയിൽ ലയിച്ചു പോയതായി കണ്ടിരിക്കുന്നു! ഭൂഗോളത്തിനു മിയ്ക്കവാറും ഒരു പ്രദിക്ഷണമായി.!

തൂപ്പാൻമഹാവാതത്തിനും മലരിവാതത്തിനും അടിക്കുന്ന വാക്കനുസരിച്ച് ഓരോ നാട്ടിൽ ഓരോ പേരുകൾ പറഞ്ഞുവരുന്നുണ്ട്. ഇററലിയിലും ഗ്രീസ്സിലും 'സിറോക്കൊ' [Sirocco] സ്പെയിൻരാജ്യത്തു 'ലിവിച്ചി' [Leveche]യും 'സൊളാനൊ[Solano]വും മിഡീറാവിൽ 'ലിസ്റ്റി' [Leste] ഈജിപ്തിൽ 'ഖംസിൻ' [Khamsine] ഹാവായിൽ 'കോണ' [Kona] തെ

ന്നാസ്ത്രേലിയയിൽ 'ചെങ്കൽ ചൂളക്കാരൻ' [Brick fielder] എന്നുള്ളവ എല്ലാം തൂപ്പാന്റെ പൂർവ്വാർദ്ധവാതൂലങ്ങളാണ്. അവ ഭൂമദ്ധ്യരേഖാപ്രദേശത്തുനിന്നാണു പുറപ്പെടുന്നത്. സഞ്ചരിക്കുന്നതു സ്ഥലഭാഗത്തുകൂടിയാണെന്നുള്ള പക്ഷം വരണ്ടും സമുദ്രത്തിൽ കൂടിയാണെങ്കിൽ ഈറനും ആയിരിക്കും. സമശീതോഷ്ണമേഖലയിൽ [Temperate tone] പടിഞ്ഞാറുനിന്നു കിഴക്കെ വാക്കടിക്കുന്ന തൂപ്പാന്റെ ഉത്തരാർദ്ധഭാഗം ധ്രുവദേശത്തു നിന്നു പുറപ്പെടുന്നതാകകൊണ്ട് തണുപ്പായിരിയ്ക്കും. മെക്സിക്കോരാജ്യത്തുണ്ടാകുന്ന നോർട്ടീസ് (Nortes) പാമ്പറൊ [Pampero] ഐക്യനാട്ടിലുള്ള ശീതവാത്യ [Blizzard] റോൺനദീതീരത്തുള്ള മിസ്ത്രാൽ [Mistral] അസ്ത്രേലിയാവിലുള്ള തെൻവാതൂലം [Southerly bursters] ഇവയെല്ലാം തണുപ്പുള്ളവയും ഹിമവർഷം പൊഴിക്കുന്നവയുമാകുന്നു. സ്വിറ്റ്സർലൻഡ്, അമേരിക്ക എന്നീ ദിക്കിലുള്ള മലവാത്യയുണ്ടാകുന്നവയ്ക്കു ഫീൻ [Foehn] എന്നും 'ചിനൂക്ക്' എന്നുമാണ് ആ നാട്ടുകാർ പറയാറുള്ളതു്. അവയും വടക്കുപടിഞ്ഞാറുണ്ടാകുന്ന വടക്കുപടിഞ്ഞാറൻകാറ്റും ഉണങ്ങി വരണ്ടിരിയ്ക്കും. മലഞ്ചെരുവിൽ കൂടി വരുമ്പോൾ ജലാംശമെല്ലാം വാർന്നുപോകുന്നു. അവയുടെ ഉഷ്ണംകൊണ്ട് ഒരാഴ്ചവട്ടം സൂര്യ്യാതപം കൊണ്ടുള്ളതിനെക്കാൾ ഒരു രാവുകൊണ്ട് മഞ്ഞുരുകുന്നു. പർവ്വതത്തിന്റെ പൊക്കം കൂടുന്തോറും അവിടെനിന്നു കീഴോട്ടുവരുന്ന വായുവിനും ചൂടേറും.

## താടക.

(സീതാദേവി)

[തുടർച്ച]

ഇങ്ങിനെ ഇരിക്കെ ഒരു ദിവസം അമ്മസാഹിബ്ബ് മദിച്ചിരുന്നു. രാത്രികൂടി അയൽവക്കക്കാരുടെ നിദ്രാഭംഗം ചെയ്യത്തക്കവണ്ണം അവിടെ വലിയ ലഹള നടന്നിരുന്നു. അമ്മസാഹിബ്ബിന്റെ താമസം വീടിന്റെ ഒന്നാംനിലയിലാണ്. രണ്ടാംനിലയിൽ ഒരു ഗുജറാത്തികുടുംബം അനവധി കുട്ടികളോടുകൂടി താമസിക്കുന്നുണ്ട്. ഈ കുട്ടികൾ കുറെ ഒച്ച ഉണ്ടാക്കി കളിച്ചുകൊണ്ടിരുന്നു. ഉടനെ ഒരു അലർച്ച കേട്ടു. അതു് അമ്മ

സാഹിബ്ബിന്റേതായിരുന്നു. "പന്നിക്കുഞ്ഞുങ്ങളെ കൊല്ലു, ഉറങ്ങാൻ സമ്മതിക്കുന്നില്ലല്ലൊ; മുകളിൽ ഈ പെക്കത്താൻകുഞ്ഞുങ്ങൾ എന്തുചെയ്യുന്നു." ഒടുവിൽ ജനൽ തള്ളിത്തുറന്ന് ഇംഗ്ലീഷിലും ഹിന്ദിയിലുമായി ഒരു തെറിപ്രവാഹം അമ്മസാഹിബ്ബിൽനിന്നും നിർബാധം ഒഴുകി.

പ്രൊവ:— ആ ഗുജറാത്തിക്കാരൻ എന്തു ചുണയില്ലാത്തവനാണ്. അവളുടെ പല്ലടിച്ചു കൊഴിക്കരുതേ? ഇങ്ങിനെയുള്ള ശകാരം എങ്ങിനെ സഹിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിലേക്കു സാധുവര്‍ഗ്ഗങ്ങളായ ബങ്കാളികളിൽ പെട്ടവരാണ് ഞാൻ. എങ്കിലും എന്റെ രക്തംതന്നെ തിളയ്ക്കുന്നു. നിങ്ങൾക്കിതു കേട്ടിട്ട് ഒന്നും തോന്നുന്നില്ലെ?

ഭര്‍ത്താവ്:— എനിക്കൊന്നും തോന്നുന്നില്ല. അതൊന്നും എനിക്കു ബാധകവുമല്ല. അവൾക്ക് അതൊക്കെ കേൾക്കുന്നതിനു വിരോധമില്ലെങ്കിൽ മററുള്ളവർ കോപിച്ചിട്ടു വിശേഷമെന്തു്?

ഭാര്യ:— ഈ അമ്മസാഹിബ് അവരെ മദ്രാസി എന്നു പറയുന്നതെന്താണ്. പക്ഷെ അവൾ എല്ലാ ഇന്ത്യാക്കാരേയും അങ്ങിനെയാണ് ധരിച്ചിരിക്കുന്നതെന്നു തോന്നുന്നു. നമ്മെയെല്ലാം നിസ്സാരമായിട്ടെ അവൾ എണ്ണുന്നുള്ളു. അവൾ ഒരു നീഗ്രൊ ആണെന്നു തോന്നും. എന്തു ജാതി സ്ത്രീ. കുട്ടികൾ കളിക്കുന്ന ശബ്ദം ഒരു പെണ്ണിനു വെറുപ്പു തോന്നാറില്ല. എന്റെ കുഞ്ഞിന്റെ പതിവട്ടത്തു.

പ്രൊവ:— എന്റെ കുഞ്ഞിന്റെ പതിവട്ടത്തു. അമ്മസാഹിബ്ബിന്റെ ശകാരവർഷം ഇങ്ങോട്ടും ഒഴുകുമെന്നു തോന്നുന്നു.

ഭര്‍ത്താവ്:— അനുഭവിച്ചുകൊള്ളു. എന്നെ കുററപ്പെടുത്തീട്ടു കാര്യമില്ല. ഞാനാദ്യംതന്നെ കഥയെല്ലാം പറഞ്ഞിട്ടുണ്ടല്ലൊ.

പ്രൊവ:— ഒ, എനിക്കൊരു പേടിയുമില്ല. എനിക്കാരും കൂട്ടില്ലെന്നാണോ വിചാരം. അന്നു രാത്രി ഔയയെ കൂടി ഇവിടെ താമസിപ്പിക്കും. തെറിയുടെ സമ്പാദ്യം അമ്മസാഹിബ്ബിനേക്കാൾ അധികം അവൾക്കുണ്ടു്.

ഹീരേന്ദ്രൻ ചിരിച്ചുകൊണ്ടു്:— കൊള്ളാമല്ലൊ. അന്നത്തെ യുദ്ധം കാണേണ്ടതുതന്നെ.

ഭാഗ്യവശാൽ പ്രൊവയ്ക്കു താടകയോടു പോരാടേണ്ടി വന്നില്ല. അവളുടെ കുട്ടി വളരെനേരം ഉറക്കെ കരഞ്ഞു. രാത്രിമുഴുവനും ഭാര്യയും ഭര്‍ത്താവും കുഞ്ഞിനെ എടുത്തു ലാത്തുകയുമായിരുന്നു. വെളുക്കാറായപ്പോൾ മാ

തുമെ അല്പം ശാന്തമായുള്ളൂ. അമ്മസാഹിബ് ഒരക്ഷരവും പറഞ്ഞില്ല. പ്രൊവ നേരം പുലൎന്നിട്ടെ ഉണൎന്നുള്ളൂ. അമ്മസാഹിബ്ബിൻെറ അപൂൎവ്വ നടപടിയോൎത്ത് പ്രൊവ ആശ്ചൎയ്യപ്പെട്ടു.

ഹീരേന്ദ്രൻ:— ഒരുപക്ഷെ ചെറിയ കുഞ്ഞെന്നു വിചാരിച്ചു മിണ്ടാതിരുന്നതായിരിയ്ക്കും.

പ്രൊവ:— ഒ, അതൊന്നുമായിരിക്കയില്ല. ഇന്നലെ ഗുജറാത്തി കുട്ടികളെ ശകാരിച്ചതു കേട്ടില്ലെ.

നിരത്തിൽനിന്നുണ്ടായ ഒരു ആൎപ്പു അവരുടെ സംഭാഷണത്തിന്നു ഭംഗം വരുത്തി. സംഗതിയുടെ വാസ്തവമറിവാൻ രണ്ടുപേരും ബാൽക്കണിയിൽ എത്തി. അന്വേഷിപ്പാനെന്തുള്ളൂ. അമ്മസാഹിബ് വഴക്കിൽ ഒരു കക്ഷിയാണ്.

രാത്രി വഴക്ക പറയാതിരുന്നതു എന്തുകൊണ്ടെങ്കിലുമാകട്ടെ. നേരം പുലൎന്നപ്പോൾ അമ്മസാഹിബ്ബ് താടക തന്നെ ആയി. അവർ നിരത്തിൽനിന്നു വീട്ടിൽ കയറി.

അമ്മസാഹിബ്:— ഒരു കൂലിവണ്ടിയ്ക്കു നാലണയിൽ കൂടുതൽ ആരു തരും. പോ, പോ, വേഗം; ഈ പൊട്ടവണ്ടിയ്ക്ക് ഇതുതന്നെ അധികം. എന്താ ഇത് ആരും കണ്ടിട്ടില്ലെ. ഇത്രയും കഴിഞ്ഞിട്ടു കുറെ അസഭ്യവും ചൊരിഞ്ഞു. ഇതുകേട്ടു വണ്ടിക്കാരനും വല്ലാതെ ക്ഷോഭിച്ചു. "നിങ്ങൾ ഒരാൾക്ക് രണ്ടുപേരുടെ കനമുണ്ടല്ലൊ. നാലണ കൂലി മതിയത്രെ. വണ്ടി ചീത്തയാണുപോലും. ഈ തടിച്ചിത്തള്ളയെ കയററിയതെ, അബദ്ധം."

അമ്പസാഹിബ് അകത്തുനിന്നും ഒരു ഒഴിഞ്ഞ ടിൻപാത്രമെടുത്തു കുറിതെററാതെ വണ്ടിക്കാരൻെറ മൊട്ടത്തലക്കെറിഞ്ഞു. ആളുകളും നിരത്തിൽ കൂടി. ഇവരോടു പോരാടുന്നതു നിഷ്ഫലമെന്നുറച്ച് വണ്ടിക്കാരൻ യാത്രയായി. അവന്നു തോന്നിയ ചീത്തവാക്കുകളെല്ലാം ഒന്നിച്ചുചേൎത്ത് അമ്മസാഹിബ്ബിന്നു കാഴ്ചവച്ചിട്ട് വണ്ടിയോടിച്ചു പോകയും ചെയ്തു.

പ്രൊവ:— അവർ വല്ലാതെ വളൎന്നുപോകുന്നു. ആണുങ്ങളാരെങ്കിലും അവളെ പവട്ടി ഒതുക്കിയാൽ എൻെറ പേൎക്ക് ഒരു സമ്മാനം കൊടുക്കത്തക്കാർ. ആളുകൾ മൎയ്യാദയെ ഭയപ്പെടുന്നു. അവൾക്ക് അതു തരവുമായി. ഇന്ന് ഒരു വണ്ടിക്കാരനോട്, നാളെ അവൾ ഒരു പ്രഭുവിനോടു പോരാടും.

ഭർത്താവു് :— "ആണുങ്ങൾ മര്യാദയെ ഭയപ്പെട്ടും."

ഭാര്യ:— ഇതു മര്യാദയാണോ? അല്ല, ഭീരുത്വമാണ്. അവൾ ഒരു പെണ്ണല്ല, കരടിയാണ്.

അര മണിക്കൂർ കഴിഞ്ഞപ്പോൾ അമ്മസാഹിബ് ശാന്തസ്വരത്തിൽ പ്രോവയുടെ ആയയോടു കുശലം ചോദിക്കുന്നതു കേട്ടു. "എന്താ കുട്ടി രാത്രിമുഴുവൻ കരയുന്നതു കേട്ടല്ലോ. വയററിൽവേദന ആയിരിക്കും എൻെറ കയ്യിൽ നല്ല മരുന്നുണ്ട്. വേണമെങ്കിൽ കൊടുക്കാമെന്നു പറഞ്ഞേക്കു."

പ്രോവ ഇതുകേട്ട് അത്ഭുതപ്പെട്ടു. അമ്മസാഹിബ്ബിൻെറ ഹൃദയത്തിനു് ഇങ്ങിനെ ഒരു വശവും ഉണ്ടോ എന്നു സംശയിച്ചു. ഇങ്ങിനെ അന്നത്തെ രംഗം അവസാനിച്ചു. അയൽക്കാരിയിൽനിന്നു നിരീക്ഷിക്കുന്ന ഈവക ജീവിതവൈവിധ്യം പ്രോവയ്ക്കു മുഷിവുകൂടാതെ കഴിഞ്ഞുകൂടുവാൻ സഹായിച്ചു.

പ്രോവ അയൽക്കാരുടെ നടപടികളെ ബാൽക്കണിയിൽ നിന്നു പതിവായി സൂക്ഷിച്ചുകൊണ്ടിരുന്നു. ചെറിയ സാഹിബ്ബിനു ജോലിയൊന്നുമില്ലാത്തതുകൊണ്ട് അമ്മസാഹിബ്ബില്ലാത്തപ്പോഴൊക്കെ അയാളും അവരുടെ ബാൽക്കണിയിൽ കഴിഞ്ഞുകൂട്ടും. അയാൾ പെണ്ണുങ്ങളെ കാണാൻ വന്നിരിക്കയാണ്. അയാളുടെ സഹജമായ നോട്ടം പലപ്പോഴും പ്രോവ കണ്ടിട്ടുണ്ട്. അമ്മസാഹിബ് അവിടെ ഉണ്ടെങ്കിൽ അയാൾ പുറത്തേയ്ക്കു എത്തിനോക്കുകപോലും ചെയ്യുകയില്ല. അവിടെ ഒരു ഗ്രാമഫോൺ ഉണ്ട്. ചിലപ്പോൾ അതിൻെറ റിക്കാർഡുകൾ ഉപയോഗിക്കും. പാട്ടിനൊത്ത് പാട്ടുവയ്ക്കാൻ ഏയ്യാൾ ശ്രമിക്കുന്നു. പലപ്പോഴും അമ്മസാഹിബ്ബിനെ ക്ഷണിക്കും; പക്ഷെ അവിടയ്ക്കു് ഇതിലൊന്നിലും അത്ര രസമില്ല. പിന്നിലുള്ള മുറിയിൽ ഇരുന്ന് തയ്യൽപ്പണി മുറയ്ക്കു നടത്തിക്കൊണ്ടിരിക്കും. ഇടക്കിടെ ഭർത്താവു് എന്നു പറയുന്ന യുവസാഹിബ്ബിനെ അസഭ്യംകൊണ്ടു പൂജിക്കാറുണ്ട്. ശകാരം കേട്ടാൽ അയാളുടെ ചോടു പിഴയ്ക്കും എന്നു മാത്രമേയുള്ളു.

അമ്മസാഹിബ്ബിനെ തയ്യൽ ഏല്പിച്ചിട്ടുള്ള ചില സ്ത്രീകൾ അവിടെ കൂടക്കൂടെ ചെല്ലാറുണ്ട്. പ്രോവയ്ക്കു ഇവരുടെ വരവും വിനോദകരമായിരുന്നു. രണ്ടു തടിച്ച പെണ്ണുങ്ങളെയാണു സാധാരണ കാണാറുള്ളതു്. അവർക്ക് അവിടത്തെ കോവണി കയറുവാൻ പത്തു മിനിട്ടു വേണം. അതു കഴിഞ്ഞാൽ അഞ്ചു മിനിട്ടു വിശ്രമിച്ചാലെ അകത്തോട്ടു കടക്കാൻ സാ

ധിക്കയുള്ളു. അവർ എപ്പോഴും വസ്ത്രധാരണത്തെക്കുറിച്ചാണു സംസാരിക്കുക. നേരിയത്, കസവുള്ളത്, പൂക്കളുള്ളത്, കള്ളർ ഉള്ളത് എന്നിങ്ങനെ പലതും കേൾക്കാം. അവരുടെ അഭിപ്രായം അമ്മസാഹിബ് സശ്രദ്ധം, സവിനയം ആദരിക്കാറുണ്ട്. അവർ പണക്കാരായ പതിവുകാരായേക്കാം. അവരുടെ ഇഷ്ടത്തിനു നില്ക്കേണ്ടതാവശ്യമാണല്ലൊ. അവരോടു യാത്രപറഞ്ഞു തിരിഞ്ഞ് ചിരിച്ചുകൊണ്ടു പോകുന്നതും അമ്മസാഹിബ്ബിൻെറ പതിവാണ്.

നേരത്തെ അല്പമായി മഴ പെയ്യെങ്കിലും സന്ധ്യയോടുകൂടി ആകാശം തെളിഞ്ഞു. ഹീരേന്ദ്രനും പ്രോവയും നടക്കാനിറങ്ങി. കുട്ടിയെ എടുത്തുകൊണ്ട് ആയയും പുറപ്പെട്ടു. വീട്ടിൽ അരിവയ്പുകാരൻ മാത്രം ശേഷിച്ചിരുന്നു.

അല്പം നടന്നതിനു ശേഷം ദമ്പതിമാർ സിനിമ കാണ്മാൻ പോയി. അവർ തിരിച്ചുവന്നപ്പോൾ കഷ്ടിച്ച് ഒൻപതു മണിയായി. അവരുടെ വണ്ടി വീടിനോടടുത്തപ്പോൾ ഹീരേന്ദ്രൻ ഇങ്ങനെ പറഞ്ഞു:- "ഇത് എന്തു വിശേഷം. പടിക്കൽ ആൾ കൂടീട്ടുണ്ടല്ലൊ. എന്താണാവോ സംഗതി."

പ്രോവ:— ഒ, കുഞ്ഞിനെ വീട്ടിൽ കിടത്തിയിരിക്കയാണ്. അവൾക്കൊന്നുമില്ലെന്നു വിശ്വസിക്കുന്നു.

ഹീരേന്ദ്രൻ:— പേടിക്കേണ്ട, ഇവിടെ ആൾ കൂടുന്നതിനു കാരണമൊന്നും വേണ്ട.

വണ്ടി അവരുടെ പടിക്കൽ നിന്ന ഉടനെ അവരുടെ ഭയം ഒടുങ്ങുന്നു. ഹീരേന്ദ്രൻെറ വീടിനു താഴെയുള്ള പീടികയുടെ മുമ്പിൽ അമ്മസാഹിബ് ഒരു പുതിയ രംഗം ആടിത്തുടങ്ങിയിരിക്കയാണ്. അസഭ്യങ്ങളും അശ്ലീലങ്ങളുമായ ശബ്ദങ്ങൾ അമ്മസാഹിബ്ബിൻെറ വദനഗഹ്വരത്തിൽ നിന്നു പല ഭാഷകളിലായി പ്രവഹിക്കുന്നു. അവളുടെ ഭർത്താവ് കോവണിയുടെ ചുവടെ നില്ക്കുന്നുണ്ട്. ധീരയായ ഭാര്യയുടെ സഹായത്തിന് അടുക്കയോ തിരിഞ്ഞു നടക്കയോ വേണ്ടതെന്ന് ആലോചിക്കയാണോ എന്നു തോന്നും. ഈ നടനം കാണുവാൻ പല കൂലിക്കാരും വേലക്കാരും വളഞ്ഞു കൂടീട്ടുണ്ട്.

ഹീരേന്ദ്രനും പ്രോവയും വണ്ടി ഇറങ്ങിയ ഉടനെ മുകളിലേയ്ക്കു പോയി. ഉടനെതന്നെ അവരും ഈ നാടകം കാണ്മാൻ ബാൽക്കണിയിൽ എത്തി.

അമ്മസാഹിബിൻെറ ഒരു മരുമകൻ ഇയ്യിടെ കൂടക്കൂടെ അമ്മായിയെ കാണാൻ വരാറുണ്ട്. അയാറം ഈ കടയിൽനിന്ന് നാലണയ്ക്കു സോഡ വാങ്ങിയിരുന്നു. പീടികക്കാരൻ അണ ചോദിച്ചപ്പോറം അമ്മായി തരുമെന്ന് അയാറം പറഞ്ഞു. ഇതനുസരിച്ച് അമ്മസാഹിബ്ബിനോടു ചോദിച്ചു. യാതൊന്നും അവളുടെ അറിവോടെ പററീട്ടില്ല; അതുകൊണ്ടു തരുവാനിടയില്ലെന്നു മറുപടിയും പറഞ്ഞു. പാവം അയാറം വട്ടത്തിലായി. ഇനി എന്താണു മാർഗ്ഗമെന്നാലോചിച്ചു പീടികക്കാരൻ കോപിഷ്ഠനായി. ഇതു പാവങ്ങളുടെ സ്വഭാവമാണല്ലോ.

അന്ന് അമ്മസാഹിബ് ഒരു വലിയ പെട്ടിയുമായി ശീലത്തരങ്ങറം വാങ്ങുവാൻ ഒരു വണ്ടിയിൽ കയറി യാത്രയായി. സാധു കച്ചവടക്കാരൻ ഇവരെ കണ്ടപ്പോറം ഒന്നു തെററിദ്ധരിക്കയും ചെയ്തു. ഇവർ ഭാണ്ഡം മുറുക്കി യാത്രയായിരിക്കാം; തൻെറ പണം പോയി എന്നുറച്ചു. അയാറം ചാടി എഴുന്നേററു് ഇങ്ങനെ പറഞ്ഞു:- "വണ്ടിക്കാര, വണ്ടി അവിടെ നിറുത്തുക. ഹേ അമ്മസാഹിബേ, എൻെറ പണം തന്നിട്ടു പോയാൽ മതി."

കരിമരുന്നു നിറഞ്ഞിരുന്ന പുരയിൽ തീപ്പെട്ടിക്കോൽ കത്തിച്ചെറിഞ്ഞു. അതും ആക്ഷേപസ്വരത്തിൽ. ഷാപ്പുസാമാനങ്ങറം വാങ്ങേണ്ട കാര്യം അമ്മസാഹിബ് മറന്നു; വണ്ടിയിൽ നിന്നു ചാടിയിറങ്ങി. ഇതു കണ്ടു പീടികക്കാരൻ ഓടി അകത്തുകയറി അഭയം പ്രാപിച്ചു. അവിടെനിന്നു ചിലതെല്ലാം അയാറം പറയുന്നുണ്ട്. പ്രേമവയും ഹീരേന്ദ്രനും നാടകത്തിൻെറ നിർവ്വഹണസന്ധിയോടടുത്താണ് എത്തിയതു്.

അമ്മസാഹിബ്:— എടാ പട്ടീടെ മോനെ, നിൻെറ അഴുക്കു സോഡ ഞാൻ വാങ്ങിയോടാ. പുറത്തിറങ്ങ്; നിന്നെ ചെരിപ്പുകൊണ്ടടിക്കും. ഒരു മാന്യവീടാണെങ്കിൽ ഞാൻ അകത്തുവന്ന് നിനക്കു സമ്മാനം തരാമായിരുന്നു എരപ്പാളികളുടെ വീട്ടിൽ ഞാൻ കടക്കാറില്ല.

കച്ചവടക്കാരൻ:— മരുമകൻ അമ്മായി തരുമെന്നു പറയും. അമ്മായി മരുമകൻ തരട്ടെ എന്നും പറയും. ഇനി കെട്ടിയവനെ ഒന്നു കണ്ടുകളയാം. അയാറം മാനം വിററുതിന്നുന്നവനാണല്ലോ.

ഈ വാക്കു യുവസാഹിബിൻെറ ഹൃദയത്തെ (അങ്ങിനെ ഒന്നുണ്ടോ ആവോ) വേദനപ്പെടുത്തി. അയാറം-"ഹേ, ഹേ, ഇനി ആ വാക്കു പറയരുതു്; ഇതു ഞാൻ ക്ഷമിച്ചു."

കച്ചവടക്കാരൻ 'ക്ഷമിച്ചതു' വകവെച്ചില്ല. "അമ്മസാഹിബി

ന്റെ കൂടെ നില്ക്കുന്നവനെന്ന നിലയ്ക്കെങ്കിലും ഞാൻ കണ്ടതുപോലും സമ്മതിക്കുന്നില്ലല്ലൊ.

എന്തെങ്കിലുമൊന്നു ചെയ്യാനുള്ള സമയം അതിക്രമിക്കുന്നു എന്നു് യുവസാഹിബിന്നു തോന്നി. കോട്ടു ഊരി, ഷർട്ടു് അല്പം മേല്പോട്ടു കയററി. "എട പുറത്തിറങ്ങ്, നമുക്കൊന്നു നോക്കാം." ഇതിന്നു കച്ചവടക്കാരൻ ഒരുക്കമില്ല. സാഹിബിന്റെ ഭാർയ്യയ്ക്കുപോലും ഈ പ്രണയചാപലം അത്ര രസിച്ചില്ല. അവൾക്കു് അല്പം ലാഘവം തന്നെ പററിയില്ലെ; ഒരുവനോടു പോരാടുവാൻ താൻ പോരാ എന്നല്ലെ ഇതിന്റെ അർത്ഥം. അവൾ സാഹിബിനെ പിടിച്ചു പുറകോട്ടു തള്ളി. "നിങ്ങൾ എന്തിന്ന ഇതിൽ ഇടപെടുന്നു. അവനാവശ്യമുള്ള ചെരിപ്പു് എന്റെ കയ്യിലുണ്ടു്. മാറിനില്ക്കു." ആ പാവം, കഴുത, യുവസാഹിബ് കോട്ടു ധരിപ്പാൻ ഒരുങ്ങി.

അമ്മസാഹിബിന്റെ ആവർത്തിച്ചുള്ള ക്ഷണമുണ്ടായിട്ടും ചെരിപ്പുകൊണ്ടുള്ള സമ്മാനം വാങ്ങുവാൻ കച്ചവടക്കാരൻ വെളിയിൽ വന്നില്ല. അതുകൊണ്ടു് അമ്മസാഹിബ് വീട്ടിലേയ്ക്കു തിരിച്ചു. വഴിനീളെ അയാളേയും പൂർവ്വപിതാക്കളേയും അസഭ്യംകൊണ്ടു വർഷിച്ചു. വീടിന്റെ മുകളിൽ കയറി ബാൽക്കണിയിൽനിന്നു പ്രേക്ഷകന്മാർക്കു നന്ദിപറഞ്ഞതും അവരുടെ സാഹിത്യത്തിൽ തന്നെ. യുവസാഹിബ് അമ്മസാഹിബിന്റെ കൈയ്ക്കു പിടിച്ചു് അകത്തേയ്ക്കു വലിച്ചു. അവർ തിരിഞ്ഞു അയാളെ പിടിച്ചു പുറകോട്ടു തള്ളി. അപ്പോൾ മാത്രമെ അയാളുടെ സ്ഥാനം അറിഞ്ഞുള്ളു.

പ്രാവ:— ആയ എവിടെ പോയി. കുഞ്ഞു് ഉറങ്ങുകതന്നെയാണല്ലെ.?

ഭൃത്യൻ:— താഴെ താമസിക്കുന്ന മദ്രാസിസ്ത്രീയ്ക്കു് എന്തോ സുഖക്കേടു പെട്ടെന്നുണ്ടായി. ആ ചെറിയ പെൺകുട്ടി വന്നു് ആയയെ വിളിച്ചുകൊണ്ടു പോയി. ഇതുവരെ തിരിയെ വന്നില്ല. കുട്ടി ഉണന്നാൽ ഉടനെ വിളിക്കണമെന്നു പറഞ്ഞു് എന്നെ ഇവിടെ നിറുത്തി. കുട്ടി ഉണരാത്തതുകൊണ്ടു് ഞാൻ അവരെ വിളിച്ചില്ല.

പ്രാവ:— ഇങ്ങോട്ടു വിളിക്കു. അവിടെ ചെന്നിരുന്നു നുണയും പറഞ്ഞു കൂടിയിരിക്കയാണു്.

പാചകൻ പോയി ആയയുമൊന്നിച്ചു തിരിച്ചുവന്നു.

ആയ:— ആ മദ്രാസിസ്ത്രീയ്ക്കു പേററുനോവാണു്. ഇവിടത്തെ

അനുവാദവും വാങ്ങി ഇന്നു രാത്രി അവിടെ ചെല്ലുന്നമെന്നു പറഞ്ഞയച്ചു. അവിടെ മററാരും തന്നെയില്ല.

ഇതുകേട്ട് പ്രോവ ആയയെ അടങ്ങാട്ടയച്ചു. രാത്രി മുഴുവനും ആ സ്ത്രീയുടെ കരച്ചിൽ കേട്ടിരുന്നു.

പ്രഭാതമായപ്പോഴെക്കും ആയ തിരിച്ചെത്തി കുളിയും കഴിച്ചു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

പ്രോവ:— അവിടെ എങ്ങിനെയിരിക്കുന്നു പ്രസവിച്ചോ.? ഉവ്വ്.

ആണോ പെണ്ണോ?

'ഒരു പെണ്ണാണെ'ന്ന് ആയ നിരാശയോടെ പറഞ്ഞു.

"ആണായാലെന്തു? പെണ്ണായാലെന്തു്;? പെണ്ണായതുകൊണ്ട് എന്തിനു നിരാശപ്പെടുന്നു. പെൺകുട്ടി മനുഷ്യവർഗ്ഗത്തിൽ പെട്ടതല്ലെ."

ആയ:— അതുകൊണ്ടല്ല. പെണ്ണായാലെന്തു്; ഒന്നുമില്ല. പക്ഷെ അതിന് ആരോഗ്യം അശേഷമില്ല. പോരെങ്കിൽ വൈരൂപ്യവുമുണ്ട്. അതു ജീവിച്ചിരുന്നാൽ മാതാക്കൾക്ക് ഒരു ഭാരം മാത്രം.

പ്രോവ:— അയ്യോ കഷ്ടം; ഞാനൊന്നു ഒപ്പായി അതിനെ ഒന്നു കണ്ടട്ടെ.

ആയ:— വേണ്ട, അമ്മേ, വേണ്ട; ആ തള്ള വല്ലാതെ വ്യസനിക്കും. ഇങ്ങിനെ വന്നതുകൊണ്ട് അവൾക്ക വലിയ കുണ്ഠിതമുണ്ട്. അതുതന്നെയല്ല, പനിയുമുണ്ട്. അനങ്ങാതെ കിടന്നുകൊള്ളട്ടെ.

പ്രോവ:— വൈരൂപ്യത്തിൻെറ മട്ടെന്താണ്?

ആയ:— ഒരു കൂനുമുണ്ട്, മുടന്തുമുണ്ട്. പാവം ആ തള്ളയ്ക്ക് ഇതിനെക്കുറിച്ചു വലിയ സങ്കടമുണ്ട്. കുട്ടിയുടെ വൈരൂപ്യം അറിഞ്ഞതുകൊണ്ട് ഭർത്താവു പിണങ്ങിപ്പോയി. പാവം ഒരു സഹായവും കൂടാതെ കഷ്ടപ്പെടുന്നു.

പ്രോവ.— ദൈവമെ, കഷ്ടം, ഒരു പുരുഷൻ ഇത്ര നീചനാകുമോ. ഇതാ, രണ്ടു രൂപ; ആഹാരത്തിനു വല്ലതും വാങ്ങിക്കൊടുക്കുക. അവിടെ ഇപ്പോൾ സഹായത്തിനാരുണ്ട്.

ആയ:— ഒരു മഹമ്മദൻസ്ത്രീ ഉച്ചയാകുന്നവരെ അവിടെ ഇരിക്കാമെന്നു പറഞ്ഞിട്ടുണ്ട്. അതിനുശേഷം ഞാൻ ചെല്ലാമെന്നു പറഞ്ഞിരുന്നു. അപ്പോഴെയ്ക്കും ആ കാട്ടുപോത്ത്—ഭർത്താവ്—വന്നേക്കും. ഇത്രയും പറഞ്ഞു് ആയ പാൽ വാങ്ങുവാൻ പോയി. പ്രോവ മുറിയിലേയ്ക്ക

യാത്ര തിരിച്ചു. ഉടനെ അമ്മസാഹിബിന്റെ ശബ്ദം അവളെ അവിടെ നിറുത്തി. അവൾ ആരോടൊ കുട്ടി ആണോ പെണ്ണോ എന്നു ചോദിക്കയായിരുന്നു. മഹമ്മദൻസ്ത്രീ മറുപടി പറവാനായി പുറത്തുവന്നു. ഉടനെതന്നെ അവൾ ഭയന്ന് അകത്തോട്ടു പോകുന്നതും കണ്ടു. അമ്മസാഹിബിന്റെ കാൎയ്യമൊന്നും മനസ്സിലായില്ല. അതുകൊണ്ടു കോവണിയിറങ്ങി പരമാൎത്ഥമറിവാൻ മുതിൎന്നു.

പ്രാവ വൎത്തമാനം കേൾക്കാനുള്ള കൌതുകംകൊണ്ടു് അവിടെതന്നെ നിന്നു. താഴെ ഒരു ലഹള കേട്ടു. ഹിന്ദി, തമിഴ്, ഇംഗ്ലീഷ് എന്നിങ്ങനെ പല ഭാഷകളിലുള്ള അസഭ്യവാക്കുകൾ ധാര മുറിയാതെ കേൾക്കുന്നു. പ്രാവയ്ക്കു കാൎയ്യമൊന്നും മനസ്സിലാകുന്നുമില്ല. അമ്മസാഹിബിന്റെ സ്വരം മൂത്തുതുടങ്ങി. 'പട്ടീടെ മോനെ, പന്നിക്കഞ്ഞേ' എന്നീ വിളിയെ തുടൎന്ന് അടിയുടെ ശബ്ദവും കേട്ടു. ആരെയാണ് അടിച്ചതെന്നു മാത്രമെ പ്രാവയ്ക്കറിയേണ്ടതുള്ളു.

കുറച്ചുകഴിഞ്ഞപ്പോൾ അമ്മസാഹിബ് കിതച്ചുകൊണ്ടു് അവരുടെ വീട്ടിലെത്തി. അവളുടെ കറുത്ത മുഖം കോപംകൊണ്ടും അദ്ധ്വാനംകൊണ്ടും ചുവന്നു വശായി. ആയ ആ നേരത്തു പ്രാവയുടെ സമീപത്തെത്തി.

പ്രാവ:— താഴത്തു് ഒരു മല്ലയുദ്ധത്തിന്റെ മട്ടു കേട്ടല്ലോ. എന്താ അതു്?.

ആയ:— പെറുകിടക്കുന്ന പെണ്ണിന്റെ ഭൎത്താവ് മൂക്കറ്റം കുടിയും കഴിഞ്ഞെത്തി. കുട്ടിയ്ക്കു വിരൂപം വന്നതിന് ആ തള്ളയെ ഒരുപരപ്പു ചീത്ത പറഞ്ഞു. ഒടുവിൽ ആ പാവത്തെ ആയാൾക്കു തല്ലണം. ഞാനും മഹമ്മദൻസ്ത്രീയും ആവുന്ന ചീത്തയെല്ലാം പറഞ്ഞു. തള്ളയും മൂത്ത പെണ്ണും കരയുന്നു. ഈ അവസരത്തിൽ അമ്മസാഹിബ് കയറിവന്നു. അവർ വൎത്തമാനമെല്ലാം ചോദിച്ചറിഞ്ഞു. അയാളെ അമ്മസാഹിബ് പച്ചതെറികൊണ്ടു സമ്മാനിച്ചു. അയാളും ഒട്ടുംകുറച്ചില്ല. അമ്മസാഹിബ് പ്രതിധ്വനിക്കുന്ന രണ്ടോ മൂന്നോ ഇടിയും ഒടുവിൽ ചെരിപ്പൂരി ഒരടിയും കൊടുത്തു. അയാൾ ജീവനുംകൊണ്ടു് അവിടെനിന്നു കടന്നു. അമ്മസാഹിബ് അവരുടെ വീട്ടിലേക്കു മടങ്ങി.

പ്രാവ:— ഒന്നാന്തരമായി. അവനു കൊടുത്തതു പോര. തള്ളയ്ക്കെങ്ങിനെയിരിക്കുന്നു.

കുറച്ചു സുഖമുണ്ടു്. ആ കുട്ടിയെ വിരിച്ചുകിടത്താൻ ഒരു തുണിയില്ല; തള്ളയ്ക്കുമില്ല. വെറും പായിലാണു കിടക്കുന്നതു്. അയാൾ ആകെ പിടിച്ചു കടന്നുകളഞ്ഞു. ഇനി എപ്പോൾ വരുമോ?. വല്ല കീറത്തു

ണിയുമൊന്നു കൊട്ടത്താൽ കുഞ്ഞിനെ വിരിച്ചു കിടത്തിക്കൊള്ളും.

പ്രോവ വല്ലതുമൊന്നു കൊടുക്കാമെന്നു പറഞ്ഞു് അകത്തേയ്ക്കു പോകാൻ ഭാവിച്ചപ്പോൾ അമ്മസാഹിബ് ഒരു ബ്ളാങ്കററും ഒരു പെട്ടിയുമെടുത്തു് കോവണിയിറങ്ങുന്നതു കണ്ടു. ആയ ഉടനെ അങ്ങോട്ടോടി. കുറച്ചുകഴിഞ്ഞപ്പോൾ പ്രോവയുടെ സമീപത്തെത്തി; വൎത്തമാനവും കൊണ്ടാണവൾ എത്തിയതു്.

ആയ:— അമ്മസാഹിബിന്റെ ഔദാൎയ്യം ഞങ്ങളെ ഭ്രമിപ്പിച്ചു. മുപ്പതുരൂപ വിലപിടിക്കുന്ന ഒരു ബ്ളാങ്കററ് ആ തള്ളയ്ക്കു കൊടുത്തു. ഒരു പെട്ടി നിറച്ചു സാമാനം ആ ശിശുവിന്റെ ആവശ്യത്തിനും സമ്മാനിച്ചു. അതിലുള്ള വസ്ത്രങ്ങൾ എത്ര ഭംഗിയുള്ളവയാണ്. പട്ടു്, വൂൾ, തുണികൾ എല്ലാ തരവുമുണ്ടു്; കസവു വച്ചതും അതിലുണ്ടു്. എല്ലാം അവർതന്നെ തച്ചുണ്ടാക്കിയതാണ്. കഷ്ടം ഇതെല്ലാം ആ തൊണ്ടിക്കാണല്ലൊ. ഒരു രാജകുമാരിക്കു് ഇത്ര വേണ്ട.

പ്രോവയും അത്ഭുതത്തിൽ മയങ്ങി. നാലണയ്ക്കു് ഒരു പുരുഷനെ കൊല്ലാൻ ഭാവിച്ച സ്ത്രീ. ഇതിലെന്തോ രഹസ്യമുണ്ടു്. അറിഞ്ഞാൽ കൊള്ളാമായിരുന്നു. പക്ഷെ ഞാൻ അവളോടു മിണ്ടുകയില്ല.

ആയ:— അതിനു വിഷമമില്ല. അവർ പുറത്തുപോകുന്ന തരം നോക്കി അനുജത്തിയോടു ചോദിച്ചാൽ എല്ലാമറിയാം.

ഏറെത്താമസിയാതെ ഇതിനുള്ള അവസരം ലഭ്യമായി. പ്രാതൽ കഴിഞ്ഞ ഉടനെ അമ്മസാഹിബ് എന്തോ ജോലിക്കു പുറത്തുപോയി. യുവസാഹിബ് അതിനു മുമ്പതന്നെ തെണ്ടാനിറങ്ങിയിരുന്നു. അനുജത്തി വീടിന്റെ അധിപയായി ബാൽക്കണിയിൽ വന്നു നിലയും ഉറപ്പിച്ചു. ആയ അവളോടു സൊള്ളു പറവാനും അടുത്തു. പുറത്തിറങ്ങിനിന്നു വൎത്തമാനം കേൾക്കാൻ പ്രോവ അല്പം മടിച്ചെങ്കിലും അതു കേൾക്കത്തക്ക ഒരിടത്തു് മറഞ്ഞിരുന്നു.

ആ കുഞ്ഞിനു വസ്ത്രം കൊടുത്ത കാൎയ്യം സംഭാഷണത്തിനു വിഷയമാക്കി ആയ അടുത്തുകൂടി. അനുജത്തിസാഹിബ് ആദ്യം ഒന്നും പറയാതിരുന്നു. ഒടുവിൽ 'അതു ചേട്ടത്തിയുടെ കുട്ടിക്കുണ്ടാക്കിയതാണ്' എന്നു പറഞ്ഞു.

ആയ:— ആ കുട്ടിയെവിടെ.?

"അതു് മരിച്ചുപോയി." ക്രമേണ അനുജത്തി വർത്തമാനം തുടർന്നു. ചരിത്രം മുഴുവനും പറഞ്ഞു കേൾപ്പിച്ചു. അതു് ഇങ്ങിനെയായിരുന്നു:- അമ്മസാഹിബിനെ വിവാഹം ചെയ്തതു് ഒരു കള്ളുകുടിയനായിരുന്നു. അയാളുടെ കൈയിൽ അനവധി പണമുണ്ടായിരുന്നതു മുഴുവനും കള്ളുകുടിച്ചും മററു നാനാവിധമായും നശിപ്പിച്ചു. അയാളേക്കാൾ ഇവർക്കു് വയസ്സു വളരെ കുറവാണു്. അന്നു വലിയ നാണംകുണുങ്ങിപ്പെണ്ണായിരുന്നു. ആരോടും ഒരക്ഷരം മിണ്ടുകയില്ല. അയാളെക്കുറിച്ചു ഭയഭക്തിയും ഉണ്ടായിരുന്നു. കള്ളുകുടിച്ചു വന്നു പലപ്പോഴും തല്ലീട്ടുണ്ടു്. പാവം അതെല്ലാം സഹിയ്ക്കും; ഒരക്ഷരം ചീത്തയായി പറകയില്ല.

മൂന്നോ നാലോ കൊല്ലം കഴിഞ്ഞപ്പോൾ ഒരു പെൺകുട്ടിയുണ്ടായി. ഭാഗ്യദോഷംകൊണ്ടു കുട്ടിക്കു് അംഗഭംഗമുണ്ടായിരുന്നു. അയാൾ ഒരു ഭ്രാന്തനെപ്പോലെ ചീത്ത പറഞ്ഞുതുടങ്ങി. കുട്ടിക്കു തൊണ്ടുണ്ടായതു് അവരുടെ കുററമെന്നു പറഞ്ഞു പലപ്പോഴും ചീത്ത പറഞ്ഞിട്ടുണ്ടു്. കുററമെല്ലാം അവരേററു. ആ കുട്ടിയോടു് ആർക്കും സ്നേഹം തോന്നാനും വിഷമമാണു്. അമ്മതന്നെ അതിനെ സംരക്ഷിച്ചു. അവർക്കു ലോകത്തിൽ ഇത്ര സ്നേഹമുള്ള ഒരു വസ്തുവില്ല. പെൺകടുവ കുഞ്ഞിനെ കാക്കുന്നപോലെ ഈ കുഞ്ഞിനേയും സംരക്ഷിച്ചുപോന്നു. ആരു വന്നാലും കുട്ടിയെ കാണിക്കാറില്ല. ഭർത്താവു പുറത്തുപോയാൽ ഉടനെ കുഞ്ഞിനുവേണ്ട ഉടുപ്പുകൾ തച്ചുണ്ടാക്കും. അതിൽ ബഹു സാമർത്ഥ്യമുണ്ടു്. ആ കാലത്തു് ഇത്ര നല്ല ഉടുപ്പുകളുള്ള ഒരു കുട്ടിയും ഇവിടെയില്ല. ഈ വസ്ത്രങ്ങളെല്ലാം ധരിപ്പിച്ചു് അതിനെ എടുത്തു് അകത്തു ലാത്തിക്കൊണ്ടിരിക്കും. ഒരിക്കലും അതിനെ പുറത്തു കൊണ്ടുവരാറില്ല.

ഈ ഭാഗ്യംപോലും വളരെനാൾ നിലനിന്നില്ല. ഒരു ദിവസം രാത്രി ഭർത്താവു് മുക്കറ കുടിയും കഴിഞ്ഞു വീട്ടിലെത്തി. മെത്തയിൽനിന്നു് കുഞ്ഞിനെ വലിച്ചു താഴത്തിട്ടു. അതു് വളരെ ക്ഷീണിച്ച കുട്ടിയായിരുന്നു. പാവം, എന്തിനധികം; അടുത്ത പകൽ കാണാൻ ആ കുഞ്ഞിനു സംഗതിയായില്ല.

അടുത്തു് അവിടെ ഉണ്ടായ കഥ എന്തെന്നു് ആർക്കും അറിഞ്ഞുകൂട. അടുത്തദിവസം 'കഴിയുന്നതുവരെ അവർക്കു് ബോധമുണ്ടായിരുന്നില്ല. ബോധം വീണപ്പോൾ അവർ പോലീസ് ലാക്കപ്പിൽ ആയിരുന്നു. കാരണമന്വേഷിച്ചപ്പോൾ ഭർത്താവിന്നു് മരണം സംഭവിക്കത്തക്കവണ്ണം മുറിവേല്പിച്ചു എന്നാണു് കുററം. അയാൾ ആശുപത്രിയിൽ കിടക്കുന്നു. കേസു വിസ്തരിച്ചു് അവളെ വെറുതെ വിട്ടു. അതിനുപുറമെ അവൾക്കൊരു

ഭാഗ്യംകൂടി ഉണ്ടായി. മുറിവുണങ്ങി പുറത്തുവന്ന ഭർത്താവു് അവളെ ഉപേക്ഷിച്ചു് എവിടെയോ പോയി. ഏറെ കഴിയുംമുമ്പെ അയാൾ ചാകയും ചെയ്തു. ഉപജീവനത്തിന് പൂർവസ്വത്തൊന്നും ഇല്ലായിരുന്നെങ്കിലും അവൾ ഒരിക്കലും ദാരിദ്ര്യം അനുഭവിച്ചിട്ടില്ല. ഒരു തയ്യൽക്കാരി എന്ന നിലയിൽ നല്ല സമ്പാദ്യമുണ്ടു്. പക്ഷെ അവളുടെ സ്വഭാവത്തിന് ആകെ ഒരു മാററം വന്നു. ഒരു നാണംകുണുങ്ങിപ്പെണ്ണു്, ഒരു ഘോരനിശാചരി–താടക–യായി പരിണമിച്ചു. ആണുങ്ങളെ ഒററ വെട്ടിനു കൊല്ലാൻ എല്ലാവൎക്കും കൂടി ഒരു കഴുത്തു മതിയായിരുന്നു എന്നവൾ പലപ്പോഴും പറയാറുണ്ടു്. ആണുങ്ങളെ അത്തച്ചുഴുത്തിപോലെ അവൾ വിചാരിച്ചിരുന്നു. സൌന്ദര്യമില്ലെങ്കിൽ ആ കുട്ടികളോടിന്നും അവൾക്കു വാത്സല്യമുണ്ടു്. തെറിസാഹിത്യത്തിൽ അവൾ വശ്യവാക്കായി. അടിയും തടവും സ്വാധീനമാക്കി.

ഇങ്ങിനെയെല്ലാമാണു് അവരുടെ ചരിത്രം. ഏകാന്തജീവിതം അസഹ്യമെന്നു തോന്നിത്തുടങ്ങി. മനുഷ്യൻ ഒരു സമുദായജീവി തന്നെ സംശയമില്ല. ഈ ചെറിയ സാഹിബ് ഇവരെ കല്യാണം കഴിച്ചതു ജോലിചെയ്യാതെ സുഖമായിരിക്കാമല്ലോ എന്നു വിചാരിച്ചാണു്. തെറിയും അടിയും ആഹാരത്തിൽ ചേർത്തു് കണ്ണടച്ചു വിഴുങ്ങുവാൻ ഇയ്യാൾക്കു് ഒരു മടിയുമില്ല. ആഹാരം സുഖമായിട്ടുണ്ടു്. അനുജത്തി അശരണയുമാണു്. അവളേയും രക്ഷിയ്ക്കുന്നുണ്ടു്. ചിലപ്പോഴൊക്കെ തല്ലും തെറിയും അനുഭവിക്കണമെന്നേയുള്ളു.

ഇത്രയും ആയപ്പോഴയ്ക്കും അമ്മസാഹിബിന്റെ വരവായി. ബാല്ക്കണിയിൽ നിന്നുതന്നെ അനുജത്തി ഇവരെക്കണ്ടു. ഓന്തിന്റെ മട്ടിൽ ഭാവത്തിന്റെ നിറം മാറി. കാരണം അന്വേഷിച്ച ആയ അനുജത്തിയെ കണ്ടതേ ഇല്ല.

പ്രോവ ഈ കഥ കേട്ടു മൂകയായി. സകലരും അമ്മസാഹിബിനെ ബാഹ്യവേഷംകൊണ്ടു് വെറുത്തിരുന്നു. പരിശുദ്ധമൈത്രിയുടെ ഉറവു് അവളുടെ ഹൃദയത്തിൽ നിന്നു ഇപ്പോഴും പ്രവഹിക്കുന്നുണ്ടെന്നു് ആരും അത്ര അറിഞ്ഞിട്ടില്ല. നഷ്ടപ്പെട്ട അവളുടെ ശിശുവിന്റെ സ്മരണ അവൾക്കു് മനുഷ്യത്വവും സ്ത്രീത്വവും ഉണ്ടാക്കിത്തീൎക്കുന്നു. അവൾ ഒരു അമ്മയായിരുന്നു എന്നോൎക്കാൻ അവൾക്കു് സാധിച്ചിരുന്നു.

ഇതിനു ശേഷം പ്രോവ അമ്മസാഹിബിനെപ്പററി ഒരക്ഷരവും ആരക്ഷിപസ്വരത്തിൽ പറഞ്ഞിട്ടില്ല.

# അദ്ധ്യയനത്തെ സന്തുഷ്ടിയും വെറുപ്പും എങ്ങിനെ പ്രേരിപ്പിക്കുന്നു.

(അദ്ധ്യാപനവിദഗ്ധൻ)

അഭ്യസനമാണ് ജ്ഞാനസമ്പാദനത്തിനുള്ള മാർഗ്ഗമെന്നറിഞ്ഞുവല്ലൊ. പക്ഷെ അതുകൊണ്ടു മാത്രമായില്ല. പരിചയിക്കുന്ന ചിലതു് നാം ചെയ്വാൻ പഠിക്കുന്നു. പരിചയിക്കുന്ന മററു ചിലതു് ചെയ്യരുതെന്നും പഠിക്കുന്നു. ചിലതു ചെയ്വാനും മററു ചിലതു് ചെയ്യാതിരിക്കാനും പഠിക്കുന്നതെന്തുകൊണ്ടാണ്?

കുട്ടികളുടെ കയ്യിൽ ഒരു പന്തു കൊടുത്തു് അവരോടൊന്നിച്ചു കളിച്ചുനോക്കുക. അവർ അതു് നമ്മുടെ നേരെ എറിയുവാൻ ശ്രമിക്കും. പക്ഷെ അതു് ഇടത്തോട്ടൊ വലത്തോട്ടൊ ചരിഞ്ഞു പോകുന്നുള്ളു. ആവർത്തിച്ചുള്ള പ്രവൃത്തികൊണ്ടു് അവർ അതു നേരെ എറിഞ്ഞു എന്നും വരും.

ഇവിടെ കുട്ടികൾ എന്തു പഠിച്ചു എന്നു നോക്കുക. ആദ്യം എറിഞ്ഞപ്പോൾ അവർക്കു വിജയമുണ്ടായില്ല. പിന്നെയും അതുതന്നെ ചെയ്തു. അപ്പോൾ അതു് മററുവഴിയ്ക്കു പരാജയപ്പെട്ടു. ഒടുവിൽ അവർ വിജയികളായി. പരാജയം വന്ന ഓരോ തവണയും അവർ ആ സമ്പ്രദായത്തെ വെറുക്കുന്നു. വിജയത്തിൽ സംതൃപ്തിയും ഉണ്ടായി. ഏതു മാർഗ്ഗമാണോ വിജയവും സംതൃപ്തിയും പ്രദാനം ചെയ്തതു്, അതിനെ മാത്രമെ നാം പിന്നീടു് ആവർത്തിയ്ക്കുകയുള്ളു. വിജയവും സംതൃപ്തിയും നൽകുന്ന മാർഗ്ഗത്തെ തുടർന്നു പ്രവർത്തിക്കുന്നതിനു നാം പഠിക്കുന്നു. പരാജയവും അസംതൃപ്തിയും ഉണ്ടാകുന്ന ഒന്നു് പ്രവർത്തിക്കരുതെന്നും പഠിക്കുന്നു.

വേറെ ഒരുദാഹരണം നോക്കുക. മത്സ്യങ്ങളെ വളർത്തി ശാസ്ത്രഗവേഷണം ചെയ്യുന്ന ഒരുവൻ ഒരു വലിയ മത്സ്യത്തേയും ഏതാനും ചെറിയവയേയും ഒരു പാത്രത്തിൽ ഇട്ടു വളർത്തി. ചെറിയ മത്സ്യങ്ങളെ ആ വലിയ മത്സ്യം വിഴുങ്ങിക്കളയുന്നതായി കണ്ടു. ഒരു കണ്ണാടിച്ചില്ലുകൊണ്ടു് ഈ കൃത്രിമജലാശയത്തെ രണ്ടായി പകുത്തു് ഒന്നിൽ വലിയ മത്സ്യത്തേയും മറേറതിൽ ചെറിയവയേയും സൂക്ഷിച്ചു. തന്റെ മുമ്പിൽ നില്ക്കുന്ന ചെറു മത്സ്യങ്ങളെ തിന്നുവാനായി വലിയ മത്സ്യം അങ്ങോട്ടടുത്തു. കണ്ണാടിച്ചില്ലുകൊണ്ടുള്ള തടസ്സം അതു് ആദ്യം അറിയുന്നില്ല. കുറച്ചു മുന്നോട്ടു ചെന്നപ്പോൾ അതിന്മേൽ മുട്ടി പിൻതിരിയേണ്ടിവന്നു. ഇങ്ങനെ ആവർത്തി

ച്ചാവൎത്തിച്ചുള്ള പരാജയം അതിന്നു വെറുപ്പുണ്ടാക്കി. ഉടനെ കണ്ണാടിച്ചില്ലുകൊണ്ടുണ്ടാക്കിയിരിക്കുന്ന തടസ്സം മാററി. രണ്ടു ജാതികളുമൊന്നിച്ച് വെള്ളത്തിൽ കളിച്ചുകൊണ്ടിരുന്നു. ചെറുമത്സ്യങ്ങളെ തിന്നാതെയുമായി.

ഇവിടെയുണ്ടായ സംഗതി എന്തു്? ചെറുമത്സ്യങ്ങളെ വിഴുങ്ങുവാനുണ്ടായ ശ്രമത്തിൽ സ്വല്പമായ വേദനയും പരാജയവും പലപ്രാവശ്യവുമുണ്ടായി. അപ്പോഴൊക്കെ വെറുപ്പും വന്നു. അസംതൃപ്തി നല്ലപോലെ പതിഞ്ഞപ്പോൾ അതിന്നു കാരണമായ പ്രവൃത്തി ചെയ്യരുതെന്നു പഠിച്ചു.

നാം പെരുമാറുന്ന വീടിന്റെ കതകു തുറക്കുവാൻ ഒരുങ്ങുന്നതായി വിചാരിക്കുക. താക്കോൽ എടുത്തു് പൂട്ടു തുറക്കുവാൻ ഭാവിക്കുന്ന നമുക്ക് താക്കോൽപഴുതിൽ താക്കോലിടുവാൻ ഒരു വിഷമവും കാണുകയില്ല. പഴുതു കാണാതെതന്നെ കൈ ആ പ്രവൃത്തി ശരിയായി നിൎവ്വഹിയ്ക്കും. മറെറാരു വീട്ടിലേയ്ക്ക് മാറി എന്നു വിചാരിക്കുക. അതിന്റെ താക്കോൽ പഴുതു് അല്പം താഴെ ആയിരുന്നു. നമ്മുടെ പതിവനുസരിച്ച് താക്കോലിടുവാൻ ശ്രമിച്ചു. പരാജയം കൊണ്ട് അല്പം കീഴോട്ടു താഴ്ത്തിനോക്കി. രണ്ടോ മൂന്നോ പ്രാവശ്യം ഈ വിധം ചെയ്തു കഴിയുമ്പോൾ നിൎദ്ദിഷ്ടസ്ഥാനം നമുക്കു സ്വാധീനമാകും. ഇവിടെയും പരാജയം വന്ന വൃത്തി നമ്മിൽ പതിഞ്ഞില്ല. അതായതു നാം പഠിച്ചില്ല.

നാം നമ്മുടെ നടത്തയെക്കുറിച്ച് പുനരാലോചന ചെയ്യുന്നതുകൊണ്ടും ഈ മനോഭാവം നമുക്കുണ്ടാകുന്നതാണ്. ഒരിക്കലും ചെയ്യരുതാത്ത ഒരു കാൎയ്യം ഞാൻ അനുഭവിച്ചുപോയി എന്നു വിചാരിക്കുക. അതിനെ പ്രേരിപ്പിച്ച വികാരാവേശത്തിൽ വിജയത്തെക്കുറിച്ച് സന്തുഷ്ടിയും സന്തോഷവും എനിക്കുണ്ടാകുന്നു. കുറെക്കഴിഞ്ഞു് ഈ കാൎയ്യത്തെക്കുറിച്ചു ശാന്തമായി ആലോചിക്കുക തന്നെ. ഞാൻ ചെയ്തതു് അപരാധമെന്ന ബോധം കൊണ്ട് അല്പമായ വെറുപ്പിന്നു കാരണമാകുന്നു. ഞാൻ ആ തെററു ചെയ്തുപോയി എന്ന പാശ്ചാത്താപം സ്വല്പമായി അങ്കുരിച്ചു തുടങ്ങും. ഇപ്പോൾ വെറുപ്പിന്ന് ഉത്തരോത്തരം വൃദ്ധിയും, സംതൃപ്തിക്കു ക്ഷയവും സംഭവിക്കുന്നു. ആ കൎമ്മത്തെതന്നെ വീണ്ടും ആവൎത്തിക്കാതിരിക്കാൻ ഒരു മനോഭാവം എന്നിൽ അങ്കുരിച്ചു എന്നു വന്നേക്കാം. അപരാധം അനുഷ്ഠിച്ചതിനെ ഓൎത്തു വാസ്തവമായ പാശ്ചാത്താപം നമുക്കുണ്ടായാൽ ഒരിക്കലും ആ കൎമ്മം നാം ആവൎത്തിയ്ക്കുന്നതല്ല. പശ്ചാത്താപം, ചെയ്തുപോയ പാപത്തെയല്ല പരിഹരിക്കുന്നതു്. അതു് അനന്തരമായ ഒരു പാപകൎമ്മത്തിൽ നിന്നു നമ്മെ രക്ഷിയ്ക്കുകയേ ചെയ്യുന്നുള്ളു.

ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിൽ വിരസത ഭാവിക്കുന്ന ഒരു ശിശു അതു ചെയ്യാതിരിക്കാൻ പഠിക്കുന്നു. അപരാധകർമ്മങ്ങളിൽ ശിശുക്കൾക്കു വിരസത ഉണ്ടാക്കുന്നതെങ്ങിനെ.? ഇവിടെ കായികശിക്ഷയ്ക്കു് അവസരമുണ്ടോ? അതിസൂക്ഷ്മമെങ്കിലും ഉചിതമായ ഒരു സ്ഥാനം അങ്ങിനെ ഒരു ശിക്ഷയ്ക്കുണ്ട്. ഏതെങ്കിലും ഒന്നു ചെയ്യരുതെന്നുള്ളപ്പോൾ ശിക്ഷ ചിലപ്പോൾ ശിശുവിനെ ആ കർമ്മത്തിൽ നിന്നു വിരമിപ്പിച്ചേക്കും. വിഷമതരങ്ങളായ ചില കർമ്മങ്ങൾ ചെയ്യേണ്ടതായിരിക്കുമ്പോൾ ശിക്ഷ ഒരിക്കലും ഫലപ്രദമായിരിക്കയില്ല. അനുഷ്ഠിക്കേണ്ട കർമ്മത്തിനും ശിക്ഷയ്ക്കും തമ്മിലുള്ള ബന്ധമെന്തെന്ന് ശിശു ഒരിക്കലും അറിയുന്നില്ല.

ഒരു മേശപ്പുറത്ത് ഒരു വിരിപ്പും ഏതാനും പുഷ്പങ്ങൾ വച്ചിട്ടുള്ള തട്ടങ്ങളും ഒരു മുറിയിൽ ഉള്ളതായി വിചാരിക്കുക. കഷ്ടിച്ച് ഓടിനടന്നു കളിക്കുന്ന ഒരു ശിശു അവിടെ ചെന്ന് മേശവിരിപ്പു പിടിച്ചു വലിച്ചു എന്നു വിചാരിക്കുക. വിരിപ്പും പൂത്തട്ടങ്ങളും താഴെ വീണു; തട്ടങ്ങൾ പൊട്ടിപ്പോയി. ഈ അവസരത്തിൽ നാം എന്തു ചെയ്യണം.? മേശവിരിപ്പു വലിക്കാതിരിക്കാൻ കുട്ടിയെ പഠിപ്പിക്കണം. വിരിപ്പു വലിക്കുന്ന കർമ്മം അതിന് വെറുപ്പുണ്ടാക്കിത്തീർപ്പാൻ ഈ ഘട്ടത്തിൽ ശിക്ഷ ഉചിതമായിത്തീരുന്നതാണ്. ശിക്ഷ ചീത്തയായ കർമ്മത്തെ പ്രതിരോധിക്കുമെന്നല്ലാതെ ഒരിക്കലും നല്ലവയെ പോഷിപ്പിക്കുകയില്ല.

ഒരു കുട്ടി അത്യന്തം അപരാധമായ ഒന്നു ചെയ്കയും അവൻ്റെ പിതാവ് അതറിയുകയും ചെയ്തു. ആ പിതാവ് അതിനു അവനെ ശിക്ഷിച്ചു. കുട്ടിയുടെ അനുഭവം എന്തെന്നു നോക്കുക. പരാജയവും വെറുപ്പും തന്നെ. പക്ഷെ അവൻ എന്തു പഠിച്ചു എന്നു നോക്കുക. അതിനു വേറെ ചിലതുകൂടി ചിന്തിക്കേണ്ടതുണ്ട്. അപരാധിയെന്നു തോന്നി പശ്ചാത്താപം അവനുളവാകുന്നു എങ്കിൽ, ചെയ്ത കാര്യം പരാജയമെന്നു തോന്നി അതു ചെയ്യാതിരിക്കാൻ പഠിച്ചു എന്നു വന്നേക്കാം. തെററു ചെയ്തതിനെക്കുറിച്ചു പശ്ചാത്താപം ആ കുട്ടിക്കുണ്ടായില്ല എന്നു വിചാരിക്കുക. പക്ഷെ അവൻ ചെയ്ത തെററ് കണ്ടെത്തിയതിൽ പശ്ചാത്താപവും വെറുപ്പും വന്നിരിക്കുന്നു. അടുത്ത പ്രാവശ്യം കണ്ടുപിടിക്കാതിരിക്കാനുള്ള കൗശലമാണ് അവൻ പഠിച്ചത്. ശിക്ഷ ഇങ്ങിനെ രണ്ടു ഫലങ്ങളെ ഉണ്ടാക്കിത്തീർക്കുന്നു. അപരാധത്തെക്കുറിച്ചുള്ള പശ്ചാത്താപമൊ, അപരാധം ചെയ്തതു് അറിഞ്ഞുപോയതിനെക്കുറിച്ചുള്ള അസന്തുഷ്ടിയൊ ഒരു കുട്ടിയിലുണ്ടായേക്കാം. ശിക്ഷയെക്കുറിച്ച് വീക്ഷിക്കുന്ന കോണത്തെ ആശ്രയിച്ചു അവനിൽ അഭ്യസനം ഉണ്ടാകുന്നു. ശിശുക്കളുടേയും അദ്ധ്യാപകന്മാരുടേയും വീക്ഷണകേന്ദ്രം ഒന്നായിരിക്കയില്ലെന്നു പ്രത്യേകം അറിഞ്ഞു വിദ്യാ

ർത്ഥികളുടെ സ്ഥാനത്തെ അറികയത്രെ അദ്ധ്യാപകൻ ചെയ്യേണ്ടതു്.?

മാനസികഗുണങ്ങളുടെ അഭ്യസനത്തിലാണ് സംതൃപ്തിയും വെറുപ്പും പ്രധാനമായി പ്രവർത്തിക്കുന്നതു്. ഔദാര്യം എന്ന ഗുണം വിദ്യാർത്ഥികൾക്കുണ്ടാകുവാൻ ചില പ്രവൃത്തികൾ നമുക്കു നിർദ്ദേശിക്കാൻ കഴിയും. പക്ഷെ അവരിൽ പരസ്പരണ കൂടാതെതന്നെ ആ വികാരം ഈ വൃത്തികൊണ്ടു് സമുദായം ചെയ്യുമോ എന്നു സംശയമാണു്. അദ്ധ്യാപകൻ ഉപദേശിക്കുന്ന പരിശീലനം അവരുടെ ഹൃദയത്തെ സ്പർശിച്ചു് സംതൃപ്തി ഉളവാകുന്നു എങ്കിൽ ഗുണം സ്വയംപ്രവർത്തകമായി അവരിൽ വളരുന്നതാണു്. അങ്ങിനെ അല്ലെങ്കിൽ ഔദാര്യത്തിനു പകരം അതിനോടുള്ള അവജ്ഞയാണു് അവരിൽ ഉണ്ടാകുന്നതു്.

സത്യഭാഷണവും ഇതുപോലുള്ള ഒരു ഗുണം തന്നെയാണു്. ഒരുപക്ഷെ സകല സൽഗുണങ്ങളുടെയും മകുടം തന്നെ എന്നും പറയേണ്ടതാണു്. ഒരിക്കൽ ഏഴാംക്ലാസിൽ കുറെ കുട്ടികൾ പഠിക്കുന്നുണ്ടായിരുന്നു. അവരിൽ അധികംപേരും സത്യഭാഷണത്തിൽ താല്പര്യമുള്ളവരായിരുന്നില്ല. അദ്ധ്യാപകന്മാരെ ശത്രുക്കളെന്നു അവർ എണ്ണിയിരുന്നു. പാഠശാലയെ ഒരു ഉപദ്രവസങ്കേതമായി അവർ എണ്ണാതെയുമിരുന്നില്ല. ഇവിടെ ഒരദ്ധ്യാപകനു രണ്ടാവശ്യം നേരിടുന്നു. പാഠശാലയിൽ ഹാജരാകുന്നതിനു വെറുപ്പും അങ്ങിനെ ചെയ്താൽ അവിടെ കുഴപ്പവും ഉണ്ടാക്കിക്കൊണ്ടിരുന്ന വിദ്യാർത്ഥികളിൽ ശാന്തമായ ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടതു് ആദ്യത്തെ ജോലിയാണു്. അടുത്തതു് സത്യഭാഷണത്തിൽ ഉള്ള സന്തോഷവും ഉണ്ടാക്കിത്തീർക്കണം.

കുട്ടികളെ മാത്രം ക്ലാസിലിരുത്തി അദ്ധ്യാപകൻ ക്ലാസുമുറി വിട്ടുപോകണം. അവർ ഓരോരുത്തരും ചെയ്യുന്ന കുഴപ്പങ്ങളെ ഇല്ലാതാക്കുവാൻ ശ്രമിക്കണം. അഥവാ വല്ലതുമുണ്ടാക്കിയാൽ അതു കുറ്റമെന്നു് ഞാൻ ഗണിക്കുകയില്ല. പക്ഷെ അവനവൻ ഉണ്ടാക്കുന്ന കുഴപ്പം എന്നോടു തുറന്നു പറയണം. ഇപ്രകാരമാജ്ഞകൊടുത്തു് ക്ലാസുമുറി വിട്ടുപോയാൽ കുഴപ്പമുണ്ടാകുമെന്നതു് നിശ്ചയംതന്നെ. എല്ലാവരും സത്യം പറഞ്ഞു എന്നും വരുന്നതല്ല. എങ്കിലും കുറച്ചുദിവസത്തെ അനുഭാവപൂർവ്വകമായ പെരുമാററം അവരെ ശാന്തരാക്കും. ക്രമേണ സത്യഭാഷണവും അവരിൽ ഉളവാക്കാൻ കഴിയും. ഇതു കേവലം ഒരു യുക്തിവാദമെന്നു ധരിക്കരുതു്. അനുഭവം പൂർണ്ണവിശ്വാസത്തെ നൽകീട്ടുണ്ടെന്നു് തുറന്നു പറവാൻ ധൈര്യപ്പെട്ടുകൊള്ളുന്നു.

സംതൃപ്തി പ്രകൃതിഭേദമനുസരിച്ചു് ചിലപ്പോൾ സ്വാർത്ഥമയും

മററു ചിലപ്പോൾ പരാത്ഥമായും വരാറുണ്ട്. ദാഹംകൊണ്ടു വലയുന്നവന് വെള്ളത്തിലുള്ള തൃഷ്ണയോടുപമിക്കാൻ ധനതൃഷ്ണ മാത്രമെ കാണുകയുള്ളൂ. സ്വസന്തതികളേക്കാൾ പണത്തിൽ സംതൃപ്തിയുള്ളവരെ അപൂവ് മായിട്ടല്ല അനുഭവപ്പെടുന്നത്. ഏതൊന്നിൽ ഉള്ള സംതൃപ്തി സന്തോഷകാരണമാകയും അതു വിശാലപരിധിയിലേയ്ക്കു വ്യാപിക്കുന്നതാകയും കാണുന്നു അങ്ങിനെയുള്ളവയോടിടപെടുവാൻ ശീലിക്കേണ്ടതാണ്.

സംതൃപ്തിയാണ് പരമപദമെന്നു ആരും ധരിക്കരുത്. അതു് തൽപദപ്രാപ്തിക്കുള്ള ഒരു ഉപായം മാത്രമാണ്. അഭ്യാസംകൊണ്ടു മാത്രം ജ്ഞാനം സിദ്ധിക്കുകയില്ല. സംതൃപ്തിയും ജ്ഞാനലബ്ധിക്ക് ആവശ്യമുള്ളതത്രെ. വെറുപ്പുണ്ടാകുന്ന പ്രവൃത്തികൾ നാം പഠിക്കയില്ല. വിജയവും സംതൃപ്തിയും വിദ്യാഭ്യാസത്തിന് അത്യന്താപേക്ഷിതമെന്നും പരാജയവും വെറുപ്പും ഒന്നു ചെയ്യരുത് എന്നു നമ്മെ പഠിപ്പിക്കുന്നു എന്നും അറിഞ്ഞിരിക്കേണ്ടതാണ്.

# രണ്ടാം അഫ്ഗാൻയുദ്ധം.

(തുടച്ച്)

(മേജർ ബി. ഡി. വാസു ഐ. എം. എസ്സ്.)

### കാരണങ്ങൾ.

ജനറൽഗോർഡൻെറ ഈ അഭിപ്രായം വേറെയും തെളിവുകളെക്കൊണ്ടു വിശദപ്പെടുത്താം. പൊളിററിക്കൽ റസിഡൻറ് അല്ലെങ്കിൽ ഏജൻറന്ന നാമത്തിൽ ഈ വിദഗ്ദ്ധന്മാർ പ്രതിനിധീകരിച്ചിരിക്കുന്ന നാടുകളിലെല്ലാം പല കുഴപ്പങ്ങളും ഉണ്ടാകാറുണ്ട്. ഈ പരമാർത്ഥത്തെ ഇൻഡ്യയുടെ ഇംഗ്ലീഷുചരിത്രകത്താക്കളും വിസംവദിക്കുന്നതല്ല. കഴിഞ്ഞ നൂറാണ്ടിൽ പേഷ്വായുടെ രാജധാനിയിൽ അല്പം ചില കുഴപ്പവും വിക്രിയകളും ഉണ്ടാകേണ്ടതു് ആവശ്യമായിരുന്നു. അതിനാൽ പേഷ്വവാ

യുടെ രാജധാനിയിലെയ്ക്കു് ഒരു റസിഡണ്ടിനെ അയച്ചു. ഈ റസിഡണ്ടിൻെറ പേർ മോസ്റ്റിൻ എന്നായിരുന്നു. മഹാരാഷ്ട്രചരിത്രകാരനായ കാപ്ടൻ ഗ്രൻറ്ഡഫ് ചരിത്രപാരമാത്ഥ്യം മുൻനിറുത്തി ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഗാർഹസ്ഥ്യം സ്വാസ്ഥ്യങ്ങളെ അസ്ഥിരീഭവിപ്പിക്കാൻ മി: മോസ്റ്റിനെ പൂനയിലേയ്ക്കയച്ചു.

അത്ര തന്നെയല്ല, ഇൻഡ്യാഗവമ്മെൻറിൻെറ അധീനതയിൽ കാശ്മീരത്തെ വരുത്തണമെന്നു നിശ്ചയിച്ചപ്പോൾ 'സുഖസാന്ദ്രവിലെ ഹിന്ദുഭരണാധികാരിയുടെ രാജധാനിയിലേയ്ക്കു് ഒരു ബ്രിട്ടീഷ് പൊളിട്ടിക്കൽ ഏജൻറിനെ അയയ്ക്കുക എന്നതത്രെ, ലക്ഷ്യസാദ്ധ്യത്തിന് ആദ്യമായി അനുഷ്ഠിച്ചതു്. ഈ ഉദ്യോഗസ്ഥനു നവപീഠാരോഹണം ചെയ്തു് ഏറെ കഴിയുംമുമ്പേ ഇൻഡ്യയിലെ ബ്രിട്ടീഷുഗവമ്മെൻറിനെ തകിടം മറിക്കാൻ റഷ്യയുമായി ദുരാലോചന നടത്തിവരുന്നു എന്ന ദിവ്യദശ്നമുണ്ടായി. രാജാവും സാറുമായി ഇടമുറിയാതെ എഴുത്തുകളയയ്ക്കുന്നുണ്ടെന്നു് അധ്യാരോപം ചെയ്തു. ഈ എഴുത്തുകളെല്ലാം കൃത്രിമനിമ്മിതമെന്നും, സൂര്യൻ ഒരിക്കലും അസ്തമിക്കാത്ത മഹാസാമ്രാജ്യത്തിൻെറ പ്രഭാവപ്രതാപങ്ങളെ പ്രതിനിധീകരിച്ച ഈ ഉദ്യോഗസ്ഥൻെറ കൈയും കൃത്രിമലേഖനനിമ്മാണത്തിൽ പ്രവത്തിച്ചിരുന്നു എന്നും ഉള്ള രഹസ്യോദന്തം ഇന്നു പരസ്യമായ ഒരു പാട്ടായിത്തീന്നിട്ടുണ്ടു്.

ഈ യൂറോപ്യന്മാരായ മീമാംസാവിദഗ്ദ്ധന്മാരെ സൃഷ്ടിച്ചിരിക്കുന്ന ഭൂതവിശേഷങ്ങളെ കാബൂൾ അമീറും അഫ്ഗാൻജനങ്ങളും സവിശേഷം അറിഞ്ഞിട്ടുണ്ടു്. അഫ്ഗാന്മാർ ഔദായ്യത്തിൽ സുപ്രസിദ്ധന്മാരായിരുന്നതുകൊണ്ടു് ആതിഥേയരായ യൂറോപ്യന്മാരെ ആദ്യം അത്യാദരവോടെ ബഹുമാനിച്ചു. ആ ഉദ്യോഗസ്ഥമണ്ഡലംമൂലം അദ്യാപി അഫ്ഗാന്മാർ അനുഭവിക്കുന്ന ദുരിതങ്ങൾക്കു തങ്ങളെ പാത്രമാക്കിത്തീത്ത യുദ്ധസ്മരണ അവരിൽനിന്നും മാഞ്ഞുപോയിട്ടില്ലായിരുന്നു. അത്യന്തഭക്തനായ ഒരു ക്രിസ്ത്യൻ—സർ വില്യം മഗ്നാട്ടൻ—തങ്ങളുടെ നേതാവിനെ വധിപ്പിച്ചും പ്രഭുസമിതിയിൽ അനൈകമത്യബീജം അവാപം ചെയ്തും രാജ്യത്തു കുഴപ്പവും ക്രമരാഹിത്യവും ഉണ്ടാക്കിത്തീക്കുവാൻ സംശയിക്കപോലും ചെയ്തിട്ടില്ലെന്നും അഫ്ഗാന്മാക്കു നല്ലപോലെ അറിയാം. അസിസ്റ്റൻറ് പൊളിട്ടിക്കൽ ഏജൻെറന്ന നിലയിലും സ്ഥാനാപതിയായ മഗ്നാട്ടൻെറ വിശ്വസ്തനെന്ന നിലയിലും കാപ്ടൻ ജെ. ബി. കാണോളി മോഹനലാലിനു താഴെ കാണുന്ന വിധത്തിൽ ഒരു എഴുത്തയക്കാൻ സാധിച്ചതും അയച്ചതും അഫ്ഗാനിസ്ഥാനിലെ ക്രിസ്ത്രീയസഹോദരങ്ങളുടെ കമ്മത്തിൽ കാണുന്ന കരാളകാളിമ എത്രമെന്നു സങ്കല്പിക്കാനേ സാധിക്കയുള്ളു.

"ഷറിയാൻ ഖാൻ, നായിബ് ഷറിഫ് എന്നല്ല എല്ലാ ഷിയാപ്രമാണികളും ഒന്നിച്ചുചേൎന്ന് ശത്രുക്കളോടെതിരിടണമെന്നു് കുസിൽബാഷ് പ്രഭുക്കന്മാരെ അറിയിക്കുക. ശത്രുക്കളെ പിടികൂടി വധിക്കുന്നതിനും ഷിയാവൎഗ്ഗക്കാരെല്ലാം ആയുധപാണികളായി ശത്രുക്കളെ എതിൎക്കുന്നതിനും ഖാൻഷറിയാനോടു പറയുക. അയാൾക്കു് ഒരു ലക്ഷം രൂപ കൊടുക്കാമെന്നു വാഗ്ദാനവും ചെയ്യാം. അനുകൂലികളായ പ്രമാണികളോടു് മാന്യന്മാരായ ഏജൻറന്മാരെ സ്ഥാനാപതിയുടെ അടുക്കലേക്കയക്കാൻ പറയണം. ശത്രുക്കളുടെ ഇടയിൽ 'നിഫാക്' പ്രചരിപ്പിക്കാൻ ശ്രമിക്കുക. പ്രാമാണികരായ ശത്രുക്കളുടെ ഓരോ തലയ്ക്കും പതിനായിരം രൂപ വാഗ്ദാനം ചെയ്യുന്നു."

സ്വന്തം കഴുത്തിൽ കയറുകൊണ്ടു കെട്ടി മുറുക്കാൻ കാബൂൾ അമീർ സമ്മതിക്കുമെന്നു തോന്നുന്നില്ല. ഒരു ബ്രിട്ടീഷുദ്യോഗസ്ഥനെ റസിഡണ്ടായിട്ടോ ഏജൻറായിട്ടോ അമീർ സ്വീകരിക്കുമോ എന്നാലോചിക്കുന്നതിനായി അഫ്ഗാൻ കാൎയ്യവിചക്ഷണന്മാരുടെ അഭിപ്രായം സ്വരൂപിക്കുന്നതിന് നാൎത്തുബ്രൂക് വൈസറായി അവൎക്കു് ക്ഷണമയച്ചു. അവരെല്ലാവരും ഐകകണ്ഠ്യേന അമീർ ഈ അഭിപ്രായത്തെ സ്വീകരിക്കുകയില്ലെന്നു് വൈസറായിയെ അറിയിച്ചു. 1875 ജൂൺ 7-ാം൹ ഇൻഡ്യാഗവൎമ്മെൻറു സാലിസ്ബറിയുടെ ഡിസ്പ്പച്ചിന്നു ഇങ്ങിനെ മറുപടി അയച്ചു.

വൈസറായി:—. അമീറിൻെറ ആശയങ്ങളെക്കുറിച്ചു് ഒരു സൂക്ഷ്മവിധി കല്പിക്കുന്നതിന്നു സമൎത്ഥന്മാരെന്നു ഭാവിക്കുന്നവരുടെ അഭിപ്രായം അത്യന്തയോജിപ്പുകൊണ്ടു് ആദരണീയമെങ്കിലും ഒരു ബ്രിട്ടീഷ് ഏജൻറിനെ സ്വീകരിക്കുന്ന കാൎയ്യത്തിൽ അമീർ വിപ്രതിപത്തിയുള്ളവനെന്നു തന്നെയാണു് ഞങ്ങളുടെ അന്വേഷണംകൊണ്ടു സിദ്ധിച്ചിട്ടുള്ളതു്.

* * * * *

ഇപ്പോഴത്തെ നയത്തെ പ്രതിഷേധിക്കുന്ന ഒരു വിഭാഗം അഫ്ഗാനിസ്ഥാനിലെ സൎദ്ദാറന്മാരിൽ ഇപ്പോഴുമുണ്ടെന്നുള്ള അഭിപ്രായം ബുദ്ധിപൂൎവ്വം സംശയിപ്പാൻപോലും അവകാശമുള്ളതല്ല. അഫ്ഗാൻയുദ്ധം കഴിഞ്ഞിട്ടു കാലം ഒട്ടുവളരെ ചെന്നിരിക്കുന്നു എന്നു് ഇൻഡ്യയിലെ വൈസറായിമാരുടെ മാററംകൊണ്ടു് ഞങ്ങൾക്കു തോന്നുന്നുണ്ടെങ്കിലും ഇതിനിടയിൽ പല സംഗതികളും നടന്നതുകൊണ്ടു പ്രത്യേകിച്ചങ്ങിനെ തോന്നുവാനിടയുണ്ടെങ്കിലും ആ യുദ്ധത്തിൽ ഏൎപ്പെട്ടിരുന്നവരിൽ പലരും ഇന്നു് അഫ്ഗാനിസ്ഥാനിൽ താമസിക്കുന്നതുകൊണ്ടു് സങ്കുചിതപരിധിക്കുള്ളിൽ

മാത്രം ചിന്തയേയും പ്രവൃത്തിയേയും സൂക്ഷിക്കുന്ന അവരുടെ സ്മരണയിൽ ഇന്നും യുദ്ധകാഹളം മുഴങ്ങുന്നുണ്ടാവാം. അഫ്ഗാനിസ്ഥാനുമായി അടുത്തു പരിചയം സിദ്ധിച്ചിട്ടുള്ള പലരും, ബ്രിട്ടീഷും അഫ്ഗാനിസ്ഥാനുമായി ദൃഢമൈത്രിക്കു വേണ്ട ശ്രമം ചെയ്യേണ്ട ഒരു കാലം ഇതുതന്നെയെന്നു പൂർണ്ണമായി സമ്മതിക്കുന്നതാണ്.

അമീറിൻെറ രാജധാനിയിലേയ്ക്കു് ഒരു ബ്രിട്ടീഷ് ഏജൻറിനെ കുത്തിതിരുകുക എന്ന അഭിപ്രായത്തെ നാർത്ത്ബ്രൂക്കിൻെറ വിപരീതാഭിപ്രായത്തിനു ശിഥിലമാക്കാൻ സാധിച്ചില്ല. ഒരു ബ്രിട്ടീഷ് ഏജൻറ് അഫ്ഗാനിസ്ഥാനിൽ നിയമിക്കപ്പെടണമെന്ന അന്ത്യശാസനം പുറപ്പെടുകതന്നെ ചെയ്തു. ഇൻഡ്യയുടെ ഭരണം നേരിട്ടു കൈയേററ കാലത്തു് വിക്ടോറിയാതിരുമേനിയുടെ വിളംബരമോ.? "വിദ്യാഭ്യാസം, ത്രാണി, സത്യസന്ധത എന്നീ ഗുണങ്ങൾകൊണ്ട് കർത്തവ്യാനുഷ്ഠാനത്തിനു ശക്തിയുള്ള സകല ജാതിമതസ്ഥരായ നമ്മുടെ പ്രജകളെ നമ്മുടെ സർവീസിൽ കഴിയുന്നതും പ്രവേശിപ്പിക്കണമെന്നും കൂടി നാം ആഗ്രഹിക്കുന്നു."

അമീറിൻെറ രാജധാനിയിൽ ഒരു മഹമ്മദൻ ഏജൻറിനെ നിയമിക്കുന്നതിൽ ഏതു തിരുമേനിയുടെ മന്ത്രിസഭ ഇത്ര ശത്രുതയോടെ അനുവർത്തിക്കുന്നതെന്തുകൊണ്ടാണ്.? സാലിസ്ബറിപ്രഭു അദ്ദേഹത്തിൻെറ ഡിസ്പാച്ചിൽ ഏജൻറിനെക്കുറിച്ച് ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "ബുദ്ധിയും ഉത്തരവാദിത്വബോധവുമുള്ള ഒരുവനാണ്." പക്ഷെ പ്രഭുവിന് അല്പമൊരു സംശയമുള്ളതിങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. "പാശ്ചാത്യസമുദായത്തിൻെറ തന്ത്രകുശലതയിൽ നാട്ടുകാരനായ ഒരു ഏജൻറിന് പരിപൂർണ്ണമായ ദർശനം സിദ്ധിച്ചിട്ടില്ല." അപേക്ഷിതമായ യോഗ്യത ഒരു നാട്ടുകാരനു സിദ്ധിച്ചിട്ടില്ലെങ്കിൽ അതിൻെറ അപരാധം അവനുള്ളതല്ല. പാശ്ചാത്യതന്ത്രകുശലതയിൽ വേണ്ടിടത്തോളം അഭ്യസനം നൽകാത്ത അപരാധം ഗവമ്മെണ്ടിൽ തന്നെ സ്ഥിതിചെയ്യുന്നു.

1833-ൽ മി: തോമസ് ബേബിങ്ടൻ (ലാർഡ് മക്കാളേ) ഹൗസ് ആഫ് കാമൺസിൽ വച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഇൻഡ്യാക്കാരെ അടിമകളാക്കി സൂക്ഷിക്കുന്നതിനാണോ നാമവരെ അജ്ഞരാക്കിയിരിക്കുന്നതു്?" 1853-ൽ മി: ജാൺബ്രൈററ് ഇങ്ങിനെ പറഞ്ഞിട്ടുണ്ട്. ഇൻഡ്യക്കാരുടെ വിദ്യാഭ്യാസത്തിനായി ഇതുവരെ ഒന്നും ഗവമ്മെണ്ടു ചെയ്തിട്ടില്ല. ഗവമ്മെണ്ടിൻെറ ലക്ഷ്യം ഇൻഡ്യാക്കാർ അടിമകളായി ജീവിക്കണമെന്നും അതിനാൽ ജ്ഞാനസമ്പാദനം ആവശ്യമില്ലെന്നുമത്രെ.

ഇൻഡ്യൻ ലാ കമീഷന്റേയും, വിദ്യാഭ്യാസ കൗൺസിലിന്റേയും പ്രസിഡണ്ടായിരുന്ന കാമറൺ 1853-ൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ആയിരത്തിഎണ്ണൂററിമ്പത്തിമൂന്നിലെ സ്റ്റാററ്യൂട്ടിൽ കമ്പനിയുടെ കീഴിലുള്ള എല്ലാ ഉദ്യോഗങ്ങളിലും ഇൻഡ്യാക്കാർ അവകാശികളാണു. കഴിഞ്ഞ ഈ ഇരുപതു കൊല്ലങ്ങൾക്കിടയിൽ സ്റ്റാററ്യൂട്ടിനു മുമ്പു കിട്ടിയിരുന്ന ഉദ്യോഗമല്ലാതെ മറെറാന്നുംതന്നെ സിദ്ധിച്ചില്ല. കമ്പനിക്കാർ നാട്ടുകാരെ ഉദ്യോഗയോഗ്യതയുള്ള വിദ്യാഭ്യാസം ചെയ്യിച്ചിരുന്നു എങ്കിൽ ഈ ആക്ഷേപം കൂടാതെ കഴിക്കാമായിരുന്നു. കമ്പനിക്കാരുടെ നടപടികളെ സൂക്ഷിക്കുന്നപക്ഷം അവർ അതിനു കൂടി പരാങ്മുഖരായിരുന്നു എന്നു കാണുന്നുണ്ട്.

കൽക്കട്ടാ മെഡിക്കൽകാളേജിൽ നിന്നു നാലുപേരെ അവരുടെ അഭ്യസനപൂർണ്ണതയ്ക്കു ഹാർഡിഞ്ച് പ്രഭുവിന്റെ അനുവാദത്തോടുകൂടി ലണ്ടനിലേക്കയച്ചു. കോർട്ട് ആഫ് ഡയറക്ടേഴ്സ് ഇതിനെ ആക്ഷേപിച്ചു.

(ജാൺബ്രയിററിന്റെ പ്രസംഗം Vol: 1 p. 22 Speech on India June 3,1853)

1875 നവംബർ 19-ൽ ലണ്ടനിൽ നിന്നയച്ച ഡിസ്പാച്ചിൽ സ്വാധികാരശക്തി പ്രയോഗിച്ച് സാലിസ്ബറി ഒരു നാട്ടുകാരനായ ഏജൻറിനെ മാററി ഒരു ബ്രിട്ടീഷ് ആഫീസറെ അഫ്ഗാനിസ്ഥാനിൽ പ്രതിഷ്ഠിച്ചു. ഈ ഉദ്ദേശത്തോടെ സാലിസ്ബറി ആപൽക്കരമായ ഒരു നയത്തെ സ്വീകരിപ്പാൻകൂടി ഉപദേശിച്ചു വൈസറായിക്ക് ഇങ്ങനെ എഴുതി:- നാമും അമീറും തമ്മിലുള്ള ബന്ധത്തെ തൃപ്തികരമാംവണ്ണം സ്ഥാപിക്കുന്നതിനുള്ള പ്രഥമപടം അമീറിന്റെ തലസ്ഥാനത്തു താല്ക്കാലികമായി ഒരു പ്രതിപുരുഷനെ സ്ഥാപിക്കണമെന്നു മാത്രമെയുള്ളു. സ്ഥിരമായ ഒരു നിയമനമെന്ന് തുറന്നു പ്രസ്താവിക്കേണ്ടതില്ല. നിസ്സാരമായ ചില സംഗതികളെ മാത്രം പ്രസ്താവിക്കുന്നതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങൾ അപരിമേയങ്ങളെന്നു നിങ്ങൾക്കു ആലോചിച്ചാൽ വിഷമം കൂടാതെ അറിയാം. തിരുമേനിയുടെ ഗവമ്മെണ്ടിനു വേണ്ടി ഞാൻ നിങ്ങളോടുപദേശിക്കുന്നു വല്ല ഒഴികഴിവും പറഞ്ഞു് അമാന്തിക്കാതെ ഉടനെ കാബൂളിലേയ്ക്കു ഈ സന്ദേശമയച്ച് അമീറിനെ സമ്മതിപ്പിക്കണം.

ഈ കടിലനയത്തിൽനിന്നും ഒഴിയുന്നതിനുവേണ്ടി നാത്ത്ബ്രൂക് ഒരു പ്രതിഷേധവും കൂടി തയാറാക്കി അയച്ചു. 1876 ജാനുവരി 28-ാം തീയതി ഫോർട്ട്വാല്യത്തിൽ നിന്നു ബ്രിട്ടീഷ്ഏജൻറിനെ കാബൂളിൽ

നിയമിക്കുന്നതിൻെറ അനൗചിത്യത്തേയും സ്വദേശിഏജൻറിൻെറ ത്രാണിയേയും അതിൽ വിശദീകരിച്ചിരുന്നു.

പ്രധാനസംഗതികളുടെ അറിവു നമ്മിൽനിന്നും മറച്ചിട്ടുണ്ടെന്നു പറവാൻ നമുക്ക് ഒരു ന്യായവുമില്ല. നേരേ മറിച്ച് അവിടത്തെ ആഭ്യന്തരകാൎയ്യങ്ങളെ അമീറിനെ കാണിക്കാതെ തന്നെ ഇങ്ങോട്ടയച്ചിട്ടുണ്ട്. ഇയ്യിടെ അയച്ച ഒരു ഡയറിയുടെ പരിശോധന ഈ പരമാൎത്ഥത്തെ നല്ലപോലെ തെളിയിക്കുന്നുണ്ട്. ഏജൻറിൻെറ കൎത്തവ്യങ്ങളിൽ ഒന്നിനുപോലും ലോപം വരാതെ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നു.

സാലിസ്ബറിയുടെ ആപല്ക്കരമായ ഉത്തരവിന് നാൎത്ത്ബ്രൂക് ഇങ്ങനെ ഒരു മറുപടി അയച്ചു. കാബൂളിലേയ്ക്കു് ഒരു സന്ദേശമയയ്ക്കുണമെങ്കിൽ അതിൽ നമ്മുടെ ഉദ്ദേശത്തെ അമീറിനോടു തുറന്നുപറയണം. അമീറും, അദ്ദേഹത്തിൻെറ ഉപദേഷ്ടാക്കളും ഗൗരവമുള്ള ഒന്നിൽ മാത്രമെ നാം സന്ദേശമയക്കു എന്നറിവാൻ മാത്രം ബുദ്ധിക്രമ്മതയുള്ളവരാണ്. നിസ്സാരസംഗതികൾക്കാണു നാമയക്കുന്നതെങ്കിൽ അവർ നമ്മെ വിശ്വസിക്കയില്ല. അപ്പോൾ ഗൗരവമേറിയ പ്രശ്നങ്ങളെക്കുറിച്ച് ഏജൻറിനു സംസാരിപ്പാൻ അമീർ ഇടകൊടുത്തില്ലെന്നും വന്നേക്കാം. അപ്പോൾ നമ്മിൽ അവൎക്കുള്ള വിശ്വാസത്തിനു ഭംഗവും വന്നേക്കാം. 1869-ൽ മേയോപ്രഭുവിൻെറ കാലത്തു് അംബാലാകാൺഫറൻസിൽ ഉണ്ടായ അനിഷ്ടസംഭവങ്ങളെ ഞങ്ങൾ ഇതിനുമുമ്പിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

നാൎത്ത്ബ്രൂക്കിൻേറയും അദ്ദേഹത്തിൻെറ സഹപ്രവൎത്തകരുടേയും സകല യുക്തിവാദങ്ങളും സെക്രട്ടറിയിലൊ പ്രധാനമന്ത്രിയായ ഡിസറേലിയിലൊ ഫലിച്ചില്ല. ഡിസറേലിയുടെ നയത്തെ മനസ്സാക്ഷിയോടെ അനുവൎത്തിപ്പാൻ സാദ്ധ്യമല്ലെന്നു കണ്ട നാൎത്ത്ബ്രൂക് വൈസറായിപദം രാജിവയ്ക്കുകയല്ലാതെ മറുപായമൊന്നും കണ്ടില്ല. അദ്ദേഹം അതു ചെയ്തു.

# സാഹിത്യത്തിൽ ശിശുക്കൾക്കുള്ള സ്ഥാനം.

(തുടർച്ച)

(ആർ. പത്മനാഭപിള്ള ബി. എ., ബി. എൽ.)

ഗ്രീക്കസാഹിത്യത്തിൽ ശിശുക്കളെ സംബന്ധിച്ചു പൊതുവെ ചില പ്രസ്താവനകളുണ്ടെങ്കിലും അവക്കു വലിയ പ്രാധാന്യം നൽകീട്ടുള്ളതായി കാണുന്നില്ല. ശൈശവത്തിന്റെ മഹനീയതയൊ, ശിശുജീവിതത്തിന്റെ രമണീയതയൊ, ആ ഗ്രീക്കസാഹിത്യകാരന്മാരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടില്ലെന്ന് അവരുടെ കൃതികളിൽ ശിശുക്കളെ സംബന്ധിച്ച സംഗതികളുടെ അഭാവം തന്നെ പ്രത്യക്ഷമാക്കുന്നുണ്ട്. സുപ്രസിദ്ധകവിയായ ഹോമറാൽ വിരചിതമായിട്ടുള്ള 'ഇലിയഡ്' എന്ന ഗ്രന്ഥം മുഴുവൻ പരിശോധിച്ചു നോക്കിയാൽ അതിൽ ആകെ ഒരു ശൈശവവർണ്ണന മാത്രമെ നമുക്കു കാണ്മാൻ സാധിക്കയുള്ളു. ഹെക്ടറും, ആൻഡ്രോമാക്കിയും തമ്മിൽ വിട്ടുപിരിയുന്ന സന്ദർഭത്തിൽ തന്റെ ധാത്രിയുടെ സമീപത്തു നില്ക്കുന്ന ശിശു, പിതാവിന്റെ പടച്ചട്ടയും തലപ്പാവും കണ്ടു ഭയവിഹ്വലനായി ചമയുന്നതാണ് ഈ ചിത്രം.

മെനലിയസ്സിന്റെ ദേഹത്തെ ലക്ഷ്യമാക്കി എയ്ത ഒരു ശരത്തെ അയാറം മാററുന്നത്, ഗാഢനിദ്രയിൽ ലയിച്ചിരിക്കുന്ന തന്റെ ശിശുവിനെ ഉപദ്രവിക്കാൻ പറന്നുവരുന്ന ഒരു ശലഭത്തെ അതിന്റെ മാതാവ് ഓടിച്ചുകളയുന്നതിനോടാണുപമിച്ചിരിക്കുന്നത്. മറെറാരവസരത്തിൽ, ട്രോജൻവംശക്കാരാൽ ആക്രമിയ്ക്കപ്പെട്ട അജാക്സിനെ, ഒരു കൂട്ടം കുട്ടികളാൽ ഹേമദണ്ഡം ചെയ്യപ്പെട്ട ഒരു ഗർദ്ദഭത്തോടാണ് കവി സാമ്യപ്പെടുത്തിയിരിക്കുന്നത്. രോദനം ചെയ്തുകൊണ്ടു മാതാവിന്റെ മാറത്തു കിടക്കുന്ന വസ്ത്രം പിടിച്ചുവലിക്കുന്ന ഒരു ബാലികയോട്, വിലപിയ്ക്കുന്ന തന്റെ ഒരു സ്നേഹിതനെ അച്ചിലീസ് താരതമ്യപ്പെടുത്തുന്നതാണ് മറെറാരു ചിത്രം.

പെഴ്സ്യൻയുദ്ധം കഴിഞ്ഞതിനു ശേഷം രചിതമായിട്ടുള്ള സാഫോക്ലീസിന്റെ ശോകപര്യവസായിയായ നാടകങ്ങളിൽ ശിശുക്കളോടുള്ള പെരുമാററത്തിനു പറയത്തക്ക ഒരു വ്യത്യാസം നാം കണ്ടുതുടങ്ങുന്നു. ഹെക്ടർ തന്റെ പുത്രനോടു യാത്രപറയുന്നതും, ഓഡിപ്പസ്സ് തന്റെ പുത്രികളോട് യാത്ര പറഞ്ഞു പിരിയുന്നതും തമ്മിൽ അജഗജാന്തരമുണ്ട്. ഹെക്ടറിന് മരണം ഒഴിച്ചുകൂടാൻ നിവ്വാഹമില്ലാത്തതും, ന്യായാന്യായത്തെ പ

ററി ചോദിക്കുന്നതിനവകാശമില്ലാത്തതുമായ പ്രകൃതിയുടെ ഒരു വിക്രിയ മാത്രമായിട്ടാണു തോന്നുന്നതു്. തന്റെ പുത്രനിൽ സ്വന്തം സ്വരൂപത്തെ ഹെക്ടർ പ്രത്യക്ഷമായി കാണുന്നു. നിരപരാധികളായ തന്റെ സന്താനങ്ങൾ അനുഭവിയ്ക്കേണ്ടതായ നിർഭാഗ്യവും ധർമ്മസങ്കടവുമായിട്ടാണ് ഓഡിപ്പസ മരണത്തെ കരുതുന്നതു്. ഗ്രീക്ക്സാഹിത്യകാരന്മാരാൽ വിരചിതമായിട്ടുള്ള നാടകങ്ങളിൽ ശിശുക്കളെ നമുക്ക് കാണുന്നതിനു സാധിക്കുമെങ്കിലും അവർ സംസാരിക്കുന്ന സന്ദർഭങ്ങൾ എത്രയോ ദുർല്ലഭങ്ങളാണ്. ഘോഷയാത്രകളിലും മററും അവർ പങ്കെടുക്കുന്നുണ്ടെങ്കിലും പ്രായേണ അവർ പ്രവൃത്തിശൂന്യരായിട്ടാണു കണ്ടുവരുന്നതു്. ശിശുക്കളുടെ വ്യക്തിമാഹാത്മ്യത്തെ പററി ഈ സാഹിത്യകാരന്മാർ വിശദമായി പ്രസ്താവിച്ചു കാണുന്നില്ല.

റോമൻസാഹിത്യത്തിലേയ്ക്കു കടന്നാൽ നമ്മുടെ ശ്രദ്ധയ്ക്കു് പ്രഥമമായി വിഷയീഭവിക്കുന്നതു് ഏനിഡ് (Aenid) എന്ന ഗ്രന്ഥമാകുന്നു. ഈ ഗ്രന്ഥത്തിലെ ഒരു പ്രധാന കഥാപാത്രം അസ്കേനിയസ് എന്ന ബാലനാണ്. പക്ഷെ ഏനിഡിന്റെ കുടുംബത്തിലെ ഒരു പ്രധാനയംഗം എന്ന നിലയിൽ മാത്രമെ ഈ ബാലൻ പരിശോഭിയ്ക്കുന്നുള്ളു. ഗ്രീക്കുസാഹിത്യത്തിലും റോമൻസാഹിത്യത്തിലും ദേവന്മാരുടെ ശൈശവകാലത്തെ കഥകൾ ധാരാളം കാണുന്നുണ്ടെങ്കിലും ഈ ചിത്രങ്ങൾ വളരെ അയഥാർത്ഥങ്ങളെന്നു പറയേണ്ടിയിരിക്കുന്നു. പ്രായംതികഞ്ഞ ദേവന്മാർക്കുള്ള സകല ഗുണങ്ങളും ശൈശവകാലത്തിൽതന്നെ ഇവർക്കുള്ളതായി ഈ കഥകളിൽ വിവരിച്ചു കാണുന്നതുകൊണ്ടാണ് ഇവിടെയുള്ള ശൈശവവർണ്ണനകൾ അയഥാർത്ഥങ്ങളെന്നു പ്രസ്താവിച്ചതു്. തെററോ ശരിയോ ഏതാണെന്നു തിരിച്ചറിവാൻ പാടില്ലാത്തതും വിവേചനാശക്തിയില്ലാത്തതുമായ ഒരു ശിശുവായിട്ടാണ് കാമദേവനെ ഇവിടെ വർണ്ണിച്ചിരിക്കുന്നതു്. ഗ്രീസിലെ ശിശുവിനേയും റോമൻശിശുവിനേയും താരതമ്യപ്പെടുത്തി നോക്കുന്നതായാൽ കലാനൈപുണ്യത്തിന്റെ ലാഞ്ഛന ഗ്രീക്കുശിശുവിലുണ്ടെങ്കിലും, കുടുംബാംഗമെന്ന നിലയിൽ ശോഭിക്കുന്ന റോമൻശിശുവിൽ, കൂടുതൽ ഓജസ്സും തേജസ്സും ഉന്മേഷവും കാണുന്നുണ്ടെന്നുള്ളതു് സമ്മതിക്കാതെ തരമില്ല.

ഹീബ്രുസാഹിത്യത്തിലും ശിശുക്കളെ അപൂർവ്വമായി മാത്രമെ കാണുന്നതിനു സാധിക്കയുള്ളു. ജോസഫ്, മോസസ്സ്, ഇഷ്മെയിൽ, സാമുവെൽ എന്നിവരെ കൂടാതെ രണ്ടുമൂന്നുപേരു മാത്രമെ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിയ്ക്കുന്നുള്ളു. കുടുംബത്തെ നിലനിർത്തുക, മാതാപിതാക്കന്മാരുടെ വരുതിയിൽ നില്ക്കുക, പുരുഷനായി ജനിച്ചാൽ കൂടുതൽ പ്രാമാണ്യതയ്ക്കർഹനാകുക ഇവകളായിരുന്നു ഹീബ്രുസാഹിത്യകാരന്മാരുടെ ശിശുക്ക

ളെ സംബന്ധിച്ചുള്ള പ്രധാനാശയങ്ങൾ. ഗ്രീക്ക്, റോമൻ മുതലായ സാഹിത്യങ്ങളെ അപേക്ഷിച്ച് ശിശുവിൻെറ ദൈവികമായ പ്രാധാന്യം ഹിബ്രുസാഹിത്യത്തിൽ കൂടുതലായി വിശദമാക്കിയിട്ടുണ്ട്.

'ന്യൂ ടെസ്റ്റമെൻറി'ൻെറ കാലമാകുമ്പോഴെയ്ക്കും ശിശുക്കളോടുള്ള പെരുമാററത്തിന് ഒരു പരിപൂർണ്ണമായ മാററം പ്രത്യക്ഷത്തിൽ കാണ്മാൻ കഴിയും. ജീസസ്സ് ക്രൈസ്റ്റിൻെറ തത്വോപദേശങ്ങളിൽ ശിശു ഒരു പ്രധാനചിഹ്നമായി പരിണമിച്ചു. ശിശുക്കളെ സംബന്ധിച്ച് ന്യൂ ടെസ്റ്റമെൻറിൽ പല ഭാഗങ്ങളിലും പ്രസ്താവിച്ചു കാണുന്നുണ്ട്. തൻെറ പന്ത്രണ്ടു ശിഷ്യന്മാരുടെ മദ്ധ്യത്തിൽ ഒരു ശിശുവിനെ നിറുത്തിയതിനു ശേഷം, വീണ്ടും ഒരു ശിശുവിനെപ്പോലെ ജീവിതമാരംഭിയ്ക്കുന്നതിന് ക്രിസ്തു അവരോടുപദേശിച്ചു. സ്വർഗ്ഗം ലഭിക്കണമെങ്കിൽ ഒരു ശിശുവിനെപ്പോലെ സത്യസന്ധതയും, ആശയും, ഭാവിയിൽ വിശ്വാസമുള്ളവനുമായിത്തീന്നാൽ മാത്രമെ സാധിക്കുകയുള്ളു എന്നദ്ദേഹം ലോകത്തോട് പ്രഖ്യാപനം ചെയ്തു. അദ്ദേഹത്തിൻെറ പ്രധാനശിഷ്യന്മാരുടെ ജീവചരിത്രം നോക്കുന്നതായാൽ, സ്വപ്നങ്ങൾ, ദർശനങ്ങൾ, അത്ഭുതകരമായ മററു സംഗതികൾ ഇവകളാൽ അവരുടെ ശൈശവകാലം സംഭവബഹുലമായിട്ടുള്ളവയാണെന്നുള്ളതും കാണ്മാൻ സാധിയ്ക്കുന്നതാണ്.

ജർമ്മൻസാഹിത്യകാരന്മാർ ശിശുവിനെ ഒരു കുടുംബാംഗമെന്ന നിലയിലെ പ്രായേണ ഗണിച്ചിരുന്നുള്ളു. വ്യക്തിപരമായ ഒരു പ്രാധാന്യം ശിശുവിന് അവർനൽകിയിരുന്നില്ലെന്ന് അവരുടെ സാഹിത്യഗ്രന്ഥങ്ങൾ വെളിവാക്കുന്നുണ്ട്. റിച്ച്ടർ, ഗീഥേ എന്നീ മഹാന്മാർ അവരുടെ സ്വന്തം ജീവചരിത്രങ്ങളെഴുതിയിട്ടുള്ളതിൽ ശൈശവത്തിന് ഒരു ഗണനീയമായ സ്ഥാനം കൊടുത്തിട്ടുണ്ട്. ശിശുവിദ്യാഭ്യാസത്തിനു വേണ്ടി പരിശ്രമിച്ച ഫ്രോബലിൻെറ നാമധേയവും ഇവിടെ സ്മരണീയമാണ്.

ഫ്രാൻസിലെ വിപ്ലവകാലത്തിനു മുമ്പ് അവിടത്തെ സാഹിത്യത്തിൽ ശിശുക്കൾക്ക് യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. 18-ാംശതാബ്ദത്തെ സംബന്ധിച്ചിടത്തോളം ഈ സംഗതി ഏറക്കുറെ വാസ്തവംതന്നെയായിരുന്നു. കാലയാപനം ചെയ്യുന്നതിന് പരാശ്രയം വേണ്ടിവന്ന ശിശുക്കളെ മാത്രം അവർ അനുകമ്പാപുരസ്സരം വീക്ഷിച്ചു. ലോകപ്രസിദ്ധനായ റൂസോ എഴുതിയ എമിലി (Emile) എന്ന ഗ്രന്ഥത്തിൻെറ ആവിർഭാവം ഫ്രഞ്ചുസാഹിത്യത്തിൽ ശിശുക്കളെ സംബന്ധിച്ചിടത്തോളം ഒരു നവീനകാലഘട്ടത്തെ കുറിയ്ക്കുന്നു. കാലത്തിൻെറ വിക്രിയകളിൽ നിന്നും വിശ്രമം നൽകി മനുഷ്യരെ ആഹ്ലാദചിത്തരാക്കുന്നതിനുള്ള ഒരു വസ്തുവായി

ട്ടാണ് ശിശുവിനെ ഇവിടെ വർണ്ണിച്ചിരിയ്ക്കുന്നത്. ഈ ഗ്രന്ഥം ഒരു നവയുഗത്തിൻെറ ആരംഭമാണെങ്കിലും എത്രയും അയഥാർത്ഥവും ക്ഷോഭജനകവുമായ ഒരു ചിത്രമാണ് നാം ഇവിടെ കാണുന്നതു്.

ലാമർട്ടിൻ, മിക്കലെററ്, ആൽഫ്രസ് ഡിമൂസററ് എന്നീ ഗ്രന്ഥകാരന്മാരും ശൈശവത്തിൻെറ മഹത്വത്തെപ്പററി അവരുടെ ഗ്രന്ഥങ്ങളിൽ വിശദമായി വിവരിച്ചിട്ടുണ്ട്. 'ശൈശവകവി' എന്ന അപരനാമത്താലറിയപ്പെടുന്ന വിക്ടർഹ്യൂഗോയും ശിശുക്കളെപ്പററിയും ശിശുക്കൾക്കു വേണ്ടിയും തന്മയത്വത്തോടുകൂടി പലതും എഴുതിയിട്ടുണ്ട്. ജർമ്മൻ സാഹിത്യകാരന്മാർ ശൈശവത്തിൻെറ ഗൗരവഭാഗത്തെ സാധാരണ രീതിയിലാണ് വർണ്ണിച്ചിട്ടുള്ളതെങ്കിൽ, ഫ്രഞ്ചുസാഹിത്യത്തിലെ ഗ്രന്ഥകാരന്മാർ ആ ജീവിതത്തിൻെറ മറുവശം എത്രയും മനോഹരമായും എന്നാൽ ക്ഷോഭജനകമായും ചിത്രീകരിച്ചിരിക്കുന്നു.

ഇംഗ്ലിഷുസാഹിത്യത്തിൽ നാം പ്രവേശിച്ചാൽ നമ്മുടെ അക്ഷികൾക്ക് ആദ്യമായി ലക്ഷീഭവിക്കുന്ന ശൈശവജീവിതവർണ്ണന ചാസറുടെ കാവ്യങ്ങളിലാണ്. ഇദ്ദേഹത്തിൻെറ ബാല്യദശാവർണ്ണന നമ്മെ സന്തോഷചിത്തരാക്കുന്നില്ല; നേരെ മറിച്ച് അതു നമ്മുടെ ഹൃദയത്തെ അനുകമ്പാപൂരിതമാക്കുന്നതേയുള്ളു. സ്പെൻസർ എന്ന മഹാൻ എഴുതിയിട്ടുള്ള 'ഫെയറിക്വീൻ' രണ്ടാംഭാഗത്തിൽ കാണുന്ന ശിശുവിൻെറ ചിത്രം ഭയങ്കരമാണെന്നേ പറയാൻ തരമുള്ളു.

കവികോകിലചക്രവർത്തിയായ ഷേക്സ്പിയരുടെ നാടകങ്ങളിലും അദ്ദേഹത്തിൻെറ ഇതരകാവ്യങ്ങളിലും ശിശുക്കളെ അപൂർവം സന്ദർഭങ്ങളിൽ മാത്രമെ നമുക്കു കാണ്മാൻ സാധിയ്ക്കുന്നുള്ളുവെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ ശൈശവവർണ്ണനകളിലെ പ്രഥമസ്ഥാനം അർഹിക്കുന്നതു് ആർതരുടേതു തന്നെയാണ്. 'റിച്ചേർഡ്' എന്ന നാടകത്തിൻെറ മൂന്നാംഭാഗത്തിൽ രാജകുമാരന്മാർ പ്രധാനകഥാപാത്രങ്ങളെങ്കിലും അവർ സംസാരിക്കാനുപയോഗിക്കുന്ന വാക്കുകൾ ശിശുക്കളുടേതല്ല. ഇദ്ദേഹം ചിത്രീകരിച്ചിട്ടുള്ള ശിശുക്കളിലാരുംതന്നെ 'ശിശു' എന്ന പദത്തെ അന്വർത്ഥമാക്കിയിട്ടില്ലെന്നു ഖേദപൂർവ്വം പറയാം. യഥാർത്ഥശൈശവത്തിൻെറ മഹനീയതയെപ്പററിയും രമ്യതയെപ്പററിയും ഈ കവിപുംഗവൻ ലോകത്തോടുപദേശിക്കാഞ്ഞതു പരിതാപകരം തന്നെ. സുപ്രസിദ്ധനായ മിൽട്ടൻെറ കവിതകളിലും ശിശുക്കൾക്കു ശരിയായ സ്ഥാനം ലഭിച്ചിട്ടില്ലെന്നുള്ളതും വക്തവ്യമാണ്.

ശൈശവത്തിൻെറ ശരിയായ വർണ്ണന നമ്മുടെ ദൃഷ്ടിയ്ക്കു് ആദ്യമായി ലക്ഷീഭവിയ്ക്കുന്നതു ഗോൾഡ്സ്മിത്തിൻേറയും, കൗപ്പറിൻേറയും ഗ്രന്ഥങ്ങളിലാണെങ്കിലും, വാസനാകവിയായ വേഡ്സ്വർത്തിൻെറ കവിതകളാ

ണ് ഈ വിഷയത്തിൽ സാരഥ്യം വഹിക്കുന്നത്. ഈ അനുഗ്രഹീതകവിയുടെ കാവ്യതല്ലജങ്ങളിൽ ശൈശവത്തെ ഒരു നൂതനരീതിയിൽ ചിത്രണം ചെയ്തിരിക്കുന്നു. "ആലിസ്ഫെൻ" എന്ന പദ്യത്തിൽ ഒരു ചെറുബാലികയുടെ കഷ്ടതകളെ (അവളുടെ മനസ്സുകൊണ്ടു കാണുന്നതുപോലെ) എത്രയും ഹൃദയാകർഷകമായും, തന്മയത്വത്തോടും കവി വർണ്ണിച്ചിരിക്കുന്നു. ശിശു, പ്രകൃതിവിലാസത്തിൻെറ ഒരംശവും, മനുഷ്യൻെറ പിതാവും, ദൈവികമായ ശക്തിയുടെ ഒരു പ്രതിനിധിയുമാണെന്നുള്ള തത്വത്രയം ഈ മഹാൻെറ കാവ്യങ്ങളിലെല്ലാം പ്രതിപാദിച്ചിട്ടുണ്ട്. "ദൈവമാകുന്ന ഭവനത്തെ വിട്ട്, കീർത്തിയാകുന്ന മേഘസഞ്ചയത്തെ തരണംചെയ്താണ് ശിശുക്കൾ ആഗതരാകുന്നതെന്ന്" ഈ കവി ഒരു സന്ദർഭത്തിൽ പാടിയിട്ടുള്ളതു ശൈശവത്തിൻെറ മഹനീയതയെ പ്രസ്പഷ്ടമാക്കുന്നുണ്ട്.

ആധുനികസാഹിത്യത്തിൽ ശിശുവിനു ഒരു പ്രത്യേകവ്യക്തിയെന്ന നിലയിൽത്തന്നെ പ്രാധാന്യവും പ്രാമാണ്യവും സിദ്ധിച്ചിട്ടുണ്ട്. പൂർണ്ണമായി വളർന്നുവന്ന ശിശു, സാഹിത്യത്തിൽ സ്ഥാനമുറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. സാഹിത്യകാരന്മാരുടെ ആധുനികവും അഭിനവവുമായ ഈ ചിന്താഗതിയ്ക്കു ഹേതുഭൂതൻ മഹാകവിയായ വേഡ്സ്വർത്ത് തന്നെയാകുന്നു. അദ്ദേഹത്തിൻെറ കാലം മുതൽക്കു കവിതകളിലും ഐതിഹ്യങ്ങളിലും ശിശുക്കൾ ഒരു പ്രധാനഭാഗം വഹിയ്ക്കുന്നുണ്ട്.

റോബർട്ട് ലൂയി സ്റ്റീവൻസൺ എന്ന സാഹിത്യകാരനും ദാക്ഷിണ്യമനോഭാവത്തോടുകൂടിയാണ് ശിശുക്കളെപ്പററിയും അവരുടെ ജീവിതരീതിയെപ്പററിയും വിമർശിച്ചിട്ടുള്ളത്. ശിശുജീവിതതത്വങ്ങൾ ഇന്നതെല്ലാമെന്ന് അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ചാറത്സ്ഡിക്കൻസിൻെറ ആഖ്യായികകളിൽ പ്രധാനകഥാനായകന്മാരായിട്ടു തന്നെയാണ് ശിശുക്കൾ പരിശോഭിക്കുന്നത്. ശിശുക്കളോടുള്ള മനോഭാവത്തിനു ഗുണകരമായ ഒരു മാററം വരുത്തുകയെന്നുള്ളതു തന്നെയായിരുന്നു ഈ മഹാൻെറ ജീവിതോദ്ദേശം. ഈ ശിശുക്കൾ ഇദ്ദേഹത്തിൻെറ ആദർശങ്ങളുടെ മാതൃകയായിട്ടാണ് വർണ്ണിക്കപ്പെട്ടിട്ടുള്ളതെന്ന സംഗതിയും പ്രസ്താവയോഗ്യമാകുന്നു. പാൾഡോംബിയെ ചിത്രീകരിക്കുന്നതു കാണാപ്പാഠം പഠിക്കുന്ന സമ്പ്രദായത്തെ ഉന്മൂലനാശം ചെയ്യുന്നതിനും, വ്യായാമത്തിൻെറ ആവശ്യകത പ്രസ്പഷ്ടമാക്കുന്നതിനുമാണെന്ന് ഈ ഗ്രന്ഥം പാരായണം ചെയ്തിട്ടുവർ സമ്മതിയ്ക്കാതിരിക്കയില്ല. ഇദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഡാക്ടർ സ്റ്റ്റാങ്ങിൻെറ (Dr: Strong) വിദ്യാലയം ഒരു ആധുനികവിദ്യാലയത്തിൻെറ മാതൃകയാകുന്നു. വിദ്യാഭ്യാസവിഷയത്തിൽ വളരെ പരിശ്രമിച്ചിട്ടുള്ള ഒരു ദേഹമാണ് ഡിക്കൻസ് എന്നുള്ളതും സ്മരണീയമാണ്.

അമേരിക്കൻസാഹിത്യത്തിൽ ശൈശവകാലത്തെപ്പററി പരാമർശിച്ചിട്ടുള്ള പ്രധാനസാഹിത്യകാരന്മാർ വിററിയർ, ലാംഗ് ഫെല്ലൊ, ഹാതാൺ, യൂജിൻഫീൽസ് എന്നിവരാണ്. വിററിയരുടെ കവിതയിൽ കാണുന്ന ശിശുജീവിതത്തെപ്പററിയുള്ള അഭിപ്രായങ്ങൾ ഒരു പ്രായപൂർത്തി വന്ന മനുഷ്യന്റേതാണ്. മനുഷ്യജീവിതത്തിൽനിന്നും വ്യത്യസ്ഥമായ ഒരു നില ശൈശവത്തിനദ്ദേഹം നൽകിയിട്ടില്ല.

'ശിശുക്കളുടെ കവി' എന്ന നാമത്താൽ അറിയപ്പെടുന്ന ലാംഗ് ഫെല്ലൊ ഈ പേരിനർഹനായത് ശിശുജീവിതത്തെപ്പററി ധാരാളം എഴുതിയിട്ടുള്ളതുകൊണ്ടാണെന്നു തോന്നുന്നില്ല. എന്നാൽ ശിശുക്കളുടെ ഒരു പ്രധാനഗുണമായ സ്വഭാവശുദ്ധി അദ്ദേഹത്തിനുള്ളതുകൊണ്ടു മാത്രമാണെന്നു വേണം വിചാരിപ്പാൻ.

ഹാതാൺ ശിശുക്കളെപ്പററി രചിച്ചിട്ടുള്ള രണ്ടു പുസ്തകങ്ങളും ശൈശവമാഹാത്മ്യം അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടെന്നു പ്രത്യക്ഷമാക്കുന്നവയാണ്. യൂജിൻഫിൽസും സ്റ്റീവൻസനെപ്പോലെ രസകരമായ പല ഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ട്.

സാഹിത്യസാമ്രാജ്യത്തിൽ ശിശുവിനു ശരിയായ സ്ഥാനം ലഭിക്കുന്നതിന് കാലദൈർഘ്യം വേണ്ടിവന്നെങ്കിലും ഈ ഫലപ്രാപ്തിയ്ക്കു കാരണഭൂതവും സഹായകരവുമായിരുന്നിട്ടുള്ളത് സന്തോഷപ്രദവും, ഉല്ലാസജനകവും, ആശാപൂരിതവുമായ ക്രിസ്തുമസ് മഹോത്സവം തന്നെയാണെന്നുള്ള സംഗതിയും നാം ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു.

# ഒരു നവീന പാഠക്കുറിപ്പ്.

(പി. ആർ. നീലകണ്ഠൻനായർ)

വിദ്യാർത്ഥികളെ ഒരേ തോതിൽ ഗണിച്ച് പ്രസംഗം കൊണ്ടും ഉരുക്കഴിച്ചും (കാണാപ്പാഠം പഠിപ്പിക്ക) അഭ്യസനം നടത്തുന്ന സമ്പ്രദായത്തെ ദൂരീകരിക്കേണ്ടതാണ്. കുട്ടികളെ പ്രത്യേകം ഓരോ വ്യക്തികളായി ഗണിച്ച് അവരുടെ സ്വാശ്രയശക്തിയെ വിനിയോഗിച്ചും, ബുദ്ധിയുടെ ഗതിവേഗം അനുസരിച്ചും ജ്ഞാനസമ്പാദനക്ഷമമായ ഒരു മാർഗ്ഗമാണ് പാഠക്കുറിപ്പ് എന്നിവിടെ വിവക്ഷിച്ചിരിക്കുന്നത്.

പാഠപുസ്തകങ്ങളെ വിശദീകരിച്ചു കൊടുക്കാതെ വിഭജിച്ചു കൊടുക്കുന്ന രീതികൊണ്ട് ഇതു സാധിക്കാം. വിദ്യാർത്ഥികളുടെ ആവശ്യത്തിന് അഭ്യാസങ്ങളും ചോദ്യങ്ങളും സൂചനകളും അടങ്ങിയ ഒരു പുസ്തകത്തിനും പാഠക്കുറിപ്പ് (പാഠവിഭജനം) എന്നു പറയാറുണ്ടല്ലൊ. ഒരു പാഠപുസ്തകത്തിനു വിഭജനം തയാറാക്കണമെന്നു നിശ്ചയിക്കുക. ആദ്യമായി അദ്ധ്യാപകൻ ആ പുസ്തകത്തെ അവധാനതയോടെ മുഴുവനും വായിക്കണം. സംവത്സരാവസാനത്തിൽ മന്ദബുദ്ധിയായ ഒരു വിദ്യാർത്ഥിക്കുപോലും പൂർണ്ണജ്ഞാനം സമ്പാദിക്കാവുന്ന പ്രധാനതത്വങ്ങളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കിവയ്ക്കുക. ഈ ലിസ്റ്റ് കഴിയുന്നതും ചുരുങ്ങിയിരിക്കണം. കഥാഗ്രഹണത്തിനൊ മററു വിജ്ഞാനത്തിനൊ ആവശ്യമില്ലാത്ത ഒററസംഗതിപോലും പുസ്തകത്തിൽ നിന്നു സ്വീകരിക്കരുത്. ഒരു സഞ്ചാരകഥയാണു നാം എടുത്തിരിക്കുന്നതെന്നു വിചാരിക്കുക. ആരാണീ സഞ്ചാരി,? എവിടേയ്ക്കു പോകുന്നു,? ഉദ്ദേശമെന്തു്?, സഞ്ചാരമാർഗ്ഗമേതു് ? എന്നല്ലാതെ സഞ്ചാരിയുടെ തറവാടേതു്?, സഞ്ചരിച്ച വാഹനത്തിൻെറ പേരെന്തു്,? എന്നാണു പുറപ്പെട്ടതു് ഇത്യാദി സംഗതികൾ ആവശ്യമുള്ളതല്ല. ബുദ്ധിമാന്മാരായ ചിലർ ഈ വിശേഷങ്ങളെല്ലാം ഓർത്തു എന്നു വരാം. പക്ഷെ പള്ളിക്കൂടം ഉപേക്ഷിക്കുന്ന കാലത്തേയ്ക്കു് അവർകൂടി ഇവ മറക്കുവാനാണെളുപ്പം.

പ്രധാനസംഗതികളെക്കുറിച്ചെഴുതിയ നോട്ടു പരിശോധിച്ച് ഉപേക്ഷിക്കേണ്ടവയെ തള്ളിക്കളയുക. ഇവയെ അദ്ധ്യായങ്ങളായും മാത്രയായും വിഭജിക്കുക. 'മാത്രാഹ്യഗ്നേ പ്രവർത്തികാ' എന്ന വൈദ്യവചനം അനുസരിച്ച് ഒരു മാത്രയ്ക്കു മന്ദനായ ഒരു കുട്ടിയുടെ ബുദ്ധിയ്ക്കു് ഒരു പീരിയഡിൽ പഠിക്കാവുന്ന ഭാഗമെന്നർത്ഥമാണ്. പാഠപുസ്തകത്തിലെ പ്രധാനസംഗതികൾ ഒരു കൊല്ലത്തിൽ ആകെ ഉള്ള സമയവും കുട്ടിയുടെ സ്ഥിതിയും കണക്കാക്കി വിഭജിക്കണം. ഈ സംഗതികളെ ലളിതഭാഷയിൽ ചോദ്യരൂപങ്ങളാക്കുക. ഈ ചോദ്യങ്ങളത്രെ ഓരോ മാത്രയുടേയും പീഠിക ആയിരിക്കേണ്ടതു്. പാഠപുസ്തകത്തിൽ നിന്നു് ഏതു സംഗതിയാണറിയേണ്ടതെന്നും വ്യക്തമായി തെളിയുന്നതാണ്.

ചോദ്യം ചെയ്തതിനു ശേഷം പുസ്തകത്തിൻെറ ഏതു ഭാഗമാണു വായിക്കേണ്ടതെന്നു സൂചിപ്പിക്കണം. ഇത്രാമത്തെ പുറം, ഇതുമുതൽ ഇതുവരെ, ഇത്രാമത്തെ ഖണ്ഡിക, എന്നിപ്രകാരം എഴുതിയാൽ മതിയാകുന്നതാണ്. താഴെ കാണുന്ന വാക്കുകളുടെ അർത്ഥം നിഘണ്ടുവിൽ നോക്കുക. ഒരു പക്ഷെ എഴുതിക്കൊടുത്താലും വിരോധമില്ല. ചില കഠിനഭാഗങ്ങൾ ലളിതഭാഷയിൽ വ്യാഖ്യാനിച്ചാലും വിരോധമില്ല. അടുത്തു നിർദ്ദിഷ്ടമാത്രയെ സംബന്ധിച്ചുള്ള അഭ്യാസങ്ങളായി. ഒരു ചിത്രം വരയ്ക്കുക,

ഒരു സ്കെച്ച്പടം ഉണ്ടാക്കുക, സ്കൂളിൽ ഉള്ള ഒരു ചിത്രം ശ്രദ്ധിച്ചു നോക്കുക, മററു ചില പുസ്തകം നോക്കുക, പ്രത്യേകം ചില സാധനങ്ങൾ സംഗ്രഹിക്കുക, ഗ്രഹിച്ച സംഗതികളെ പരിശോധിക്കുന്ന അഭ്യാസങ്ങളുമാകാം.

പക്ഷെ അതിനുപയോഗിക്കുന്ന സമയം കഴിയുന്നത്ര കുറഞ്ഞിരിക്കണം. പ്രധാനസംഗതികൾ സാധാരണ സ്റ്റാൻഡാർഡിനെ ആശ്രയിച്ചിരിക്കുന്നതാണ്. ഏതാണ്ടു മധ്യനിലയിൽ താഴെ കാണുന്ന ചോദ്യങ്ങൾ ഒരു മാത്രയിൽ ഉപയോഗിക്കാം.

സിവാജിയുടെ താമസസ്ഥലം ഇൻഡ്യയുടെ ഏതു ഭാഗത്താണ്? മഹാരാഷ്ട്രന്മാർ ഏതു മാതിരി സ്വഭാവമുള്ള ജനങ്ങളാണ്.?

സിവാജി അറംഗസീബ്ബിനെ എതിർക്കുവാൻ നിശ്ചയിച്ചതെന്തുകൊണ്ട്.?

ഈ യുദ്ധത്തിന് അദ്ദേഹമെങ്ങിനെ തയാറായി.?

ഈ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തുവാൻ കുട്ടികൾ വായിക്കേണ്ട ഭാഗം സൂചിപ്പിക്കണം. മഹാരാഷ്ട്രവും അതിനെ തൊട്ടുകിടക്കുന്ന മഹമ്മദൻപ്രവിശ്യകളും മാത്രം അടയാളപ്പെടുത്തി ഒരു ഇൻഡ്യാപടം ആവശ്യപ്പെടാം.

പരീക്ഷാചോദ്യങ്ങൾ താഴെ കാണുംവിധമായാൽ വിരോധമില്ല.

ബ്രാക്കററിനകത്തു കൊടുത്തിരിക്കുന്ന ഉത്തരങ്ങളിൽ നിന്നുചിതങ്ങളായവ കണ്ടുപിടിച്ചു നോട്ടുബുക്കിൽ കുറിക്കുക.

(a) സിവാജി താമസിച്ചു (ഹിമവാനിൽ, ഇൻഡോറിൽ, പശ്ചിമപർവ്വതത്തിൽ, മൈസൂരിൽ)

(b) പർവ്വതപ്രദേശത്തു താമസിക്കുന്നവർ സാധാരണ (ആരോഗ്യമില്ലാത്തവർ, ധൈര്യമുള്ളവർ, മടിയന്മാർ, ധനവാന്മാർ)

(c) സിവാജി അറംഗസീബ്ബിനോടു യുദ്ധം ചെയ്തതു് (സിവാജി യുദ്ധപ്രിയനാകകൊണ്ട്, അറംഗസീബ്ബിന്റെ സമ്പത്തിൽ അസൂയാലുവാകകൊണ്ട്, അറംഗസീബ് ഹിന്ദുക്കളോടു മര്യാദാഹീനമായി പെരുമാറിയതുകൊണ്ട്)

(d) സിവാജി യുദ്ധത്തിനൊരുങ്ങി (യുവജനങ്ങളെ ധീരന്മാരും യുദ്ധ

കശലന്മാരുമാക്കിത്തീർത്തു, ബ്രിട്ടീഷുകാരോട് സഖ്യം ചെയ്തു, എല്ലാ മഹമ്മദീയരേയും സ്വരാജ്യാതിർത്തിയിൽ നിന്നു ബഹിഷ്കരിച്ചു.)

(e) സ്വരാജ്യരക്ഷയ്ക്ക് അദ്ദേഹം (ഗ്രാമങ്ങൾക്കു ചുറ്റും കോട്ട കെട്ടിച്ചു, വിദേശസൈന്യത്തെ സഹായത്തിനു വരുത്തി, പർവ്വതപ്രദേശങ്ങളിലെല്ലാം കോട്ട കെട്ടിച്ചു.)

കുട്ടികളുടെ ആവശ്യത്തിന് അദ്ധ്യാപകൻ ഒരു പാഠപുസ്തകം എഴുതുകയായിരിക്കും ഈ കർമ്മമെന്നു ചിലർ പരിഹസിച്ചേക്കാം. ഏതാണ്ടങ്ങിനെയാണുതാനും. പക്ഷെ ചിരപരിചയംകൊണ്ട് ഇതു നിസ്സാരമായ ഒരു ജോലിയായിത്തീരും. കുട്ടികൾക്ക് ഇതിൽനിന്നു വലിയ ഗുണം സിദ്ധിപ്പാനവകാശമുണ്ട്. കുട്ടി അവൻെറ ഗതിക്കനുസരിച്ചു പഠിച്ചാൽ മതി; പഠിക്കാനാണ്, ഉരുവിടുവാനല്ല അവൻ ശീലിക്കുന്നതു്; സ്മരണയെ മാത്രം ആശ്രയിക്കാതെ ബുദ്ധി ഉപയോഗിച്ചു വിഷയജ്ഞാനം ഇതരഗ്രന്ഥം അപേക്ഷിച്ചും സമ്പാദിക്കും; അഭ്യസനത്തിൽ സ്വാശ്രയബുദ്ധി അവനിൽ അങ്കുരിക്കും.

ഈ വിഭജനക്കുറിപ്പ് എല്ലാ വിദ്യാർത്ഥികളുടെ കൈവശത്തിലും ഓരോന്നുണ്ടായിരിക്കണം. കല്ലച്ചുമൂലമൊ മററുപ്രകാരത്തിലൊ കുട്ടികൾക്കു കൊടുക്കാൻ സാധിക്കാത്തപക്ഷം കുട്ടികൾ പകർത്തിഎടുക്കട്ടെ കഴിയുന്നതും ആ ക്ലേശം പരിഹരിക്കേണ്ടതാണ്.

പാഠശാലാജീവിതം കഴിഞ്ഞാലും ഒരുവൻ ഓർമ്മിക്കത്തക്കവണ്ണം സംഗതികൾ അതു സംഗ്രഹിച്ചിരിക്കണം. അദ്ധ്യാപകൻെറ സഹായം കൂടാതെ തന്നെ വിഭജനക്കുറിപ്പു നോക്കിയാൽ കുട്ടിക്കു മനസ്സിലാകത്തക്കവണ്ണം കുറിപ്പിനു വളരെ തെളിവും ലഘുത്വവുമുണ്ടായിരിക്കണം. വിഭജനക്കുറിപ്പു പാഠപുസ്തകത്തിൻെറ സഹായിആയിരിക്കണം. ഓരോ മാത്രയിലും വായിക്കുന്നതിനു പുറമെ ക്രിയാപരമായ ഒന്നുകൂടി ഉണ്ടായിരിക്കണം. ഈ മാർഗ്ഗംകുട്ടികളെ ഗ്രന്ഥപാരായണത്തിനു താല്പര്യമുള്ളവരാക്കിത്തീർക്കും. അതിന് അന്യാപേക്ഷ ആവശ്യപ്പെടാതേയും ഇരിക്കും. പാഠശാലാജീവിതം അവസാനിച്ചാലും ജീവിതാവധി വിദ്യാർത്ഥിയായിരിപ്പാൻ ഒരുവനെ ഈ അഭ്യസനം സഹായിക്കും. ഒരു രാഷ്ട്രീയജനതയുടെ അഭിവൃദ്ധിപഥത്തിൽ ഈ ശീലത്തിൻെറ മഹിമ വിലതീരാത്തതാണ്. സ്വരാജ്യസമ്പാദനത്തിനു ശേഷവും ഇൻഡ്യയുടെ അഭിവൃദ്ധിയെ പ്രതിരോധിക്കുന്ന യാഥാസ്ഥിതികത്വത്തിനു വരൗഷധം ഗ്രന്ഥപാരായണമെന്നതു വിസ്മരിക്കത്തക്കതല്ല.

# * സ്വൎഗ്ഗമാൎഗ്ഗം.

(ജി. ശങ്കരക്കുറപ്പ്)

നാകം വശഗതമാക്കാൻ കൊതിക്കുകി-
ലേകതത്വം നീ ഹൃദിസ്ഥമാക്കീടുക!
താവകമാനസദൎപ്പണം മിന്നണം
പാവനമായിക്കളങ്കരഹിതമായ്.
വന്ദനം ചൊല്ലുക ഭാഗ്യൈകദേവത
മന്ദഹസിതസിതസുമം തൂകവേ:
കോപകുടിലമായാകിലാഭ്രൂലത
നീ പരിക്ഷീണക്ഷമനായ് ഭവിക്കൊലാ.
ആ പരിച്ഛാകിലോപാതകം നീക്ഷമാ-
യാചനംചെയ്യുക, നിന്നെത്യജിച്ചിടാ.
ഹാ, തന്റെ പൂൎവ്വപാപത്തെമൂടീടുവാൻ
നൂതനപാപപരമ്പരചെയ്യുകിൽ,
ആയവനെങ്ങിനെകൈവരുംതൽക്ഷമ-
യായമഹാധനം? ശ്രദ്ധാലുവായ്സദാ
സാനുശയം നീയിരിക്കുക, ദുഷ്ടരായ്-
ത്തന്നേപേക്ഷിക്കുക സംസൎഗ്ഗകൗതുകം.
നീയധൎമ്മത്തിന്റെ മാൎഗ്ഗം വെടിയുക.
പോയണയാം ദിവ്യലോകത്തിലെങ്കിലോ.

---

* From the Rose Garden of Persia.

# പുസ്തകാഭിപ്രായം.

## 1. 'ചിറവാ' രാജസ്വരൂപം.

ഗ്രന്ഥകൎത്താവ്:— ഡാക്ടർ പി. എം. നായർ, ചമ്പക്കുളം.

വില 6 അണ,

ചരിത്രം സ്വാഭിമാനത്തെ പുലൎത്തുന്നതിനു തക്കവണ്ണം അന്യന്മാർ എഴുതിയുണ്ടാക്കിയതു പാരായണം ചെയ്തും പഠിച്ചും അടിമത്വമനസ്ഥിതിയുള്ള എത്ര പേരാണ് അനാരാധ്യരെ ആകാശത്തോളം ഉയൎത്തി വാഴ്ത്തുന്നത്. എന്നാൽ ഈ കാലം പരമാൎത്ഥചരിത്രശകലങ്ങൾ വെളിപ്പെടുന്ന ഒന്നായി തീൎന്നിട്ടുണ്ട്. ഡാക്ടർ പി. എം. നായരുടെ ശ്രമഫലമായ ചിറവാരാജസ്വരൂപം എന്ന ഗ്രന്ഥം ഇതിനു ദൃഷ്ടാന്തവുമാണ്. ഐതിഹ്യങ്ങളേക്കാൾ പ്രാമാണ്യമില്ലാത്തവയെ ചരിത്രപരമാൎത്ഥമാക്കി വായനക്കാരെ വഴിതെററിച്ചാൽ അതു അപരാധമാണ്. ചരിത്രദൃഷ്ട്യാ വല്ല കുററവും പറയുന്നവരുണ്ടെങ്കിലും കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടെ ഐതിഹ്യപരമ്പര മലയാളത്തിന് ഒരു സമ്പത്തു തന്നെയാണ്. ഐതിഹ്യങ്ങൾ ശേഖരിച്ചു കൊടുക്കുകയാണാദ്യമായി ചെയ്യേണ്ടതു്. അനന്തരം ചരിത്രഗവേഷണം ചെയ്യുന്നതു് ഉത്തമമായിരിക്കും. ഏതായാലും മിസ്റ്റർ നായരുടെ അന്വേഷണബുദ്ധി അഭിനന്ദിക്കത്തക്കതുതന്നെയെങ്കിലും ചരിത്രം അതിന്റെ പരമാർത്ഥതയിൽ പരിപൂൎണ്ണമായി ശോഭിക്കുന്നുണ്ടോ എന്നു സംശയമാണ്. 'പ്രതസരിച്ചും യുദ്ധം ചെയ്തും രാജ്യരക്ഷാകൎത്തൃത്വത്തെ നശിപ്പിക്കുന്ന പലരാജ്യങ്ങളും' ഒരുവൻ പിടിച്ചടക്കിയാൽ ക്ഷേമത്തേക്കാൾ സ്വേഛാപ്രഭുത്വഭരണമാണ് അവിടെ നടക്കുക എന്നതത്വം മി: നായർ വിസ്മരിക്കയില്ലെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ഗ്രന്ഥകൎത്താവിന്റെ സകല വിജയത്തിനും പ്രാൎത്ഥിച്ചുകൊള്ളുന്നു.

## 2 സാഹിത്യ ദൎപ്പണം.

ഒന്നാംഭാഗം.

കൊച്ചി മലയാളഭാഷാപരിഷ്ക്കരണകമ്മററിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയതു്.

വില 1 രു. 8 ണ

മലയാളഭാഷയുടെവളൎച്ച സംസ്കൃതഭാഷയുടെ രക്ഷയിൽ ആണെന്നുള്ളതുകൊണ്ടും ഉരുവിട്ടു് പരീക്ഷാവിജയം സാധിക്കണമെന്ന കാലമാണി

ത്ത് എന്നതുകൊണ്ടും 'ദർപ്പണം മറിഞ്ഞാലും' ചോദ്യം അതിൽനിന്നായാൽ 'പ്രതിബിംബം മറിഞ്ഞു' പോകുവാനിടയില്ല. വളൎന്നുകൊണ്ടിരിക്കുന്ന ഒരുകാലത്തു അങ്കുശംകൊണ്ടുതടയുന്നതു ദോഷഹേതുകമോ ഫലശൂന്യമൊ ആകുവാനിടയുണ്ട്. മലയാളസാഹിത്യം പാശ്ചാത്യരീതിയെ അനുകരിച്ചും പ്രയാണംചെയ്യുന്ന ഈ കാലത്തു് ആര്യമതാനുയാനം അതിലംഘിക്കുന്നില്ലെ എന്നു സംശയിക്കുന്നു. ഏതായാലും മലയാളഭാഷയിൽ ശാസ്ത്രഗ്രന്ഥങ്ങളുടെ ആവിർഭാവം ആദരണീയമെന്നതിൽ രണ്ടുപക്ഷത്തിനവകാശമില്ല. ആംഗലസാഹിത്യശാസ്ത്രങ്ങളുംകൂടി ഭാഷാപരിഷ്കരണകമ്മറ്റിയുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുവാൻ ഭാഗ്യംവരട്ടെ. ഈവിധശ്രമങ്ങളുടെ സാഫല്യം ശോഭനമായി പരിണമിക്കുവാൻ ഞങ്ങൾ സർവാത്മനാ ആശംസിച്ചുകൊള്ളുന്നു.

## ഉദ്ധാരണങ്ങൾ.

### ബറോഡയിലെ വിദ്യാഭ്യാസം.

ബറോഡയിലെ കഴിഞ്ഞ വർഷത്തിലെ വിദ്യാഭ്യാസഭരണറിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നു. വിദ്യാഭ്യാസവിഷയത്തിൽ ഈ രാജ്യം അഭിവൃദ്ധിമാർഗ്ഗത്തിലൂടെ ചരിക്കുന്നു എന്നുള്ളതും ബ്രിട്ടീഷ് ഇൻഡ്യയേയും മറ്റു നാട്ടുരാജ്യങ്ങളേയും ജയിക്കുന്നു എന്നുള്ളതും അഭിനന്ദനീയം തന്നെ. വിദ്യാലയത്തിൽ പോകുവാൻ പ്രായമുള്ള ബാലന്മാരിൽ 91·9 ശതമാനവും ബാലികമാരിൽ 64·6 ശതമാനവും പാഠശാലകളിൽ ഹാജരായിരുന്നു എന്നു കാണുന്നുണ്ട്. ആകെയുള്ള ജനസംഖ്യ നോക്കുമ്പോൾ പാഠശാലകളിൽ പഠിക്കുന്ന അദ്ധ്യേതാക്കളുടെ സംഖ്യ 10·8 ശതമാനമാണ്. ഇതു ബ്രിട്ടീഷ്ഇൻഡ്യയേക്കാൾ കൂടുതലാണ്. കഴിഞ്ഞ വർഷത്തിൽ വിദ്യാഭ്യാസത്തിനായി ഗവമ്മെൻറ് 34 ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട്. ഇതു് മുൻവർഷത്തേക്കാൾ 9 ലക്ഷം കൂടുതലാകുന്നു. ഇതിൽനിന്നും വിദ്യാഭ്യാസത്തിനായി ചിലവാക്കുന്ന പണം ഒരിക്കലും വ്യർത്ഥമാകയില്ലെന്നു ഗവമ്മെൻറ് ധരിച്ചിട്ടുള്ളതായി തോന്നുന്നു.

### ബ്രിട്ടനിലെ ഭാരതീയവിദ്യാർത്ഥികൾ.

ഇൻഡ്യയിൽനിന്നും അനവധി യുവജനങ്ങൾ വിദ്യാഭ്യാസത്തിനാ

യി വിദേശങ്ങളിൽ പോയിട്ടുണ്ടല്ലോ. ബ്രിട്ടനിൽ തന്നെ ഏകദേശം രണ്ടായിരം പേർ പഠിക്കുന്നുണ്ട്. ഈയിടെ അവരുടെ ഒരു സമ്മേളനം നടന്നിരിക്കുന്നു. യൂറോപ്പിലെ മററുരാജ്യങ്ങളിൽ പഠിക്കുന്ന ഭാരതീയവിദ്യാർത്ഥികളുടെ പ്രതിനിധികളും ഈ യോഗത്തിൽ സന്നിഹിതരായിരുന്നു. ഗൗരവാവഹങ്ങളായ പല സംഗതികളും അവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു എന്നു സമ്മേളനനടപടികൾ തെളിയിക്കുന്നുണ്ട്. ലണ്ടനിലെ ഹൈകമ്മിഷണർ ആഫീസിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് നിറുത്തണമെന്നും അതിനായി ചിലവാക്കുന്ന പണം ഉന്നതവിദ്യാഭ്യാസം ചെയ്യുന്നവർക്ക് വിദ്യാർത്ഥിവേതനങ്ങളായി നൽകണമെന്നും അവർ ഒരു പ്രമേയം അംഗീകരിച്ചു. ഭാരതീയസർവ്വകലാശാലകളിൽ അദ്ധ്യയനം ദേശീയഭാഷകൾ മുഖേന നടത്തണമെന്നപേക്ഷിച്ചുകൊണ്ടും അവർ ഒരു പ്രമേയം അംഗീകരിച്ചു. ബ്രിട്ടനിലെ ചില വിദ്യാഭ്യാസസ്ഥാപനങ്ങളോടു ചേർന്നുള്ള വിദ്യാർത്ഥിമന്ദിരങ്ങളിൽ ഭാരതീയവിദ്യാർത്ഥികൾക്കു പ്രവേശനമില്ലാത്തതിൽ വ്യസനിക്കുകയും അതു നിറുത്തണമെന്നപേക്ഷിക്കുകയും ചെയ്തു. "ആഫീസേഴ്സ് ട്രെയിനിംഗ്കോർപ്സി"ൽ ഇൻഡ്യക്കാരെ ചേർക്കാത്തതിനെ പ്രതിഷേധിക്കുകയും ചേർക്കുന്നതിനായി ഇൻഡ്യാസിക്രട്ടറിയോടപേക്ഷിക്കുകയും ചെയ്തു. എല്ലാ വിദേശരാജ്യങ്ങളിലും പഠിക്കുന്ന ഭാരതീയവിദ്യാർത്ഥികളുടെ ഒരു സംയുക്തസംഘം സ്ഥാപിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളേയും സമ്മേളനം അംഗീകരിച്ചു. ഇങ്ങിനെ വിദേശങ്ങളിൽ പഠിക്കുന്ന നമ്മുടെ യുവജനങ്ങൾ ആണ്ടുതോറും യോഗം കൂടുകയും അവരെ സംബന്ധിക്കുന്ന വിഷയങ്ങളെപ്പററി ചിന്തിക്കുകയും ചെയ്യുന്നതു് ഉത്തമമാണെന്നുള്ളതിനു സംശയമില്ല.

പള്ളിക്കൂടത്തിനു പുറത്തുള്ള വഴക്ക്.

അദ്ധ്യാപകന്മാർക്കു കുട്ടികളെ ശിക്ഷിക്കുവാനുള്ള അധികാരത്തെ അംഗീകരിച്ചുകൊണ്ട് ഒരു ജഡ്ജി ഒരു കേസ്സിൻെറ വിധി പ്രസ്താവിച്ചതു് "ഹിന്ദു"വിൽ നിന്നും താഴെ ഉദ്ധരിക്കുന്നു.

മെയേഴ്സ് എന്നും പെറേററിയസ് എന്നും പേരുള്ള രണ്ടു വിദ്യാർത്ഥികൾ വിദ്യാലയത്തിൽ നിന്നും പോകുന്ന വഴിക്ക് 100 ഗജം അകലെവച്ചു ശണ്ഠകൂടി. ഒരു അദ്ധ്യാപിക ഇതു കാണുകയും പ്രധാനാദ്ധ്യാപകൻെറ അടുക്കൽ പോകുന്നതിന് ആജ്ഞാപിക്കയും ചെയ്തു. വിദ്യാർത്ഥികൾ അതു സമ്മതിച്ചില്ല. അദ്ധ്യാപിക വിവരം പ്രധാന അദ്ധ്യാപകനെ അറിയിക്കുകയും അദ്ദേഹത്തിൻെറ അന്വേഷണത്തിൽ അവർ ശണ്ഠകൂടിഎന്നും, അതിനുമുമ്പും വഴക്കുണ്ടാക്കിയിട്ടുണ്ടെന്നും, ശണ്ഠയ്ക്കുള്ള കാരണം സ്കൂളിനകത്തുനിന്നും ഉണ്ടായതാണെന്നും മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹം രണ്ടു കുട്ടികൾക്കും ആറടി വീതം ശിക്ഷ നൽകി.

ശിക്ഷയ്ക്കുള്ള കാരണം ശണ്ഠയാണ്. എന്നാൽ അനന്തരണ ക്കേട്ട കാണിച്ചു എന്നുള്ള വിവരം അദ്ദേഹം അടിക്കുന്നതിനു മുമ്പ് അവരെ ധരിപ്പിക്കുകയുണ്ടായി.

മെയേഴ്സ് എന്ന കുട്ടിയുടെ പിതാവ്, പള്ളിക്കൂടത്തിനു പുറത്തു വച്ചു ചെയ്ത കുററത്തിന് അധ്യാപകനു ശിക്ഷിക്കേണ്ട ആവശ്യമില്ലെന്നും, തന്റെ പിതാവിൻെറ അധികാരത്തെ അപഹരിക്കയാണെന്നും കാണിച്ചു മജിസ്ട്രേട്ടുകോടതിയിൽ ഒരു കേസ്സു കൊടുത്തു. അധ്യാപകൻ കുററക്കാരനെന്നു കണ്ടു മജിസ്ട്രേട്ട് ഒരു ചെറിയ പിഴയിട്ടു. അദ്ദേഹം അപ്പീൽ കൊടുത്തു.

മുൻവിവരിച്ച സംഗതികൾ പ്രസ്താവിച്ചതിനു ശേഷം അധ്യാപകൻ അസാന്മാർഗ്ഗികമായ യാതൊരു കുററവും ചെയ്തിട്ടില്ലെന്നും, അങ്ങിനെയുള്ള സ്ഥിതിഗതികളിൽ അദ്ദേഹത്തിനു ശിക്ഷിക്കുവാൻ അധികാരമുണ്ടോ എന്ന് നിയമദൃഷ്ട്യാ നോക്കേണ്ട ആവശ്യമെ ഉള്ളു എന്നും ജഡ്ജി പറഞ്ഞു. ജഡ്ജി നിയമം നോക്കി അധ്യാപകന് ആ അധികാരമുണ്ടെന്നു സ്ഥാപിച്ചു. അപ്പീൽ അനുവദിക്കുകയും ശിക്ഷ റദ്ദ് ചെയ്യുകയും ചെയ്തു.

## യുവചൈതന്യം.

ആന്ധ്രസർവ്വകലാശാലാവൈസ്ചാൻസലർ പ്രൊഫസർ സർ, എസ്സ്. രാധാകൃഷ്ണൻ കെ. ടി., എം. എ., ഐ. ഇ. എസ്സ്. അവർകൾ ലെക്നൊ സർവ്വകലാശാലയിൽ നടത്തിയ കാൺവൊക്കേഷൻ പ്രസംഗത്തിലെ ഒരു ഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്.

സർവ്വകലാശാലാഭ്യസനം ആവശ്യങ്ങൾ കാലെ അറിയുന്നതിന്നും പുതിയ സന്ദർഭങ്ങളോടു നേരിടുന്നതിന്നും നമ്മെ പ്രാപ്തരാക്കണമെങ്കിൽ പഴയ ആശയങ്ങളും പഴങ്കഥകളും അതിനെ കളങ്കപ്പെടുത്തുവാൻ അനുവദിച്ചുകൂട. വിദ്യാഭ്യാസം സിദ്ധിച്ച ഒരു മനുഷ്യൻ ഉറച്ച അന്ധവിശ്വാസങ്ങൾക്കടിമപ്പെട്ടവനല്ല; ആക്ഷേപാർഹങ്ങളായ ആശയങ്ങളുടെ പിടിയിൽ നിന്നും വിമുക്തനായിട്ടുള്ളവനാണ്. വിസ്മയബോധത്തേയും ജിജ്ഞാസാബോധത്തേയും അയാൾ സംരക്ഷിക്കുന്നു. അയാളുടെ മനസ്സ് നവീനവും പ്രവൃത്ത്യുന്മുഖവുമായിരിക്കും. പ്ലേറേറാവിൻെറ ടിമേയസ്സ് എന്ന ഗ്രന്ഥത്തിൽ വൃദ്ധനായ ഒരു ഈജിപ്ഷ്യൻ സന്യാസി ഇങ്ങിനെ പറഞ്ഞുകാണുന്നു. "സോളൻ, ഗ്രീക്കുകാരായ നിങ്ങൾ കുഞ്ഞുങ്ങളാണ്. ഗ്രീക്കുകാരനായ ഒരു വയസ്സനും ഉണ്ടായിരുന്നില്ല." അതിൻെറ അർത്ഥമെന്തെന്നു സോളൻ ചോദിച്ചു. "മാനസികമായി നിങ്ങൾ എല്ലാവരും ചെറുപ്പമാണ്. പഴങ്കഥകൾ നൾകിയിട്ടുള്ള ഒരു പഴയ അഭിപ്രായവും നിങ്ങളുടെ ഇടയിലില്ല. കാലപ്പഴക്കം ചെന്ന ഒരു ശാസ്ത്രവുമില്ല." എന്നായിരുന്നു മറുപടി. ഗ്രീക്കുകാരുടെ സ്വാതന്ത്ര്യചിന്തയെ നിയന്ത്രിക്കത്തക്കവണ്ണം

ഇതിഹാസങ്ങളോ മററു പഴയ ഗ്രന്ഥങ്ങളോ ഉണ്ടായിരുന്നില്ല. ഭൂതകാലം ഒരിക്കലും അവരെ ഉപദ്രവിച്ചിട്ടില്ല. "വിമർശരൂപിണിവിദ്യ" എന്ന സംസ്കൃതവാക്യത്തിലെയും ആശയം ഏകദേശം ഇതുതന്നെയാണ്. വിവേചനാബോധവും വിമർശനശീലവുമാണ് വിദ്യാഭ്യാസത്തിന്റെ സാരം. നടപ്പിലിരിക്കുന്നതെല്ലാം അങ്ങിനെതന്നെ വിശ്വസിക്കാത്തതോ, ചിന്താമാറ്റങ്ങളും ജീവിതമാറ്റങ്ങളും പ്രകൃതിയുടെ ഒരു ഭാഗമാണെന്നു വിശ്വസിക്കാത്തതോ ആയ ഒരു മനസ്സിനെയാണ് സർവ്വകലാശാല വളർത്തേണ്ടതു്. വളരാത്ത മനസ്സ് എപ്പോഴും സംശയിച്ചുകൊണ്ടിരിക്കും. പുതിയതുമായി നേരിടുന്നതിനുള്ള അതിന്റെ സാമർത്ഥ്യത്തിൽ അതിനു വിശ്വാസമുണ്ട്. പൊടിയില്ലാത്തവരും സ്വരക്ഷയെ നോക്കുന്നവരും, സുഖത്തെ നോക്കുന്നവരും ആപത്തുകളോടു മല്ലിടുവാൻ ധൈര്യമില്ലാത്തവരുമായ ഒരു കൂട്ടരെയാണ് സർവ്വകലാശാല സൃഷ്ടിക്കുന്നതെങ്കിൽ അതിന്റെ പ്രധാനകൃത്'ത്തിൽ പരാജയമാണു സംഭവിച്ചിട്ടുള്ളതു്. യുവജനങ്ങളെ ഭീരുക്കളും സ്വാർത്ഥരുമാക്കുകയും, അവരുടെ ആശയങ്ങളെ ദൃഢീകരിക്കയും സർഗ്ഗബുദ്ധിയെ മന്ദീഭവിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അതിന്റെ പ്രവൃത്തി പരാജയത്തിലായി. മുന്നോട്ടു ചരിക്കേണ്ടതു മനുഷ്യന്റെ ചുമതലയാണ്. അയാൾ ജന്മനാ പ്രവൃത്ത്യുന്മുഖനാണ്.

നമ്മുടെ യുവജനങ്ങൾ സ്വതന്ത്രചിന്തകന്മാരാണെന്നും അധികാരത്തിൽനിന്നും പഴങ്കഥകളിൽനിന്നും മോചനം ലഭിച്ചവരാണെന്നും തന്നത്താൻ നിയമങ്ങളും മതവും ഉണ്ടാക്കുന്നവരാണെന്നും വിചാരിക്കുന്നതു് സാധാരണയായ ഒരു വിഢിത്തമാണ്. അങ്ങിനെ വേണ്ടതായിരുന്നു എന്ന് ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ അങ്ങിനെ സംഭവിക്കുന്നില്ല. ഇന്നുള്ളവർ അദ്ധ്യാപകന്മാരുടേയും നേതാക്കന്മാരുടേയും അടിമകളാകുന്നു. പറയുന്നതെല്ലാം അവർ വിശ്വസിക്കും. ഭീരുത്വം, ബുദ്ധി ഉപയോഗിച്ചു ചിന്തിയ്ക്കുവാൻ അനുവദിക്കുന്നില്ല. മററുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നു. ഓരോ അദ്ധ്യാപകനേയും പുതുതായി കണ്ടുപിടിച്ച പ്രവാചകനായി സ്തുതിക്കുന്നു. അവക്ക് ന്യായബോധമില്ല. സ്വാർത്ഥത അവരുടെ കാഴ്ച കുറയ്ക്കുന്നു. ഭീരുത്വവും യാഥാസ്ഥിതികത്വവുമാണ് അവരുടെ രണ്ടു പ്രധാനശീലങ്ങൾ. അവ സമുദായത്തിന്റെ ഭയങ്കരവിപത്തുകളുമാണ്.